കീഴരിയൂർ ഗ്രാമപഞ്ചായത്ത്

# പതിനാലാം പഞ്ചവത്സര പദ്ധതി

# സ്റ്റാറ്റസ് റിപ്പോർട്ട്

## 2026-27

കീഴരിയൂർ ഗ്രാമപഞ്ചായത്ത്

# പതിനാലാം പഞ്ചവത്സര പദ്ധതി

ജനകീയാസൂത്രണം (2022-27)

# സ്റ്റാറ്റസ് റിപ്പോർട്ട്

(2026  ജനുവരിയിൽ പരിഷ്കരിച്ചത്)

# ആമുഖം

കീഴരിയൂർ ഗ്രാമ പഞ്ചായത്തിന്റെ പുതിയ ഭരണസമിതി ചുമതലയേറ്റതിന് ശേഷമുള്ള ആദ്യ വാർഷിക പദ്ധതി 2026-27 തയ്യാറാക്കുകയാണ്. കേരളത്തിൽ ശാസ്ത്ര സാങ്കേതിക മേഖലകളിൽ സാധ്യമായ വൈജ്ഞാനിക സമ്പത്തിനെ സാമൂഹ്യ ജീവിതത്തിന്റെ സമഗ്ര മേഖലകളിലും പ്രതിഫലിപ്പിക്കാനും, ഗ്രാമീണജീവിതത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാനും നമ്മൾ ലക്ഷ്യമിടുന്നു.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ മനുഷ്യരുടെയും സമഗ്രമായ വികാസവും, അടിസ്ഥാന സൗകര്യവിപുലീകരണവും ക്ഷേമവും ആരോഗ്യ പരിരക്ഷയും ഉറപ്പ് വരുത്തുകയെന്നത് നമ്മുടെലക്ഷ്യമാണ്. ഗ്രാമ പഞ്ചായത്തിലെ കർഷകരുടേയും കർഷക തൊഴിലാളികളുടേയും വരുമാന വർദ്ധന സാധ്യമാവുംവിധം ഉല്പാദന മേഖലയിൽ പുതിയൊരു ബദൽ നമ്മൾ ലക്ഷ്യമിടുന്നകൃഷി , മൃഗസംരക്ഷണം, ക്ഷീര വികസനം, ചെറുകിടവ്യവസായം തുടങ്ങിയ മേഖലകളിൽസ്വയം പര്യാപ്തത ഉറപ്പു വരുത്താൻ പുതിയ പദ്ധതികൾ ആവശ്യമാണ്.

സേവന മേഖലയിൽ സ്ത്രീകൾക്ക് തുല്യത ഉറപ്പ് വരുത്താനും, കുട്ടികൾ, വയോജനങ്ങൾ, ഭിന്ന ശേഷിക്കാർ , ലൈംഗിക ന്യൂനപക്ഷങ്ങൾ, കിടപ്പ് രോഗികൾ, അഗതികൾ നിരാലംബർ തുടങ്ങിയ മുഴുവൻ മനുഷ്യരേയും ചേർത്തു പിടിച്ചും ഉൾക്കൊണ്ടുകൊണ്ടും പുരോഗതിയിലേക്ക് നയിക്കുന്ന വ്യത്യസ്തവും നൂതനവുമായ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

അടിസ്ഥാന സൗകര്യ മേഖലകളിൽ പിന്നോക്ക മേഖലകളെ പൊതു ഗതാഗത സൗകര്യങ്ങളുമായി ബന്ധിപ്പിക്കാനുതകുന്ന റോഡുകൾ/ നടപ്പാതകൾ/ പാലങ്ങൾ മുതലായവക്കും മുൻതൂക്കം നല്കും.

ഓരോ വാർഡിലും മാതൃകാ റോസുകളുടെ നിർമ്മാണത്തിന് മുൻകയ്യെടുക്കും.

വിഭവ സ്രോതസുകൾ വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കും

തനത് വരുമാനം വർദ്ധിപ്പിക്കും.

കാർഷിക മേഖലയിൽ ചന്തകൾക്ക് തുടക്കം കുറിക്കും

കുടുംബ ജീവിതം ആരോഗ്യ പൂർണമാക്കാൻ പ്രീ-മേരിറ്റൽ കൗൺസിലിംഗ് ആരംഭിക്കും

പ്രാദേശിക തൊഴിൽ സാഹചര്യങ്ങൾ/അവസരങ്ങൾ മെച്ചപ്പെടുത്തും.പട്ടികജാതി മേഖലകളിൽ നഗറുകളുടെ അടിസ്ഥാന സൗകര്യം - ഗതാഗതം, കുടിവെള്ളം, തെരുവ് വിളക്ക് എന്നിവ മെച്ചപ്പെടുത്തും.

സദ്ഭരണം ഉറപ്പാക്കും. സേവനങ്ങളുടെ ഗുണമേന്മ കാര്യക്ഷമത, സമയക്രമം ഉറപ്പാക്കും. യുവജനക്ഷേമത്തിന് പദ്ധതികൾ, പരിഹാര ബോധനത്തിന് നടപടികൾ Nurturing Generation - സമഗ്ര വിദ്യാഭ്യാസ പദ്ധതി, മാലിന്യ സംസ്കരണ രംഗത്ത് മാതൃക ഗ്രാമം, എല്ലാവർക്കും ശുദ്ധജലം എന്നിവയെല്ലാം ഉറപ്പാക്കും.

ഈ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുമെന്ന ബോധ്യത്തോടെ ഈ പദ്ധതി രേഖ സമർപ്പിക്കുന്നു.

പ്രസിഡണ്ട്

കീഴരിയൂർ ഗ്രാമപഞ്ചായത്ത്

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കീഴരിയൂർ ഗ്രാമപഞ്ചായത്ത് |
| വാർഡുക ള് | : | 14 |
| ഉൾപ്പെട്ടിട്ടുള്ള വില്ലേജ് | : | കീഴരിയൂർ |
| ബ്ലോക്ക് | : | മേലടി |
| ജില്ല | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | പേരാമ്പ്ര |
| ലോകസഭാമണ്ഡലം | : | വടകര |
| വിസ്തീർണം | : | 13.69ച. കി. മീ |

## അതിരുകൾ

| | | |
|---|---|---|
| തെക്ക് | : | കൊയിലാണ്ടി മുനിസിപ്പാലിറ്റി |
| പടിഞ്ഞാറ് | : | അകലാപ്പുഴ |
| കിഴക്ക് | : | അരിക്കുളം ഗ്രാമപഞ്ചായത്ത് |
| വടക്ക് | : | തുറയൂർ, മേപ്പയൂർ ഗ്രാമപഞ്ചായത്ത് |

## ജനസംഖ്യ

| | | |
|---|---|---|
| ആകെ ജനസംഖ്യ | : | 15116 (2011 ലെ സെൻസസ്) |
| പുരുഷന്മാർ | : | 7061 |
| സ്ത്രീകൾ | : | 8055 |
| പട്ടികജാതി ആകെ | : | 1372 |

## ജനപ്രതിനിധികൾ

| | | |
|---|---|---|
| പാർലമെന്റ് അംഗം | : | ശ്രീ. ഷാഫി പറമ്പിൽ<br>(വടകര) |
| നിയമസഭാംഗം | : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(പേരാമ്പ്ര) |
| ജില്ലാ പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീമതി. ലത കെ പൊറ്റയിൽ<br>(അരിക്കുളം) |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | ശ്രീമതി. കെ കെ നിർമ്മല<br>(കീഴിരിയൂർ) |
| | : | ശ്രീ. കെ കെ വേലായുധൻ<br>(നടുവത്തൂർ) |
| | : | ശ്രീമതി. സുനിത ബാബു<br>(നമ്പ്രത്തുകര) |

## ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്



സുരേഷ് ബാബു

## സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ



സന്ധ്യ കുനിയിൽ
(ധനകാര്യം)



കെ.പി.ഭാസ്കരൻ
(വികസനം)



നിശാഗ
(ക്ഷേമകാര്യം)



സവിത
(ആരോഗ്യവും വിദ്യാഭ്യാസവും)

## ജനപ്രതിനിധികൾ



വിജില എരേമ്മൻകണ്ടി



ദീപ്തി നമ്പ്രോട്ടിൽ



പാറക്കീൽ അശോകൻ



രാധാകൃഷ്ണൻ



സുനിൽ പാണ്ട്യാടത്ത്



റൈഹാനത്



ടി.ടി.രാമചന്ദ്രൻ



രജിത.കെ.കെ



കുഞ്ഞബ്ദുള്ള

**ഭരണസമിതി അംഗങ്ങ ൾ**

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. സുരേഷ് ബാബു |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി. സന്ധ്യ കുനിയിൽ |

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി. സന്ധ്യ കുനിയിൽ |
| അംഗങ്ങള് | : | ശ്രീമതി. റൈഹാനത് |
| | : | ശ്രീ. രാധാകൃഷ്ണൻ |
| | : | ശ്രീ. അശോകൻ |

**വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർമാൻ | : | ശ്രീ. കെ പി ഭാസ്കരൻ |
| അംഗങ്ങൾ | : | ശ്രീമതി. വിജില സി |
| | : | ശ്രീ. കുഞ്ഞബ്ദുള്ള |

**ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി. നിശാഗ |
| അംഗങ്ങൾ | : | ശ്രീ. സുനിൽ പാണ്ട്യാടത്ത് |
| | : | ശ്രീമതി. രജിത. കെ. കെ |

**ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**

| | | |
|---|---|---|
| ചെയർപേഴ്സൺ | : | ശ്രീമതി. സവിത |
| അംഗങ്ങൾ | : | ശ്രീമതി. ദീപ്തി |
| | : | ശ്രീമതി. ടി ടി രാമചന്ദ്രൻ |
| **ഗ്രാമപഞ്ചായത്ത് സെക്രട്ടറി** | : | ശ്രീമതി. സുനിലകുമാരി കെ വി |

ഉള്ളടക്കം

1. പൊതുഭരണം, ധനകാര്യം ..........................................................
2. കൃഷിയും അനുബന്ധ മേഖലകളും............................................
3. പരിസ്ഥിതി ദുരന്തനിവാരണം ജൈവവൈവിധ്യം...................
4. മൃഗസംരക്ഷണം ക്ഷീരവികസനം...............................................................
5. പ്രാദേശിക സാമ്പത്തിക വികസനം.............................................
6. വനിതാവികസനം.......................................................................
7. ദാരിദ്ര്യലഘൂകരണം...................................................................
8. സാമൂഹ്യനീതി ..........................................................................
9. പൊതുമരാമത്ത്.........................................................................
10. കുടിവെള്ളം ശുചിത്വം.................................................................
11. പട്ടികജാതി വികസനം
12. വിദ്യാഭ്യാസം, കല സംസ്കാരം, യുവജനക്ഷേമം...................

ആരോഗ്യം.......................................................................................

# 1

# പൊതു ഭരണം, ധനകാര്യം

## അധ്യായം 1

### നിലവിലെ അവസ്ഥ

നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസും അനുബന്ധസ്ഥാപനങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ച് പേപ്പർ രഹിത കേന്ദ്രങ്ങളാക്കി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമപഞ്ചായത്തിന്റെയും അനുബന്ധസ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. .ജനങ്ങൾ ദൈനംദിന ആവശ്യങ്ങൾക്കായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഒരു ഓഫീസാണ് ഗ്രാമപഞ്ചായത്ത് ഓഫീസ് നാടിന്റെ വികസന തന്ത്രവും പരിപാടികളും ആസൂത്രണം ചെയ്യപ്പെടുന്ന കേന്ദ്രമെന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കാര്യക്ഷമത നിലവിലുള്ളതിൽ നിന്നും വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്.

**അടിസ്ഥാന വിവരങ്ങൾ**

**സ്ഥാപനങ്ങളും ജീവനക്കാരും**

| | സ്ഥിരം | താൽക്കാലികം | ആകെ |
|---|---|---|---|
| 1) ഗ്രാമപഞ്ചായത്ത് ഓഫീസ് | 12 | 8 കരാർ) | 20 |
| 2) കൃഷിഭവൻ | 5 | - | 5 |
| 3) വെറ്റിനറി ഹോസ്പിറ്റൽ | 3 | 1 | 4 |
| 4 )പ്രൈമറി ഹെൽത്ത് സെന്റർ | 13 | 2 | 15 |
| 5) ആയുർവ്വേദ ഹോസ്പിറ്റൽ | 2 | - | 2 |
| 6) ഹോമിയോ ആശുപത്രി | 3 | 1 | 4 |
| 7) അസിസ്റ്റന്റ് എഞ്ചിനീയർ | 3 | 2 | 5 |
| (എൽ.എസ്.ജി.ഡി) | | | |
| 9) വി.ഇ.ഒ കീഴരിയൂർ | 1 | - | 1 |
| 10) വി.ഇ.ഒ നടുവത്തൂർ | ഒഴിവ് | | |
| 11)ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1 | - | 1 |

**2026-26 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: കീഴരിയൂർ വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പൊതുഭരണം

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം | ഭൌതികം | സാമ്പത്തികം | ഭൌതികം | |
| 1 | 16 | പഞ്ചായത്ത് ഓഫീസിലേക്ക് യു പിഎസ് വാങ്ങൽ | NEW | GEN | 50000 | IT അധിഷ്ഠിത ഓഫീസ് പ്രവർത്തനം മുഴുവൻ സമയവും | 48000 | IT അധിഷ്ഠിത ഓഫീസ് പ്രവർത്തനം സമയബന്ധിത പ്രവർത്തനം | നടപ്പിലാക്കി |
| 2 | 3 | IKM ഗ്രാമപഞ്ചായത്ത് വിഹിതം | NEW | GEN | 66655 | | 66655 | സാങ്കേതിക സഹായം | നടപ്പിലാക്കി |
| 3 | 97 | SSK വിഹിതം | NEW | GEN | 300000 | LP,UP കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ അധ്യാപക ശാക്തീകരണം | 300000 | LP,UP കുട്ടികളുടെ പഠന നിലവാരം ഉയർത്തൽ അധ്യാപക ശാക്തീകരണം | നടപ്പിലായി |
| 4 | 147 | പഞ്ചായത്ത് ഓഫീസിലേക്ക് അലമാര വാങ്ങൽ | NEW | GEN | 80000 | മെച്ചപ്പെട്ട ഭൌതിക സാഹചര്യം | 0 | മെച്ചപ്പെട്ട ഭൌതിക സാഹചര്യം | നടപ്പിലാക്കി വരുന്നു |

## അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങളും, കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

### ഗ്രാമപഞ്ചായത്ത് ഓഫീസ്

ഗ്രാമപഞ്ചായത്ത് ഓഫീസിലെത്തുന്ന ജനങ്ങൾക്ക് തങ്ങളുടെ പ്രതിനിധിയെ എളുപ്പത്തില് കണ്ടെത്തുന്നതിനും പ്രസ്തുത പ്രതിനിധി ഗ്രാമപഞ്ചായത്തിലുണ്ടോ എന്നറിയുന്നതിനും ഇന്ന് കഴിയുന്നില്ല. ഗ്രാമപഞ്ചായത്ത് മെമ്പർമാർക്ക് ഇരിക്കാനുള്ള ഒരു പ്രത്യേക മുറി സജ്ജീകരിക്കേണ്ടതായിട്ടുണ്ട്.കൂടാതെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്കും പ്രത്യേക ഇരിപ്പിടങ്ങളും മുറികളും ഒരുക്കേണ്ടതുണ്ട്.

### ഇന്റർകോം സംവിധാനം

വിവിധ മുറികളിലുള്ള ജനപ്രതിനിധികൾക്കും സെക്രട്ടറിക്കും ജീവനക്കാർക്കും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വിവിധഭാഗത്തായുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്കും പരസ്പരം ബന്ധപ്പെടുന്നതിന് ഗ്രാമപഞ്ചായത്ത് ഓഫീസില് ഇന്റർകോം സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്.

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് കീഴരിയൂര് | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് പൊതുഭരണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പ്രശ്നത്തിന്റെ തീവ്രത | | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | ത്ദേശ ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിടം | ആധുനിക സൌകര്യങ്ങളോട് കൂടിയ ഓഫീസിന്റെ അപര്യാപ്തത | പഞ്ചായത്ത് | | ✓ | | സ്ഥലദൌർലഭ്യം | | | ✓ | ✓ |
| 2 | ആരോഗ്യ ഉപകേന്ദ്രം | സ്വന്തമായ കെട്ടിടം ഇല്ല | രണ്ടാം വാർഡ് | | ✓ | | സ്ഥലലഭ്യത, കെട്ടിടം നിർമ്മിക്കാനാവശ്യമായ പണം | ✓ | | ✓ | |
| 3 | ഘടക സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ വത്കരണം | ഘടക സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർ സൌകര്യമില്ലായ്മ | കീഴരിയൂരിലെ ഘടകസ്ഥാപനങ്ങൾ | □ | ✓ | | കമ്പ്യൂട്ടറിന്റെയും അനുബന്ധ സൌകര്യങ്ങളുടെയും ലഭ്യതക്കുറവ് | ✓ | ✓ | ✓ | |
| 4 | ഗ്രാമകേന്ദ്രങ്ങളുടെ ഭൌതിക സാഹചര്യങ്ങള് വർദ്ധിപ്പിക്കല് | ഗ്രാമകേന്ദ്രങ്ങളുടെ ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത | പത്താം വാർഡ് | ✓ | | | ഗ്രാമകേന്ദ്രങ്ങളുടെ അപര്യാപ്തത, നിലിവിലുള്ളതിന്റെ സൌകര്യമില്ലായ്മ | ✓ | | | |
| 5 | അങ്കണവാടി കെട്ടിടനിർമ്മാണം | ശിശുസൌഹൃദ അങ്കണവാടിയുടെ അപര്യാപ്തത | കീഴരിയൂർ പഞ്ചായ്തതിലെ സൌകര്യമില്ലാത്ത അങ്കണവാടി | | ✓ | | അങ്കണവാടികളുടെ സ്ഥല ലഭ്തക്കുറവ്, സൌകര്യക്കുറവ് | ✓ | ✓ | | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| വികസന പരിപ്രേക്ഷ്യം ഫോറം എ | | | | | | | | |
|---|---|---|---|---|---|---|---|---|
| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:പൊതുഭരണം | | | |
| ക്രമ നം. | മേഖല/ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | പഞ്ചായത്ത് ഓഫീസ് കെട്ടിടം | സൌകര്യപ്രദമായ പഞ്ചായത്ത് ഓഫീസ് സമുചയം | വേഗത്തിൽ സേവനം ലഭ്യമാക്കൽ | നിലവിൽ ഭാഗികം | നിലവിൽ ഭാഗികം | ജനസേവനം വേഗത,സുതാര്യം | വേഗത്തിലും സുതാര്യമാക്കും | സർക്കാര് സഹായത്തോടെ സ്ഥലവും കെട്ടിടവും കണ്ടെത്തൽ |
| 2 | ആരോഗ്യ ഉപകേന്ദ്രം | എല്ലാ വിഭാഗം ജനങ്ങൾക്കും ആരോഗ്യം | | നിലവിൽ പര്യാപ്തമായ നിലയിൽ ഉപകേന്ദ്രങ്ങളില്ല | | ആരോഗ്യസേവനം വേഗത്തിൽ ലഭ്യമാക്കുക | | ജനകീയ സഹായത്തിലും സർക്കാര് സഹായത്തിലും സ്ഥലം കണ്ടെത്തി കേന്ദ്രം സ്ഥാപിക്കുക |
| 3 | ഘടകസ്ഥാപനങ്ങളിൽകമ്പ്യൂട്ടർവൽകരണം | വേഗത്തിലും സുതാര്യമായും ജനങ്ങൾക്ക് സേവനം ലഭ്യമാക്കുക | | നിലവിൽ ഭാഗികമായി മാതൃക കമ്പ്യൂട്ടർ സേവനങ്ങൾ | നിലവിൽ ഭാഗികം | എല്ലാ ഘടക സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ വൽകരണം | എല്ലാ ഘടക സ്ഥാപനങ്ങളിലും കമ്പ്യൂട്ടർ | |
| 4 | ഗ്രാമകേന്ദ്രങ്ങളുടെ ഭൌതിക സൌകര്യംമെച്ചപ്പെടുത്തൽ | സേവനം വേഗത്തിലാക്കുക | വേഗത്തിൽ സേവനം ലഭ്യമാക്കൽ | നിലവിൽ രണ്ടു വാർഡില് സേവനകേന്ദ്രം | പര്യാപ്തമല്ല | എല്ലാ വാർഡുകളിലും കേന്ദ്രം സ്ഥാപിക്കൽ | എല്ലാ വാർഡുകളിലും കേന്ദ്രം സ്ഥാപിക്കുക | |
| 5 | അംഗൻവാടി കെട്ടിട നിർമ്മാണം | ശിശു സൌഹൃദമായ അംഗൻവാടിയും പരിസരവും സൃഷ്ടിക്കുക | | ഭാഗികമായ സൌകര്യങ്ങൾ | പര്യാപ്തമല്ല | സർക്കാര് സഹായത്തോടെ പദ്ധതി പൂർത്തീകരണം | സർക്കാര് സഹായത്തോടെ പദ്ധതി പൂർത്തീകരണം | |

# അധ്യായം 4

## സംയോജന സാധ്യതകൾ

ഗ്രാമപഞ്ചായത്തിലെ തനത് വിഭവ സ്രോതസ്സുകള്‍ അപര്യാപ്തമായ സാഹചര്യത്തില്‍ പൊതുഭരണ മേഖലയിലെ പ്രോജക്ടുകള് ഏറ്റെടുക്കുന്നതിന് സര്‍ക്കാര്‍, എം പി, എല്‍എല്‍എ ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത്, സംസ്ഥാനാവിഷ്കൃത പദ്ധതി എന്നീ സഹായങ്ങള്‍ ഉപയോഗപ്പെടുത്താവുന്നതാണ്.

# 2

# കൃഷിയും അനുബന്ധമേഖലകളും

# അധ്യായം-1

## നിലവിലെ അവസ്ഥ

ജനകീയ ആസൂത്രണം സമഗ്രമായി നടപ്പിലാക്കുന്നത് 1996 മുതലാണ്. 80 കളുടെ തുടക്കശേഷം നിലനിന്നിരുന്ന ഉദ്പ്പാദനമാന്ദ്യം,കാർഷിക തകർച്ച എന്നിവ നമ്മുടെ പഞ്ചായത്തിലും അനുഭവപ്പെട്ടു.കൃഷി ലാഭകരമല്ലെന്ന പൊതു അഭിപ്രായം കൂടി വന്നു.ധാന്യകൃഷിയിൽ നിന്നും നാണ്യവിളകളിലേക്കുള്ള മാറ്റം വേഗത്തിലായി.ജലസേചന സൌകര്യകുറവ്,കീടശല്യം,ഉത്പന്നങ്ങൾക്ക് വില ലഭിക്കായ്മ,സേവന മേഖലയിലേക്കുള്ള മാറ്റത്തിനായി എല്ലാവരുടെയും വ്യഗ്രത.അധ്വാനത്തോടുള്ള വിമുകത ,ഉപഭോക്തൃ സംസ്കാരത്തിന്റെ വ്യാപനം തുടങ്ങിയ കാരണങ്ങളാൽ കാർഷിക തകർച്ച വേഗത്തിലായി.കർഷക തൊഴിലാളികളിലേറെപേരും മറ്റു പലതൊഴില് രംഗത്തേക്കും മാറാന് തുടങ്ങി.പാർപ്പിടങ്ങളുടെ വർദ്ധന,റോഡുകളുടെ മറ്റും കേന്ദ്രീകൃത വികസനം എന്നിവ നമ്മുടെ പ്രദേശത്തേയും ഭൂമിയുടെ ഉപയോഗത്തിൽ വലിയ പരിവർത്തനമുണ്ടാക്കി ഇത് കൃഷികളുടെ പൊതുവായ കുറവിനു കാരണമായി.

കാർഷിക വൃത്തിയിൽ അധിഷ്ഠിതമാണ് കീഴരിയൂരിന്റെ സമ്പദ് വ്യവസ്ഥ. തെങ്ങ്,കവുങ്ങ്, കുരുമുളക്, നെല്ല്, പയറു-കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, വെറ്റില, റബർ, കശുവണ്ടി എന്നിവ മുഖ്യ കൃഷികളാണ്. കാലാകാലങ്ങളിലുണ്ടാവുന്ന വിപണി മാന്ദ്യവും മറ്റു പ്രതികൂലാവസ്ഥകളും ഈ മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും സുദീർഘമായ കാർഷിക വൃത്തിയുടെ പാരമ്പര്യത്തിൽ നിന്നും അനുഭവ സമ്പത്തും നാട്ടറിവുകളും സമാർജിച്ച കർഷക ജനത കീഴരിയൂരിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് ബലമേകുന്നു. കീഴരിയൂരിൽ തോട്ടകൃഷി വ്യാപകമായി ആരംഭിച്ചത് ചെറിയാൻ ജോർജ്ജ് എന്നയാളാണ്. പൊടിയാടി മേഖലയിൽ തെങ്ങിൻ തോട്ടവും മീറോട് മലയിൽ റബർ തോട്ടവും, കശുമാവിൻ തോട്ടവും ആരംഭിക്കുന്നത് ഇദ്ദേഹത്തിന്റെ കാലത്താണ്. അന്ധവിശ്വാസം മൂലം ആളുകൾ അവഗണിച്ച ഒരു പ്രദേശം വലിയൊരു തൊഴിൽ മേഖലയാക്കി മാറ്റുകയായിരുന്നു പൊടിയാടിയിൽ. മീറോട്മല, മാവട്ട്മല, ഇയ്യാലോൽമല, കീരംകുന്ന്, ഒറോക്കുന്ന് എന്നിവിടങ്ങളിൽ കശുമാവ് കൃഷിയാണ് മുഖ്യം. ഇപ്പോളതില് മാറ്റം വന്നിട്ടുണ്ട്.

കഴിഞ്ഞ പഞ്ചവത്സരപദ്ധതികളിൽ വളപ്രയോഗത്തിനും ജലസേചനത്തിനും ഊന്നൽ നൽകിയ വികസനപ്രവർത്തനങ്ങൾ മൂലം കാർഷിക വിളകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കാനായിട്ടുണ്ട്. ഇതോടൊപ്പം ഇടവിളയായി വാഴ, മഞ്ഞൾ, ഇഞ്ചി, ചേന തുടങ്ങിയ വിളകൾക്കും സഹായം നൽകിയതു മൂലം ഈ ഇനത്തിൽ കർഷകരുടെ വരുമാനം ഉയർത്താന് കഴിഞ്ഞിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ഉൽപ്പാദനച്ചെലവ് പരിഹരിക്കുന്നതിന് ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നാളികേരം സംഭരിച്ചും സംസ്കരിച്ചും വിപണി ഒരുക്കുന്നതിലേയ്ക്കും കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നെൽകൃഷിയെ സംബന്ധിച്ചിടത്തോളം നാൾക്കുനാൾ പൊതുവായി ഒരു താൽപര്യം ഉയർന്നു വരുന്നത് എന്നത് ഏറെ പ്രതീക്ഷാജനകമാണ്.

കാർഷിക മേഖലയുമായി ബന്ധപ്പെടുത്തി സുവ്യക്തമായ ഒരു കാഴ്ചപ്പാടോടു കൂടി സ്വയം പര്യാപ്തമായ ഒരു ഭക്ഷ്യഗ്രാമം എന്നതാണ് നമ്മുടെ പ്രഥമ ലക്ഷ്യം. നവകേരള മിഷനിലുൾപ്പെടുത്തിയിരിക്കുന്ന ഹരിതകേരളംപദ്ധതിയിലൂടെ ലക്ഷ്യപൂർത്തീകരണം നേടുന്നതിനുള്ള പ്രവർത്തനങ്ങളാണ് നമ്മൾ വിഭാവനം ചെയ്യുന്നത്. ഇതോടനുബന്ധിച്ച് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി തരിശു രഹിത ഗ്രാമം നമ്മൾ സൃഷ്ടിക്കും.

**2025-26 വാർഷിക പദ്ധതിയിൽ നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ**

തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്:കീഴരിയൂർ വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: കൃഷി

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം | ഭൌതികം | സാമ്പത്തികം | ഭൌതികം | |
| 1 | 79 | തെങ്ങ്കൃഷി പ്രോത്സാഹന പദ്ധതി | NEW | GEN | 680000 | തേങ്ങ ഉദ്പാദനം | 680000 | തേങ്ങ ഉദ്പാദനം | നടപ്പിലാക്കി |
| 2 | 77 | നെൽകൃഷി | NEW | GEN | 463000 | നെൽകൃഷി | 463000 | നെൽകൃഷി | നടപ്പിലാക്കി വരുന്നു |
| 3 | 73 | തരിശ് നെൽകൃഷി | NEW | GEN | 280000 | നെൽകൃഷി | 280000 | നെൽകൃഷി | നടപ്പിലാക്കി വരുന്നു |
| 4 | 74 | ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കൽ | NEW | GEN | 50000 | ജൈവവൈവിധ്യം | 50000 | ജൈവവൈവിധ്യം | നടപ്പിലാക്കി വരുന്നു |

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് കീഴരിയൂർ | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് കൃഷി | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ത്ദേശ ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാര് തലത്തിൽ | സർക്കാറിതര തലത്തിൽ |
| 1 | കൃഷി തെങ്ങ് | ഉൽപാദന ക്ഷമത കുറവ് | പഞ്ചായത്തിലെ മുഴുവൻ തെങ്ങ് കൃഷി സ്ഥലം | | ✓ | | ശാസ്ത്രീയ കൃഷിരീതി അവലംബിക്കാത്തത് | ✓ | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | നെല്ല് | നെല്ല് ഉൽപാദന കുറവ് | പഞ്ചായത്തിലെ കല്ലിട്ടൊടി പാടശേഖരം, ചെറുപുഴ, നായാടൻപുഴ | | ✓ | | പായൽ, നീരൊഴുക്കിന്റെ അഭാവം, ചളി കെട്ടിക്കിടക്കൽ, ജലനിർഗമന സംവിധാനത്തിന്റെ അഭാവം | ✓ | | ✓ | |
| 3 | സമഗ്ര ഇടവിള കൃഷി | ഗുണമേന്മയുള്ള വിത്തിന്റെ അഭാവം, വളം ലഭ്യതക്കുറവ് | പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങൾ | | ✓ | | ഗുണമേന്മയുള്ള വിത്ത്, വളം ലഭ്യതക്കുറവ് | ✓ | | | |
| 4 | നേന്ത്ര വാഴ കൃഷി | ശാസ്ത്രീയ കൃഷിരീതിയുടെ അഭാവം | 5 ഹെക്ടര് സ്ഥലത്ത് | ✓ | | | ശാസ്ത്രീയ നേന്ത്രവാഴകൃഷിയുടെ അഭാവം | ✓ | | | |
| 5 | കുരുമുളക് കൃഷി | അത്യുൽപാദന ശേഷിയുള്ള തൈകളുടെ ദൌർലഭ്യം | പഞ്ചായത്തിലെ ഇടനില പ്രദേശം | ✓ | | | അത്യുൽപാദന ശേഷിയുള്ള തൈകളുടെ അഭാവം | ✓ | | | |
| 6 | നെൽകൃഷി ഇൻഷുറൻസ് | നെൽകൃഷികർഷകരുടെ സാമ്പത്തിക സുരക്ഷ ഇല്ലായ്മ | പഞ്ചായത്തിലെ കൃഷി ഇടങ്ങള് | ✓ | | | കർഷകരുടെ സാമ്പത്തിക സുരക്ഷ ഇല്ലായ്മ | ✓ | | | |
| 7 | പച്ചക്കറി വിത്ത് വളം വിതരണം | ജൈവപച്ചക്കറി കൃഷിയുടെ അഭാവം | പഞ്ചായത്തിലെ പ്രദേശങ്ങൾ | ✓ | | | ജൈവ വിത്ത്, ജൈവവളങ്ങൾ എന്നിവയുടെ അഭാവം | ✓ | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 8 | മണ്ണ് പരിശോധന | ശാസ്ത്രീയ കൃഷിരീതി അവലംബിക്കാൻ പ്രയാസം | പഞ്ചായത്ത് പ്രദേശത്തെ മണ്ണ് | | ✓ | | മണ്ണ് പരിശോധനയുടെ അഭാവം | ✓ |
| 9 | വ്യത്യസ്ത കൃഷി മാവ് പ്ലാവ് റംബൂട്ടാൻ | ഹൈബ്രീഡ് വെറൈറ്റി ചെടികളുടെ അഭാവം | പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ | ✓ | | | നല്ലയിനം തൈകളുടെ ലഭ്യതക്കുറവ് | ✓ |
| 10 | കാർഷിക നഴ്സറി | നല്ലയിനം ചെടികളുടെ ദൌർലഭ്യം തെങ്ങ് കവുങ്ങ് പ്ലാവ്, മാവ് കശുമാവ് പേരക്ക് | പഞ്ചായത്തിലെ നഴ്സറിക്ക് പറ്റിയ സ്ഥലങ്ങൾ | ✓ | | | നല്ലയിനം തെങ്ങുകളുടെ ദൌർലഭ്യത | |
| 11 | കാർഷിക ചന്ത | കാർഷിക വിള വിറ്റഴിക്കുന്ന ചന്തയുടെ അപര്യാപ്തത | പഞ്ചായത്തിലെ പ്രദേശങ്ങൾ | ✓ | | | കാർഷിക ചന്തയുടെ അഭാവം | ✓ |
| 12 | കർമ്മ സേന അംഗങ്ങൾക്ക് പരിശീലനം | ശാസ്ത്രീയ പരിശീലനത്തിന്റെ അപര്യാപ്തത | പഞ്ചായത്തിലെ കർമ്മസേനാംഗങ്ങൾ | ✓ | | | കർമ്മസേനാംഗങ്ങളുടെ പരിശീലനക്കുറവ് | |

# അധ്യായം -3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| വികസന പരിപ്രേക്ഷ്യം | | | | | | | |
|---|---|---|---|---|---|---|---|
| തദ്ദേശഭരണസ്ഥാപനത്തിന്റ പേര്:കീഴരിയൂർ വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:കൃഷിയും അനുബന്ധ മേഖലയും | | | | | | | |
| ക്രമ നം. | മേഖല/ഉപ മേഖല | പരിപ്രേക്ഷ്യം( വികസന ലക്ഷ്യം) | സൂചിക | ഇപ്പോഴ ത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം(2023 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | തെങ്ങ് കൃഷി | ഉല്പാദനക്ഷമത വർധിപ്പിക്കല് | ഹെക്ടറിൽ 1 വർഷം 210 തേങ്ങ | ഹെക്ടറിൽ 1 വർഷം 21 തേങ്ങ | ഹെക്ടറിൽ 1 വർഷം 300 തേങ്ങ | ഹെക്ടറിൽ 1 വർഷം 275 തേങ്ങ | മണ്ണ് പരിശോധനയിൽ ശാസ്ത്രീയ പഠനത്തിലൂടെ മണ്ണിന്റെ അഭാവമൂലകങ്ങൾ ലഭ്യമാക്കുന്നു |
| 2 | നെല്ല് | നെല്ല് ഉൽപ്പാദനം വർപ്പിക്കല് | 30 ഹെക്ടർ | 30 ഹെക്ടർ | 70 ഹെക്ടർ | 60 ഹെക്ടർ | യന്ത്രവൽക്കരണവും അത്യുൽപ്പാദനശേഷിയുള്ള വിത്ത് വളം ലഭ്യമാക്കൽ |
| 3 | സമഗ്ര ഇടവിളകൃഷി | ഗുണമ്മേമയുള്ള വിത്തുപയോഗിച്ച് ഉൽപ്പാദനം വർധിപ്പിക്കല് | 25 ഹെക്ടര് | 25 ഹെക്ടര് | 40 ഹെക്ടര് | 30 ഹെക്ടര് | ശാസ്ത്രീയ കൃഷിരീതിയിലൂടെ ഗുണമേന്മയുള്ള വിത്തുപയോഗിച്ച് വളപ്രയോഗം നടത്തുക |
| 4 | നേന്ത്ര വാഴ | 5ഹെക്ടറിൽ ശാസ്ത്രീയ നേന്ത്രവാഴ കൃഷി | 5ഹെക്ടറിൽശാസ്ത്രീയ നേന്ത്രവാഴ കൃഷി | 5ഹെക്ടറിൽ നേന്ത്രവാഴ കൃഷി | 10 ഹെക്ടറില് ശാസ്ത്രീയ നേന്ത്രവാഴ കൃഷി | 8 ഹെക്ടർ | |
| 5 | കുരുമുളക് കൃഷി | 4 ഹെക്ടറില് കുരുമുളക് കൃഷി | 4ഹെക്ടറിൽ കുരുമുളക് കൃഷി | 4ഹെക്ടറിൽ കുരുമുളക് കൃഷി | 8ഹെക്ടറിൽ ശാസ്ത്രീയ കുരുമുളക് കൃഷി | 6 ഹെക്ടർ | അത്യുൽപ്പാദനശേഷിയുള്ള തൈകൾ ലഭ്യമാക്കി വളപ്രയോഗം |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | നെല്ല് കൃഷി ഇൻഷുറൻസ് | നെൽകൃഷി കർഷകരുടെ സാമ്പത്തിക സുരക്ഷ | നെൽകൃഷി പരിരക്ഷ | പരിരക്ഷ എല്ലാവർക്കും ലഭിക്കുന്നില്ല | എല്ലാ കർഷകർക്കും നെൽകൃഷി പരിരക്ഷ | നെൽകൃഷി പരിരക്ഷ | നെൽകൃഷി പരിരക്ഷ |
| 7 | പച്ചക്കറി വിത്ത്,വളം വിതരണം | പച്ചക്കറിയിൽ സ്വയംപര്യാപ്തത കൈവരിക്കൽ | സ്വയം പര്യാപ്തത മല്ല | പച്ചക്കറിയിൽ സ്വയം പര്യാപ്തത മല്ല | വിഷരഹിത പച്ചക്കറി ഉൽപ്പാദനത്തിലൂടെ സ്വയംപര്യാപ്തത | വിഷരഹിത പച്ചക്കറി ലഭ്യമാക്കൽ | ശാസ്ത്രീയ വളപ്രയോഗവും ജൈവകീടനാശിനി പ്രയോഗം |
| 8 | മണ്ണ് പരിശോധന | ശാസ്ത്രീയ കൃഷി വ്യാപിപ്പിക്കൽ | മണ്ണിന്റെ ശാസ്ത്രീയ ഉപയോഗം | പൂർമായി ശാസ്ത്രീയ രീതി അവലംബിച്ചിട്ടില്ല | ശാസ്ത്രീയ കൃഷി നടപ്പിലാക്കുക മണ്ണ് വിത്ത് വളം | ശാസ്ത്രീയ കൃഷി വ്യാപനം | മണ്ണ് പരിശോധനയിലൂടെ സൂക്ഷ്മമൂലകങ്ങളുടെയും അഭാവം പരിഹരിക്കുക |
| 9 | വ്യത്യസ്ത കൃഷികളെ പരിചയപ്പെടുത്തൽ | മാവ് ,പ്ലാവ്, പേര ,റംബൂട്ടാൻ-അത്യുൽപ്പാദന ശേഷി-ചെടി വളപ്രയോഗം | വ്യത്യസ്ത കൃഷി ശാസ്ത്രീയമായി നടപ്പിലാക്കുക | ഈ രീതിയിൽ വ്യത്യസ്ത രീതി പരിചയമില്ല | ശാസ്ത്രീയകൃഷി രീതി | ശാസ്ത്രീയകൃഷി രീതി | |
| 10 | കാർഷിക നഴ്സറി | കവുങ്ങ്, തെങ്ങ്, പ്ലാവ്, മാവ് ,പേരക്ക ,കശുമാവ് | ശാസ്ത്രീയ ഉൽപ്പാദനം സ്വന്തം ദേശത്ത് | നിലവിൽ ഇത്തരം നേഴ്സറി ഇല്ല | ശാസ്ത്രീയ നഴ്സറി | ശാസ്ത്രീയ നഴ്സറിയിൽ പരിചയപ്പെടൽ | |
| 11 | കാർഷിക വിള സംസ്കരണം | | | | | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | കാർഷിക ചന്ത | കർഷകരുടെ ഉൽപ്പന്നങ്ങളുടെ വിതരണം | ജൈവഉല്പന ങ്ങള് സ്വന്തം പ്രദേശത്ത് വിപണനം നടത്താൻ ഗ്രാമചന്ത | ചന്ത നിലവിലില്ല | ഉൽപ്പന്ന വിപണന ചന്ത | ഉൽപ്പന്ന വിപണനം | |
| 13 | കർമ്മസേന അംഗങ്ങ ൾക്ക് പരിശീലനം | ശാസ്ത്രീയ കൃഷി വികസനം | കാർഷിക ക്ഷമത വർധനവ് | കർമ്മസേന ഫലപ്രദമല്ല | കർമ്മസേന ഫലപ്രദമാക്കൽ | കർമ്മസേന പരിശീലനം | |

## അധ്യായം - 4

## സംയോജന സാധ്യതകൾ

1. നെൽകൃഷി വ്യാപനത്തിന് ബ്ലോക്ക്,ജില്ലാ,സംസ്ഥാന സമീപനം ആവശ്യമാണ്
2. നെൽകൃഷിയുടെയും അനുബന്ധ മേഖലകളുടെയും സ്വയംപര്യാപ്തതയില് എത്താൻ മെക്കനൈസേഷന് മിഷന്റെയും,കേരളസംസ്ഥാനഹരിതകർമ്മസേനയുടെയും സേവനം ആവശ്യമാണ്.
3. പച്ചക്കറി സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് ഹരിതകേരളമിഷനുമായി സംയോജിത പദ്ധതികൾ ആവശ്യമാണ്.
4. മികച്ച ഇനം നടീൽ വസ്തുക്കളുടെ നഴ്സറി ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പിലാക്കും
5. നേന്ത്രവാഴകൃഷിയുടെ ആധുനികവൽകരണത്തിന് തൃശ്ശൂര് കാർഷിക സർവ്വകലാശാലയുടെ സഹായം ആവശ്യമാണ്

# 3

# കാലാവസ്ഥാ വ്യതിയാനം, ജൈവവൈവിധ്യ മാനേജ്മെന്റ് പരിസ്ഥിതി സംരക്ഷണം ദുരന്തനിവാരണ

# അധ്യായം 1

## നിലവിലെ അവസ്ഥ

കാലാവസ്ഥാ വ്യതിയാനം ജൈവവൈവിധ്യ മാനേജ്മെന്റ് പരിസ്ഥിതി സരംക്ഷണം ദുരന്തനിവാരണം തുടങ്ങിയ വിഷയങ്ങൾ ജനകീയാസൂത്രണ പദ്ധതി നിലിവ് വരുന്നതിന് മുമ്പ് വേണ്ട രൂപത്തില് പരിഗണിച്ചിരുന്നില്ല. അത് കൊണ്ട് തന്നെ പല തരത്തിലുള്ള ബുദ്ധിമുട്ടുകൾ നമ്മുടെ പഞ്ചായത്തില് അനുഭവപ്പെട്ടു.

ജനകീയാസൂത്രണത്തിന്റെ ആരംഭ ഘട്ടത്തിലും ഗൌരവകരമായ ഇടപെടല് നടന്നില്ല എങ്കിലും നിപ, പ്രളയം കോവിഡ് തുടങ്ങിയ പ്രയാസങ്ങള് വന്ന ഘട്ടത്തിൽ ദുരന്തനിവാരണത്തിന്റെയും മറ്റും ആവശ്യകത ബലപ്പെട്ടു.

ഇതിന്റെ ഭാഗമായി വ്യത്യസ്ത പദ്ധതികളാണ് നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കിയത്. മുഴുവൻ വാർഡുകളിലും സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിച്ച് ആർആർടി ശക്തിപ്പെടുത്തി ദുരന്തനിവാരണത്തിനായി പഞ്ചായത്ത് തലത്തില് ഉദ്യോഗസ്ഥർ, ജനപ്രതിനിധികള് , സന്നദ്ധ പ്രവർത്തകര് എന്നിവരുടെ സമിതി രൂപീകരിച്ച് ക്വാറന്റെയിന് കേന്ദ്രങ്ങള് ആരംഭിച്ചു. ശ്രീ വാസുദേവാശ്രമ എച്ച് എസ് എസിൽ എഫ എല് സി ടി ആരംഭിച്ചു. കോവിഡ് കാലത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററുകൾ ആരംഭിച്ചു. അതിഥി തൊഴിലാളികൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തി. രോഗികളെ ആശുപത്രിയിലേക്കും തിരിച്ചും എത്തിക്കുന്നതിനായി ആംബുലൻസ് സൌകര്യം ഏർപ്പെടുത്തി. മുഴുവൻ ആളുകൾക്കും വാക്സിനേഷൻ നൽകുന്നതിന് വേണ്ടി വാർഡ് തലത്തിലും പ്രാദേശിക തലത്തിലും ക്യാമ്പുകൾക്ക് രൂപം നൽകി, 45, 60 വയസ്സിന് മുകളിലുള്ള മുഴുവൻ ആളുകൾക്കും പ്രതിരോധ കുത്തിവെപ്പ് നടത്തി, 18, 10 വയസ് വരെയുള്ള കുട്ടികളുടെ വാക്സിനേഷൻ പുരോഗമിക്കുന്നു. വിപുലമായ പുഴയോരവും തോടുകളും നിർച്ചാലുകളും കുന്നുകളും ഉള്ള ഒരു പ്രദേശമാണ് നമ്മുടേത്. എന്നാൽ പ്രകൃതി സംരക്ഷണത്തിനുതകുന്ന തരത്തിലുള്ളപദ്ധതികൾ ആദ്യഘട്ടത്തിൽ നടപ്പിലാക്കിയിട്ടില്ല എങ്കിലും 2013 മുതൽ ഗൌരവപരമായ ഇടപെടൽ നമ്മൾ നടത്തിയിട്ടുണ്ട്. അതിന്റെ ഫലമായ കോഴിക്കോട് ജില്ലക്ക് മാതൃക ആകുന്ന തലത്തില് ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കി. ഇക്കോ ടൂറിസത്തിന് ഉതകുന്ന തരത്തിലുള്ള പദ്ധതികള് നടപ്പിലാക്കുന്ന തരത്തിലുള്ള ഗൌരവപരമായ ആലോചനകള് ഇപ്പോള് നടക്കുന്നുണ്ട്.

വിലയിരുത്തൽ

കോയിത്തുമ്മൽ, പൊടിയാടി, പാറക്കടവ്, പട്ടാംപുറത്ത് താഴെ, ഞേറക്കൊടി ,നായാടൻപുഴ എന്നീ പ്രദേശങ്ങള് കാലവർഷം കനക്കുമ്പോള് വെള്ളം കയറുന്ന സ്ഥലങ്ങളാണ്. ഇവരെ പുനരധിവസിപ്പിക്കേണ്ടി വരുന്ന സന്ദർഭങ്ങളിൽ ആവശ്യമായ സൌകര്യം ഒരുക്കാൻ സ്കൂൾ കെട്ടിടങ്ങളാണ് ഉപയോഗപ്പെടുത്താറ്. ഇത് അപര്യാപ്തമാണ്.

മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ സമയങ്ങളിൽ 200 ഓളം വീട്ടുകാർ ബുദ്ധിമുട്ട് അനുഭവിക്കുന്നു. ദുരന്തനിവാരണ ടീം രൂപീകരിച്ചിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളെ നേരിടാനായി 269 അംഗങ്ങൾ ഉൾപ്പെട്ട ആർആർടി സേവനം ഇന്ന് ലഭ്യമാണ്.

**പ്രശ്നങ്ങൾ**

- ആർആർടി വളണ്ടിയർമാർക്ക് ഒൺലൈൻ പരിശീലനം മാത്രമേ ലഭിച്ചിട്ടുള്ളൂ.
- ആവശ്യമായ ഉപകരണങ്ങളുടെ അഭാവം
- ദുരന്തനിവാരണം ജൈവവൈവിധ്യ വിഭാഗങ്ങൾക്ക് ഓഫീസ് പ്രവർത്തന സൌകര്യമില്ലായ്മ
- പരിസ്ഥിത സംരക്ഷണ പദ്ധതികളുടെ കുറവ്
- വിദഗ്ദരുടെ അഭാവം

**സാധ്യത**

- ഫയർഫോഴ്സ്, പോലീസ്, ദുരന്തനിവാരണവകുപ്പ് എന്നിവരുടെ സഹായത്തോടെ പരിശീലനം.
- ജൈവവൈവിധ്യരജിസ്റ്റർ കാലികമാക്കൽ
- പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഓഫീസ് അനുബന്ധ സൌകര്യം എർപ്പെടുത്താം

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് കീഴരിയൂർ | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് പരിസ്ഥിത ദുരന്ത നിവാരണം ജൈവവൈവിധ്യം | | | | |
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങൾ എന്തെല്ലാം | | | |
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ത്ദേശ ഭരണ സ്ഥാപനത്തിൽ | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | കണ്ടൽകാട് സംരക്ഷണം | ഫലപ്രദമായ പുഴയോര സംരക്ഷണമില്ല | പഞ്ചായത്തിലെ പുഴയോരങ്ങൾ | ✓ | □ | | ഫലപ്രദമായ പുഴയോര സംരക്ഷണം | ✓ | | □ | |
| 2 | ദുരന്ത നിവാരണം ടീം രൂപീകരണം | അപകടങ്ങൾ, ദുരന്തങ്ങൾ എന്നിവയുള്ളിടങ്ങളിൽ ഫലപ്രദമായ ഇടപെടൽകുറവ് | പഞ്ചായത്ത് | ✓ | □ | | പരിശീലനത്തിന്റെയും ഉപകരണത്തിന്റെയും അപര്യാപ്തത | ✓ | | □ | |
| 3 | ജീവൻരക്ഷാ ഉപകരണങ്ങൾ | ജീവൻരക്ഷാ ഉപകരണങ്ങളുടെ അപര്യാപ്തത | പഞ്ചായത്ത് പ്രദേശം | ✓ | □ | | ജീവൻ രക്ഷാ ഉപകരണങ്ങൾ ലഭ്യമല്ല | ✓ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4 | ജൈവവൈവിധ്യരജിസ്റ്റർ പുതുക്കൽ | ജൈവവൈവിധ്യരജസിറ്റർ കാലോചിതമായ | പഞ്ചായത്ത് | ✓ | | | ജൈവവൈവിധ്യരജിസ്റ്റർ കാലികമല്ല | ✓ | | | | |
| | | പരിഷ്കരിച്ചിട്ടില്ല | | | | | | | | | | |
| 5 | പ്ലാസ്റ്റിക് വിമുക്ത കലാലയം | സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമല്ല | LP, UP, HS, HSS | ✓ | | | സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തവും വൃത്തിയുള്ളതുമല്ല | ✓ | | | | |
| 6 | തോടുകളുടെ നവീകരണം | കളങ്കോളി, മീൻതോട്, ആച്ചേരിതോട്, അനുബന്ധ തോട് ആഴം, വീതി കുറവ് | കളങ്കോളി ആച്ചേരിമീത്തൽ തോടുകൾ | □ | ✓ | | തോടുകൾ ആഴവും വീതിയും കുറഞ്ഞ് മാലിന്യങ്ങൾ കുമിഞ്ഞ് കൂടി. | ✓ | | | | |
| 7 | പുഴ സംരക്ഷണം | പുഴയിൽ ചളി, പായൽ, ചല്ലി എന്നിവ നിറഞ്ഞ്നാശോന്മുഖമാണ് | അകലാപ്പുഴ, ചെറുപുഴ, നായാടൻപുഴ | □ | ✓ | | പുഴ, ചളി, പായൽ എന്നിവ നിറഞ്ഞ് ഒഴുക്ക് നിന്ന് പോകുന്ന അവസ്ഥ | ✓ | | ✓ | | |
| 8 | ഗ്രീന്, ക്ലീന് കീഴരിയൂർ | പഞ്ചായത്തിലെ പൊതുസ്ഥലങ്ങൾ ശുചിത്വ പൂർണ്ണമല്ല | പഞ്ചായത്തിലെ ടൌൺ, പൊതു ഇടങ്ങൾ | ✓ | □ | | പൊതു ഇടങ്ങൾ വേണ്ടത്ര ശുചിത്വ പൂർണ്ണമല്ല | ✓ | | | | |
| 9 | പുഴയോര സർവ്വേ | പുഴയോട് ചേർന്ന് പൊതു ഇടങ്ങളുടെ കയ്യേറ്റം | പഞ്ചായത്തിലെ പുഴയോരങ്ങൾ | □ | ✓ | | പുഴയോരങ്ങളിൽ സ്വകാര്യ വ്യക്തികളുടെ കയ്യേറ്റം | ✓ | | ✓ | | |
| 10 | ഉത്തരവാദിത്വ ടൂറിസം | ഉത്തരവാദിത്വ ടൂറിസത്തിന്റെ അഭാവം | അകലാപ്പുഴ, ചെറുപുഴ | ✓ | | | ഉത്തരവാദിത്വ ടൂറിസം ഫലപ്രദമല്ല | ✓ | ✓ | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 11 | പച്ചത്തുരുത്ത്, മിയാവാക്കി | പരിസ്ഥിതി സംരക്ഷണത്തിൽ പച്ചത്തുരുത്തിൻറെ പ്രാധാന്യം | പഞ്ചായത്തിലെ പൊതു/സ്വകാര്യ സ്ഥലത്ത് | ✓ | | | പൊതു ഇടങ്ങളിൽ ഹരിത വൽക്കരണം നടന്നിട്ടില്ല് | ✓ | | | |
| | | തിരിച്ചറിയാതിരിക്കൽ | | | | | | | | | |
| 12 | കാവുകൾ സംരക്ഷണം | കാവുകളുടെ സംരക്ഷണം ഫലപ്രദമല്ല | കീഴരിയൂരിലെ കാവുകൾ | ✓ | | | കാവുകളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല | ✓ | | | |
| 13 | ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കൽ | തരിശ് ഭൂമിയിൽ ഫലവൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുന്ന പ്രവർത്തിയുടെ അഭാവം | പഞ്ചായത്തിലെ പൊതു/സ്വകാര്യ തരിശുഭൂമി | ✓ | | | ഇത്തരം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. | ✓ | | | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| വികസന പരിപ്രേക്ഷ്യം | | | | | | | | |
|---|---|---|---|---|---|---|---|---|
| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:പരിസ്ഥിതി ദുരന്തനിവാരണം ജൈവവൈവിധ്യം | | | |
| ക്രമ നം. | മേഖല/ഉപ മേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം(2032 ലെ ലക്ഷ്യം) | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ കണ്ടൽകാട് വെച്ചുപ്പിടിക്കൽ | പുഴയോര പരിസ്ഥിതി സൌഹൃദമാക്കൽ | | പുഴയോര സംരക്ഷണം വേണ്ടത്ര നടക്കുന്നില്ല | പുഴയോര സംരക്ഷണം ഫലപ്രദമല്ല | പരിസ്ഥിതി സൌഹൃദ പുഴയെര സംരക്ഷണം | പരിസ്ഥിതി സംരക്ഷണം | |
| 2 | ദുരന്ത നിവാരണ ടീം രൂപീകരണം | ദുരന്തങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യൽ | | ദുരന്തനിവാരണം ഫലപ്രദമല്ല | ദുരന്തനിവാരണം ഫലപ്രദമായില്ല | ഫലപ്രദമായ ദുരന്തനിവാരണം | ഫലപ്രദമായ ദുരന്തനിവാരണം | |
| 3 | ജീവൻ രക്ഷാഉപകരണങ്ങൾ | ഫലപ്രദമായ ദുരന്തനിവാരണ ഉപകരണങ്ങൾ സ്വായത്തമാക്കൽ | | ഫലപ്രദമല്ല | ആവശ്യമായ ഉപകരണങ്ങൾ ഇല്ല | ഫലപ്രദമായ ദുരന്തനിവാരണ ഉപകരണ ലഭ്യത ഉപയോഗം | ഫലപ്രദമായ ദുരന്തനിവാരണ ഉപകരണ ലഭ്യത ഉപയോഗം | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | ജൈവവൈവിധ്യ രജിസ്ട്രേഷൻ പുതുക്കൽ | ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കൽ | | ജൈവവൈവിധ്യ രജിസ്റ്റർ നിലവിലുണ്ട് | രജിസ്റ്റർ നിലവിലുണ്ട് | വിവരങ്ങൾ update ചെയ്ത് ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കൽ | ജൈവവൈവിധ്യ രജിസ്റ്റര് കാലികമാക്കൽ | |
| 5 | പ്ലാസ്റ്റിക്ക് വിമുക്ത കലാലയം | സ്ക്കൂളുകളും പരിസരവും പ്ലാസ്റ്റിക്ക് മുക്തമാക്കുക | | ഏകീകൃത രൂപത്തിൽ പ്ലാസ്റ്റിക്ക് നിർമ്മാണം നടത്തിയില്ല | ഏകീകൃത രൂപത്തിൽ പ്ലാസ്റ്റിക്ക് നിർമ്മാർജനം നടന്നില്ല | പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസ് | പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസ് | |
| 6 | തോടുകളുടെ നവീകരണം | കളങ്കോളിതോട് ,മീന്തോട് ആച്ചേരി തോട് അനുബന്ധ തോടുകൾ നവീകരണം | | നാശേൻ മുഖമായ തോടുകൾ | തോടുകൾ വീതിയും ആഴവും കുറഞ്ഞ് നാശോൻമുഖമാണ് | ആഴവും വീതിയും കൂട്ടി തോടുകൾ വീണ്ടെടുക്കുക | ആഴവും വീതിയും കൂട്ടി തോടുകള് വീണ്ടെടുക്കുക | |
| 7 | പുഴകളുടെ സംരക്ഷണം | ചെറുപുഴ അകലാപുഴ നായാടൻപുഴ സംരക്ഷണം | | പുഴകൾ പായൽ ചളി എന്നിവ നിറഞ്ഞ ഒഴുക്ക് തടസ്സപ്പെട്ടഅവസ്ഥ | പുഴകൾ പായല് ചളി നിറഞ്ഞ് നിന്ന അവസ്ഥ | പുഴകൾ വീണ്ടെടുക്കൽ | പുഴകൾ പായല് ചളി നീക്കം ചെയ്ത് വീണ്ടെടുക്കുക | ഗവൺമെന്റ് fund ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കുക |
| 8 | ഗ്രീൻ ക്ലീൻ കീഴരിയൂർ | കീഴരിയൂരിലെ പൊതുഇടങ്ങൾ ടൌണുകളിലെ കടഎന്നിവ വൃത്തയുള്ളതും മനോഹരവും ആക്കുക | | വേണ്ടത്ര ശുചിത്വ പൂർണമല്ല | വേണ്ടത്ര ശുചിത്വ പൂർണമല്ല | അങ്ങാടികൾ പൊതു ഇടങ്ങൾ വൃത്തിയുള്ളതും പ്ലാസ്റ്റിക്ക് വിമുക്തവും മനോഹരവുമാക്കുക | അങ്ങാടികൾ പൊതു ഇടങ്ങൾ വൃത്തിയുള്ളതും പ്ലാസ്റ്റിക്ക് വിമുക്തവും മനോഹരവുമാക്കുക | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | പുഴയോര സർവ്വേ | കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് പുഴ വീണ്ടെടുക്കുക( അകലാപുഴ, ചെറുപുഴ) | | നിലവിൽ പുഴകൾ കയേറ്റത്തിന് വിധേയമാക്കൽ | പുഴകൾ കയേറ്റത്തിന് വിധേയമാണ് | ജലസംരക്ഷണം പുഴ വീണ്ടെടുക്കൽ കൃഷി വ്യാപനം കണ്ടൽകാട് വൽകരണം | ജലസംരക്ഷണം പുഴസംരക്ഷണം | |
| 10 | ഉത്തരവാദിത്വ ടൂറിസം | പ്രദേശവാസികൾക്ക് തൊഴില് ലഭ്യമാക്കുന്ന വിധം ബോട്ട് ഉൾപ്പെടെ ലഭ്യമാക്കി ടൂറിസം ത്തിന് പ്രയോജനമാക്കുക | | നിലവിൽ ടൂറിസം പദ്ധതി പ്രയോജനപ്രദമല്ല | നിലവിൽ ടൂറിസം പദ്ധതി പ്രയോജനപ്രദമല്ല | ഉത്തരവാദിത്വ ടൂറിസം പ്രാദേശിക തൊഴിൽ ലഭ്യത | പ്രദേശിക തൊഴിൽ ലഭ്യത | |
| 11 | പച്ചത്തുരുത്ത് മിയോവാക്കി | സ്വകാര്യ വ്യക്തികളുടെ കുറഞ്ഞ സ്ഥലത്ത് എളുപ്പത്തിൽ പച്ചത്തുരുത്ത് നിർമ്മാണം | | നിലവിലില്ല | നിലവിലില്ല | സ്വകാര്യ വ്യക്തികളുടെ കുറഞ്ഞ സ്ഥലത്ത് ഹരിത വൽക്കരണം | കുറഞ്ഞ സ്ഥലങ്ങളിൽ ഹരിതവൽക്കരണം | |
| 12 | കാവ് സംരക്ഷണം | ക്ഷേത്രങ്ങൾ പൊതുഇടങ്ങൾ ഹരിതവൽകരണം | | നിലവിലില്ല | നിലവിലില്ല | ക്ഷേത്രങ്ങൾ പൊതുകാവുകൾ ഹരിതവൽക്കരണം | കാവുകളുടെ ഹരിതവൽക്കരണം | |
| 13 | ഫലവൃക്ഷം വെച്ചുപ്പിടിപ്പിക്കൽ | തരിശായ സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് ഫലവൃക്ഷ തൈകൾ വെച്ചുപ്പിടിപ്പിക്കുക | | നിലവിൽ തരിശുനിലം ഉപയോഗപ്രദമാക്കിയിട്ടില്ല | നിലവിൽ തരിശുനിലം ഉപയോഗപ്രദമാക്കിയിട്ടില്ല | തരിശു നിലങ്ങൾ ഹരിതാഭമാക്കി കർഷകന് വരുമാനം ലഭ്യമാക്കുക | തരിശുനിലങ്ങള് ഹരിതാഭമാക്കുക | |

## അധ്യായം 4

## സംയോജന സാധ്യതകൾ

സംസ്ഥാന സർക്കാര്, എം പി ഫണ്ടുകൾ ഉപയോഗപ്പെടുത്തി പദ്ധതികള് ആവിഷ്കരിക്കൽ, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് പദ്ധതികൾ ഉപയോഗിച്ച് പുഴയോരത്ത് കണ്ടൽക്കാടും മറ്റ് സുരക്ഷാ ഭിത്തികളും നിർമ്മിക്കുക, തീരദേശ ബേ സർക്കാര് പദ്ധതിയില് ഉൾപ്പെടുത്തുക.

# 4.

# മൃഗസംരക്ഷണം ക്ഷീരവികസനം

# അധ്യായം-1

## നിലവിലുള്ള അവസ്ഥ

കീഴരിയൂർ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും സ്വന്തം നിലക്കാണ് പശുക്കളേയും മറ്റും വളർത്തിയിരുന്നതും പരിപാലിച്ച് പോന്നതും.അതുകൊണ്ട് തന്നെ പാലും അനുബന്ധ ഉല്പന്നങ്ങളും വേണ്ടത്ര ഉല്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല.എന്നാൽ ജനകീയാസ്ത്രൂണ പ്രസ്ഥാനത്തിന്റെ ഫലമായി കൂടുതല് ക്ഷീരകർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കാന് കഴിഞ്ഞു.ഓരോ സാമ്പത്തിക വർഷത്തിലും വ്യത്യസ്ത പദ്ധതികള് ആവിഷികരിച്ച് ക്ഷീരമേഖലയില് വലിയ മാറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞു.ഇപ്പോൾ 3 ക്ഷീരസംഘവും ഒരു സബ്ബ്സെന്ററിലുമായി 300 ഓളം കർഷകര് ഈ മേഖലയില് പ്രവർത്തിക്കുന്നു.1400 ലിറ്റർ പാല് ഉല്പാദനവും നടക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

- കർഷകർക്ക് വേണ്ടത്ര വരുമാനം ലഭ്യമല്ല.
- കാലിത്തീറ്റ വൈക്കോൽ എന്നിവയുടെ വിലക്കയറ്റം
- നല്ലയിനം കറവപശുക്കളുടെ ലഭ്യതകുറവ്
- ശാസ്ത്രീയമായ പരിപാലന പദ്ധതികളുടെ അജ്ഞത
- അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കാത്ത അവസ്ഥ
- നമ്പ്രത്ത്കര-നടേരി ഭാഗങ്ങളിൽ ഉള്ളവർക്ക് മൃഗാശുപത്രി സബ്ബ്സെന്റര് ഇല്ലാത്തതിന്റെ കുറവ്
- പദ്ധതികൾ പദ്ധതിലക്ഷ്യത്തിനനുസരിച്ച് ഉപയോഗപ്പെടുത്താതിരിക്കാന്
- മൃഗാശുപത്രിയുടെ സൌകര്യകുറവ്
- കോഴികൃഷിയോടുള്ള ജനങ്ങളുടെ വിമുഖത
- മാർക്കറ്റ് കണ്ടെത്താനുള്ള പ്രയാസം
- നവീന മഠത്തിൽതാഴെ പ്രദേശങ്ങളില് സൊസൈറ്റി ഇല്ലാത്തത്

### സാധ്യത

- നല്ലയിനം കറവപശുക്കളെയും കോഴികുഞ്ഞുങ്ങളെയും വിവിധ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുക
- ആവശ്യമായ ഇൻഷൂറൻസ് പരിരക്ഷ നൽകുക

- യു.പി.സ്ക്കൂൾ,ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് മുട്ടകോഴി വളർത്തല് പ്രോത്സാഹിപ്പിക്കുക
- മഠത്തിൽതാഴ-നവീന പ്രദേശത്ത് സൊസൈറ്റി സ്ഥാപിക്കുക
- തരിശ് ഭൂമികളില് തീറ്റപുല് വളർത്തല്
- മൃഗാശുപത്രികൾ ആധുനികവൽകരിക്കുക

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് | | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:മൃഗസംരക്ഷണവും,ക്ഷീര വികസനവും | | | |
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങള് / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ത്ദേശ ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാറിതര തലത്തിൽ |
| 1 | കന്നുകാലി ഇൻഷുറൻസ് | മുഴുവൻ കന്നുകാലികളെ പദ്ധതിയിൽ ഉൾപ്പെടുത്താന് കഴിഞ്ഞിട്ടില്ല | പഞ്ചായത്ത് പ്രദേശം | ✓ | | | മുഴുവൻ കന്നുകാലികൾക്കും ഇൻഷുറൻസ് കവറേജ് ലഭ്യമായിട്ടില്ല | ✓ | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | പോത്ത്,ആട്, കന്നുകുട്ടി,പരിപാലനവും വിതരണവും | പോത്ത് ആട് കന്നുകുട്ടി ലഭ്യത കുറവ് | പഞ്ചായത്ത് പ്രദേശം | ✓ | | | പോത്ത് ആട് കന്നുകുട്ടി ലഭ്യത പരിഹരിച്ച് വിപണി ഭ്യമാക്കുക | ✓ | | | |
| 3 | വന്ധ്യത നിവാരണ ക്യാമ്പ് | മികച്ചയിനം വളർത്ത് മൃഗങ്ങളുടെ ദൌർലഭ്യം | പഞ്ചായത്ത് പ്രദേശം | ✓ | | | മികച്ചയിനം വർത്തു മൃഗങ്ങളുടെ ലഭ്യത ഉറപ്പാക്കുക | ✓ | | | |
| 4 | സ്ക്കൂൾ കുട്ടികൾക്ക് കോഴി വളർത്തല് | നിലവിൽ പദ്ധതി എല്ലാ കുട്ടികളിലും എത്തിക്കാൻ കഴിഞ്ഞിട്ടില്ല | പഞ്ചായത്ത് പ്രദേശം | ✓ | | | ഇപ്പോൾ പദ്ധതി മുഴുവൻ നടപ്പാക്കിയിട്ടില്ല | ✓ | | | |
| 5 | തലശ്ശേരി കോഴി നാടൻ മുട്ട ഉൽപ്പാദനം | | പഞ്ചായത്ത് പ്രദേശം | ✓ | | | തലശ്ശേരി കോഴി ലഭ്യതകുറവ് | ✓ | | | |
| 6 | പശുവളർത്തൽ സംഘ കൃഷി | സംഘകൃഷി വിപുലമായതോതിൽ നടപ്പാക്കിയിട്ടില്ല | പഞ്ചായത്ത് പ്രദേശം | ✓ | | | താൽപ്പര്യമുള്ളവരെ കണ്ടെത്തി പ്രോത്സാഹനം നൽകുക | ✓ | ✓ | | |
| 7 | ക്ഷീര സംഘങ്ങൾക്ക് മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണം | | പഞ്ചായത്ത് പ്രദേശം | ✓ | | | പാലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള ആധുനിക സൌകര്യങ്ങളുടെ അപര്യാപ്തത | ✓ | ✓ | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 8 | വീടുകളിൽ കോഴി വളർത്തല് | മികച്ചയിനം കോഴി കുഞ്ഞുങ്ങളെ ലഭ്യതകുറവ് | പഞ്ചായത്ത് പ്രദേശം | ✓ | | | മികച്ചയിനം കോഴികളുടെ ലഭ്യതകുറവ് മരുന്ന് വിതരണത്തിന്റെ അപര്യാപ്തത | ✓ | | | |
| 9 | ഉൾനാടന് മത്സ്യകൃഷി | കുളങ്ങൾ തോടുകൾ വയലുകൾ പുഴ എന്നിവ മത്സ്യകൃഷിക്ക് വേണ്ടി അനുയോജ്യമാക്കിയില്ല | പഞ്ചായത്ത് പ്രദേശം | ✓ | | | ശാസ്ത്രീയമായ തോതിലുള്ള ഉൾനാടന് മത്സ്യകൃഷിയുടെ അപര്യാപ്തത | ✓ | | | |
| 10 | വീടുകളിൽ മത്സ്യം വളർത്തല് | ഗുണമേന്മയുള്ള മത്സ്യ വിത്തുകളുടെ ലഭ്യതകുറവ് | പ്രദേശം | ✓ | | | ഗുണമേന്മയുള്ള മത്സ്യ വിത്തുകളുടെ ലഭ്യതകുറവ്,ശാസ്ത്രീയ രീതിയിലുള്ള കുളങ്ങളുടെ അഭാവം | ✓ | | | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| വികസന പരിപ്രേക്ഷ്യം | | | | | | | | |
|---|---|---|---|---|---|---|---|---|
| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:മൃഗസംരക്ഷണം,ക്ഷീരവികസനം | | | |
| ക്രമ നം. | മേഖല/ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങള് കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | കന്നുകാലി ഇൻഷൂറൻസ് | കർഷകരുടെ ആത്മവിശ്വാസം ഉയർത്തി പാല് ഉൽപ്പനോപാധികള് | | ആവശ്യമായ പരിരക്ഷ ഇല്ല | പരിരക്ഷ കുറവ് | മുഴുവന് കന്നുകാലികളെയും ഇൻഷൂറൻസ് coverage ലഭ്യമാക്കുക | മുഴുവന് കന്നുകാലികളെയും ഇൻഷൂറൻസ് | ആവശ്യമായ തുക നീക്കിവെക്കുക |
| 2 | പോത്ത് ആട് കന്നുകുട്ടി പരിപാലനം വിപണനം | സാമ്പത്തികമായി സ്വന്തംകാലിൽ നിൽക്കാൻപ്രാപ്തരാക്കുക | | പരിമിതമായ തോതിൽ നടക്കുന്നു | പരിമിതമായ തോതിൽ നടക്കുന്നു | ഈ മേഖലയിലെ കർഷകർക്ക് സ്വയംപര്യാപ്തത | | ആവശ്യമായ തുക നീക്കിവെക്കുക |
| 3 | വന്ധ്യതനിവാരണ ക്യാമ്പ് | മികച്ച ഇനം മൃഗങ്ങളെ വളർത്തല് | | പരിമിതമായ തോതിൽ നടക്കുന്നു | പരിമിതമായ തോതിൽ നടക്കുന്നു | മികച്ച ഇനം മൃഗങ്ങളുടെ സംരക്ഷണം | | ഗുണമേന്മയുള്ള മൃഗങ്ങളുടെ കന്നുകുട്ടികളുടെ ലഭ്യത ഉറപ്പാക്കൽ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | സ്ക്കൂൾ കുട്ടികൾക്ക് കോഴി വളർത്തൽ | പോഷകാഹാര ലഭ്യത ഗുണമേന്മയുള്ള മുട്ട ലഭ്യമാക്കൽ | | പരിമിതമായ തോതിൽ നടക്കുന്നു | പരിമിതമായ തോതിൽ നടക്കുന്നു | പോഷകാഹാര ലഭ്യത ഗുണമേന്മയുള്ള മുട്ട ലഭ്യമാക്കൽ | | കുട്ടികളിലൂടെ ഗുണമേന്മയുള്ള മുട്ട ഉൽപ്പാദനം |
| 5 | തലശ്ശേരി കോഴി നാടൻമുട്ട ഉൽപ്പാദനം | നാടൻ ഗുണമേന്മയുള്ള മുട്ട ലഭ്യമാക്കൽ | | നിലവിൽ ഉൽപ്പാദനം കുറവ് | നിലവിൽ ഉൽപ്പാദനം കുറവ് | ഉൽപ്പാദനം വർധിപ്പിക്കുക തനത് നാടൻ ഇനങ്ങളെ സംരക്ഷിക്കുക | | വീടുകളിൽകോഴികുഞ്ഞുങ്ങളെ വിതരണം ചെയ്ത് നാടൻ മുട്ട ഉൽപ്പാദനം വർധിപ്പിക്കുക |
| 6 | പശുവളർത്തൽ സംഘകൃഷി | സ്വയം തൊഴിൽ കണ്ടെത്തുക പാൽ ഉൽപ്പന്നം നിർമ്മാണം | | പരിമിതമായ തോതിൽ നടപ്പിലാക്കി | പരിമിതമായ തോതിൽ നടപ്പിലാക്കി | സ്വയംതൊഴിൽ വരുമാന വർധന പാല് ഉൽപ്പാദന വർദ്ധനവ് | | താൽപര്യമുള്ള വരെ കണ്ടെത്തുക സഹായം നൽകുക ഉൽപ്പാദ വർധനവ് |
| 7 | ക്ഷീരസംഘങ്ങൾക്ക് മൂല്യവർധിത ഉൾപ്പന്ന നിർമ്മാണം | പാലിൽ സ്വയംപര്യാപ്തത പാൽ ഉൽപ്പന്ന നിർമ്മാണം | | നിലവിൽ പ്രവർത്തനം നടക്കുന്നില്ല | നിലവിൽ പ്രവർത്തനം നടക്കുന്നില്ല | പാലിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങള് | | പാൽ ഉൽപ്പാദനം വർധിപ്പിക്കുക machanisation നടപ്പാക്കുക |
| 8 | വീടുകളിൽ കോഴിവളർത്തൽ | മുട്ട ഉൽപ്പാദനത്തില് സ്വയംപര്യാപ്തമാവുക | | വേണ്ടത്ര ഉൽപ്പാദനമില്ല | സാർവത്രികമാക്കാൻ കഴിഞ്ഞിട്ടില്ല | യോഗ്യമായ മുഴുവൻ വീടുകളിലും കോഴി വളർത്തി സാമ്പത്തിക നില ഉയർത്തുക | | കോഴികുഞ്ഞുങ്ങൾ വിതരണം ചെയ്യുക മരുന്ന് വിതരണം ചെയ്യുക |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 9 | ഉൾനാടൻ മത്സ്യകൃഷി | യോഗ്യമായ കുളങ്ങൾ വയലുകൾ തോടുകള് പുഴ എന്നിവടങ്ങളിൽ | | ഇപ്പോൾ നാമമാത്രമായ തോതിൽ | വേണ്ടത്ര ഉൽപ്പാദന കുറവ് | ഉൾനാടന് മത്സ്യ കൃഷിയിൽ സ്വയം പര്യാപ്തത തൊഴിൽ സാധ്യത | | മത്സ്യ കർഷകർക്ക് മത്സ്യ വിത്തുകൾ പുഴയിൽ fence ,കൂളർ ഇവ സൌകര്യപ്പെ ടുത്തുക |
| 10 | വീടുകളിൽ മത്സ്യം വളർത്തല് | മത്സ്യോത്പ്പാദനം വർധിപ്പിക്കുക | | വേണ്ടത്ര ഉൽപ്പാദനമില്ല | വേണ്ടത്ര ഉൽപ്പാദനമി ല്ല | മത്സ്യോൽപ്പാദ നത്തിൽ വർധനവ് ഗുണമേന്മയു ള്ള മത്സ്യം | | മത്സ്യകുഞ്ഞു ങ്ങൾക്കെല്ലാം കൃത്രിമ കുളം ഇവ നിർമ്മിക്കാന് സഹായം |

# അധ്യായം-4

## സംയോജന സാധ്യതകൾ

- നല്ലയിനം കറുവപ്പശുക്കളെയും മുട്ടകോഴികളെയും വർധിപ്പിക്കുന്നതിന് ബ്ലോക്ക്,ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കാം.
- മൃഗാശുപത്രി ആധുനികവൽകരിക്കാൻ സംസ്ഥാന സർക്കാറിന്റെ സഹായം തേടാം
- കർഷകർക്ക് ശാസ്ത്രീയമായ പരിശീലനം ലഭ്യമാക്കാന് വെറ്റിനറി സർവ്വകലാശാലയുടെ സഹായം തേടാം

# 5.

# പ്രാദേശിക സാമ്പത്തിക വികസനം

## അധ്യായം-1

## നിലവിലുള്ള അവസ്ഥ

### പ്രാദേശിക സാമ്പത്തിക വികസനം

ജനകീയാസൂത്രണ പ്രസ്ഥാനം നിലവിൽ വരുന്നതിന് മുമ്പ് പ്രാദേശിക സാമ്പത്തിക വികസന രംഗത്ത് കാര്യമായ പുരോഗതിയോ ഇടപ്പെടലുകളോ നടന്നിരുന്നില്ല. എന്നാൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ വരവോടുകൂടി കാതലായ മാറ്റങ്ങൾ നമുക്ക് ഈ രംഗത്ത് നടപ്പിലാക്കാന് കഴിഞ്ഞു.പതിമൂന്ന് വാർഡുകളിലായി 50 ഓളം യൂനിറ്റുകള് ഇന്ന് പ്രവർത്തിക്കുന്നു.കുടുംബശ്രീ ഈ രംഗത്ത് നല്ല ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

### പ്രശ്നങ്ങൾ

- ജനങ്ങളുടെ സംരഭങ്ങളോടുള്ള വിമുഖത
- സാങ്കേതിക അനുമതി ലഭിക്കാനുള്ള തടസങ്ങൾ
- ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താതിരിക്കല്
- മൂലധനത്തിന്റെ അഭാവം
- ശാസ്ത്രീയ പരിശീലനത്തിന്റെ അവബോധം
- ഉൾനാടന് മത്സ്യകൃഷി
- മൂല്യവർധിത ഉല്പന്ന സംരംഭങ്ങളുടെ കുറവ്
- പുതിയ തലമുറക്ക് ഈ മേഖലയോടുള്ള വിമുഖത

### സാധ്യതകൾ

- സംരഭക ശില്പശാല സംഘടിപ്പിക്കുക
- ബാങ്ക് ലോണുകൾ ലഭ്യമാക്കുക
- പദ്ധതികളിലൂടെ പ്രാദേശിക സംരഭങ്ങൾ പ്രോത്സാഹിപ്പിക്കുക

- പ്രാദേശിക സാധ്യതകൾ പ്രയോജനപ്പെടുത്തുക
- പരമ്പരാഗത തൊഴിലുകൾക്ക് പുറമെ വിവരസാങ്കേതികതയില് അനുസ്യതമായതും ആധുനിക കാലഘട്ടത്തിനനുസരിച്ച് തൊഴിൽ സംരഭങ്ങള് തുടങ്ങണം
- ജനകീയ ഹോട്ടലുകൾ വ്യാപിപ്പിക്കണം
- പ്രകൃതികനുസ്യതമായിട്ടുള്ള വാഹനങ്ങൾക്ക് ധനസഹായം നൽകണം

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് കീഴരിയൂർ | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് പ്രാദേശിക സാമ്പത്തിക വികസനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പ്രശ്നത്തിന്റെ തീവ്രത | | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | ത്ദേശ ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | ചന്ത | പ്രാദേശിക ഉൽപന്നങ്ങള് വിൽക്കുന്നതിനുള്ള സൌകര്യക്കുറവ് | കീഴരിയൂർ സെന്റര് | ✓ | □ | | സ്ഥലസൌകര്യക്കുറവ് | ✓ | ✓ | □ | |
| 2 | വ്യവസായ സംരഭകത്വ പരിശീലനം | സംരംഭകർക്ക് പരിശീലന സൌകര്യക്കുറവ് | കീഴരിയൂർ | ✓ | □ | | പരിശീലനത്തിനുള്ള സൌകര്യക്കുറവ് | ✓ | ✓ | □ | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| വികസന പരിപ്രേക്ഷ്യം | | | | | | | | |
|---|---|---|---|---|---|---|---|---|
| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:പ്രാദേശിക സാമ്പത്തിക വികസനം | | | |
| ക്രമ നം. | മേഖല/ഉപ മേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | ചന്ത | പ്രാദേശിക വിപണി | ഉല്പന്നങ്ങളുടെ വിപണി | നിലവിൽ ഇല്ല | നിലവിൽ ഇല്ല | പ്രാദേശിക ഉല്പന്നങ്ങളുടെ വിപണി പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വ്യാപിപ്പിക്കുക | പ്രാദേശിക ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് മുൻഗണന | വിപണനത്തിലൂടെ സാമ്പത്തിക ഉന്നമനം കൈവരിക്കൽ |
| 2 | വ്യവസായ സംരഭക പരിശീലനം | സംരഭകത്വം പ്രാദേശികതലത്തിൽ പ്രോത്സാഹനം | | നിലവിൽ ഇല്ല | നിലവിൽ ഇല്ല | കൂടുതൽ പേരെ വ്യവസായത്തിലേക്ക് ആകർഷിക്കല് | പ്രാദേശികമായി കൂടുതല് പേരെ വ്യവസായത്തിലേക്ക് കൊണ്ടുവരുന്നത് | സാമ്പത്തിക ഉന്നമനവും തൊഴിലവസരവും |

## അധ്യായം-4

## സംയോജന സാധ്യതകൾ

- കുടുംബശ്രീ,വനിതാസഹകരണ സംഘം,സഹകരണ ബാങ്കുകൾ,മൾട്ടിപർപ്പസ് സംഘങ്ങൾ എന്നിവയുടെ സഹായത്തോടെ കൂടുതല് തൊഴില് സംരംഭങ്ങള് തുടങ്ങുക.
- ബ്ലോക്ക്,ജില്ലാ സർക്കാര് സഹായത്തോടെ ടൂറിസം കോറിഡോര് പദ്ധതി നടപ്പിലാക്കാം
- വനിതാവികസന കോർപ്പറേഷൻ,ന്യൂനപക്ഷ കോർപ്പറേഷന് തുടങ്ങിയ കോർപ്പറേഷനുകള് ഉപയോഗിച്ച് വ്യത്യസ്ത പദ്ധതികള് ആവിഷ്കരിക്കുക
- സ്വകാര്യ ഏജൻസികള് ടൂറിസം മേഖലയില് സാധ്യതകള് കണ്ടത്തുക
- നാളികേര മൂല്യവർധിത ഉല്പന്നങ്ങള് കാർഷിക നഴ്സറി ഉൾനാടന് മത്സ്യകൃഷി എന്നിവ ബ്ലോക്ക്,ജില്ലാ പഞ്ചായത്തുമായി യോജിപ്പിക്കുക
- വിനോദസഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട് പൊടിയാടി,മീറോട് ടൂറിസം പദ്ധതി നടപ്പിലാക്കാം

# 6

# വനിതാ വികസനം

# അധ്യായം-1

## നിലവിലെ അവസ്ഥ

ജനകീയാസൂത്രണത്തിന്റെ കാലത്ത് നിലവിലുണ്ടായിരുന്ന സാമൂഹ്യാവസ്ഥയല്ല ഇന്ന് നിലവിലുള്ളത്.കഴിഞ്ഞ 25 കൊല്ലം കൊണ്ട് നിരവധി മാറ്റങ്ങൾ എല്ലാ മേഖലയിലും സംഭവിച്ചിട്ടുണ്ട്.വനിതാ ശിശുക്ഷേമ ജനസംഖ്യാ കണക്ക് സൂചിപ്പിക്കുന്നതുപോലെ നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയില് സ്ത്രീകളാണ് കൂടുതൽ ഉള്ളത്.നമ്മുടെ പഞ്ചായത്തിൽ 1 ഹയർസെക്കണ്ടറി സ്ക്കൂളും,3 യു.പി.സ്ക്കൂളും,4 എൽ.പി.സ്ക്കൂളും,കാലടി ശ്രീശങ്കരാചാര്യ സംസ്കൃതം യൂനിവേഴ്സിറ്റിയുടെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രവും ഇവിടെ സ്ഥിതി ചെയ്യുന്നു. സ്ക്കൂളുകളുടെ ഭൌതിക സാഹചര്യം ഏറെകുറെ മാറിയിട്ടുണ്ട്. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി മുഴുവന് സ്ക്കൂളുകൾക്കും girls friendly toilet കൾ നിർമ്മിച്ചിട്ടുണ്ട്. ജനകീയാസൂത്രണത്തിന്റെ തുടക്ക കാലത്തോടെ ആണ് കുടുംബശ്രീ പ്രസ്ഥാനവും തൊഴിലുറപ്പ് പദ്ധതിയും ആരംഭിച്ചത്. 1996 ല് 950 അംഗങ്ങളാണ് കുടുംബശ്രീയിൽ ഉണ്ടായിരുന്നത്.237 കുടുംബശ്രീ യൂനിറ്റുകളിലായി 3192 അംഗങ്ങളാണ് ഉള്ളത്.വ്യത്യസ്ത കുടുംബശ്രീ യൂനിറ്റുകളിലായി 25 വ്യതിഗത സംരഭങ്ങളും 15 ഗ്രൂപ്പ് സംരംഭങ്ങളുമാണ് നിലവില് പ്രവർത്തിക്കുന്നത്.

1996 ത് അംഗൻവാടികളുടെ എണ്ണം വളരെ കുറവായിരുന്നെങ്കില് ഇന്ന് പഞ്ചായത്തിൽ 17 അംഗൻവാടികളിലും(379 കുട്ടികൾ) 3 പ്രീപ്രൈമറി സ്ഥാപനങ്ങളും സ്ക്കൂളിനോടനുബന്ധിച്ച് 5 പ്രീപ്രൈമറി ക്ലാസുകളും നിലവിലുണ്ട്. ഇവിടെ ............ കുട്ടികൾ പഠനം നടത്തുന്നുണ്ട്,പട്ടികജാതി വിഭാഗങ്ങളിലായി 815 സ്ത്രീകള് നിലവിലുണ്ട്.മാനസിക വെല്ലുവിളി നേരിടുന്ന 21 ഓളം കുട്ടികൾ ഇന്ന് ഇവിടെയുണ്ട്.

ത്രിതല പഞ്ചായത്തിൽ 50% വനിതാ സംവരണം നിലവിൽ വന്നതോടെ നിരവധിവനിതകൾ ഭരണ സാരഥ്യത്തിലേക്ക് ഉയർന്നു വന്നിട്ടുണ്ട്.അസംഘടിത മേഖലയിൽ ധാരാളം സ്ത്രീകള് പരമ്പരാഗത തൊഴിലും മറ്റു കൈതൊഴിലുകളിലും ഏർപ്പെട്ടിട്ടുണ്ട്.

## പ്രശ്നങ്ങൾ

നിലവിൽ പരിശീലനം ലഭിക്കുന്നവർക്ക് തൊഴില സംരംഭം BPL വിഭാഗക്കാർക്ക് മാത്രമാവുന്നത് പ്രതിസന്ധി ഉണ്ടാവുന്നു.സാമ്പത്തിക പ്രശ്നമുണ്ടാവുമ്പോൾ സംരംഭം തുടങ്ങാൻ ഇവർക്ക് കഴിയുന്നില്ല.

നിലവിലുള്ള 2 അംഗൻവാടികള് BUILDING ഉൾപ്പെടെ ഭൌതിക സൌകര്യങ്ങളുടെ അപര്യാപ്തയുണ്ട്.

അഭ്യസ്തവിദ്യരായ സ്ത്രീകൾക്ക് വ്യത്യസ്ത മേഖലയിൽ തൊഴിലിന് താൽപര്യമുണ്ടെങ്കിലും കുടുംബം വിട്ട് മറ്റ് ജില്ലകളില് പരിശീലനത്തിനു പോകാന് കഴിയാത്ത് അവസ്ഥയുണ്ട്.

## സാധ്യതകൾ

പഞ്ചായത്തിൽ APL വിഭാഗത്തിൽപ്പെട്ടവർക്കും സംരംഭ സാധ്യതകള് പരിഗണിക്കേണ്ടത് ആവശ്യമാണ്.

അംഗൻവാടികളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്താന് പദ്ധതികണ്ടെത്തേണ്ടതുണ്ട്.

പൊതുവെ സ്ത്രീ പുരുഷ സമത്വമെന്ന ആശയം ഒരു സംസ്ക്കാരമായി രൂപപ്പെട്ടുവന്നിട്ടില്ല.

തൊഴിൽ പരിശീലനത്തിന് ജില്ലയ്ക്കകത്തുതന്നെ പരിശീലനം ലഭ്യമാക്കുക

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര് കീഴരിയൂര് | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര് വനിതാ വികസനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പ്രശ്നത്തിന്റെതീവ്രത | | | | പ്രശ്നത്തിനുള്ളകാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | ലഘുതരം | ഗുരുതരം | അതീവഗുരുതരം | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | ത്ദേശ ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | സർക്കാർതലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | പിങ്ക് കഫേ | രോഗകൾക്കും കൂട്ടിരിപ്പുകാർക്കും ചായ പലഹാരങ്ങളും ലഭ്യമാക്കൽ | പി എച്ച് സി ആയുർവേദ ഹോമിയോ , പഞ്ചായത്ത് | ✓ | □ | | | ✓ | | □ | |
| 2 | വനിതാ ഗാർമെന്റ് യൂണിറ്റ് | സ്വയംതൊഴിലിലൂടെ സാമ്പത്തിക ഉന്നമനത്തിനുള്ള അവസരമില്ലായ്മ | പഞ്ചായത്ത് പ്രദേശം | ✓ | □ | | സ്വയംതൊഴിൽ സംരംഭകത്വത്തിനുള്ള സൌകര്യങ്ങളുടെ അപര്യാപ്തത | ✓ | □ | □ | |
| 3 | വനിതാ തൊഴിൽ പരിശീലനം | തൊഴിൽ പരിശീലനത്തിന്റെ അപര്യാപ്തത | പഞ്ചായത്ത് പ്രദേശം | ✓ | □ | | തൊഴിൽപരിശീലനം ഇല്ല | ✓ | ✓ | □ | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| വികസനപരിപ്രേക്ഷ്യം ഫോറം 7 | | | | | | | | |
|---|---|---|---|---|---|---|---|---|
| തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് കീഴരിയൂർ | | | | | വർക്കിംഗ്ഗ്രൂപ്പിന്റെ പേര്:വനിത വികസനം | | | |
| ക്രമ നം. | മേഖല/ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്നതന്ത്രവും പ്രവർത്തനങ്ങളും |
| 1 | പിങ്ക് കഫേ | സ്വയം തൊഴിലും തൊഴിൽ അവസരവും | സ്വയം തൊഴിൽ | ഇപ്പോൾ ഇല്ല | | വനിതകൾക്ക് തൊഴിലവസരവും ശാക്തീകരണവും | സാമ്പത്തിക സ്വയംപര്യാപ്തത | |
| 2 | വനിത ഗ്രൂപ്പുകൾക്ക് ഗാർമെന്റ് യൂനിറ്റ് | സ്വയം തൊഴിലും തൊഴിൽ അവസരവും | സ്വയം തൊഴിൽ | ഇപ്പോൾ ഇല്ല | | തൊഴിലവസരവും സാമ്പത്തിക സ്വയം പര്യാപ്തത | സാമ്പത്തിക സ്വയംപര്യാപ്തത | |
| 3 | വനിതകൾക്ക് തൊഴിൽ പരിശീലനം | ഡ്രൈവിംഗ്,തയ്യൽ നഴ്സറി പരിശീലനം നൽകല് ട്രേപ്ലേറ്റ് ഗ്ലാസ് കട | സ്വയം തൊഴിൽ സംരഭകത്വം | | | സ്വയം തൊഴിൽ സംരകത്വം പ്രോത്സാഹിപ്പിക്കുക | സാമ്പത്തിക സ്വയംപര്യാപ്തത | |
| 4 | സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റ് | തൊഴിൽവസരം സൃഷ്ടിക്കുക ഗുണമേന്മയുള്ള ഭക്ഷ്യവസ്തുക്കൾലഭ്യമാക്കുക | സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുക | ഇപ്പോൾ ഇല്ല | ഇപ്പോൾ ഇല്ല | സ്വയം തൊഴിൽ സാമ്പത്തിക സ്വയം പര്യാപ്തത | | |

# അധ്യായം-4

## സംയോജന സാധ്യതകൾ

നിലവിലുള്ള 2 അംഗൻവാടികൾക്ക് ബിൽഡിംഗ് നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കേണ്ടതാണ്

ബ്ലോക്ക്,ജില്ലാപഞ്ചായത്തുകളുടെയും സംസ്ഥാനഗവൺമെന്റിന്റെയും വ്യത്യസ്ത പദ്ധതികളുമായി ബന്ധിപ്പിക്കേണ്ടതാണ്.

# 7

# ദാരിദ്ര്യ ലഘൂകരണം

# അധ്യായം 1

## നിലവിലെ അവസ്ഥ

1996 ത് പഞ്ചായത്തിൽ 8 വാർഡുകളാണ് ഉണ്ടായിരുന്നത്. 2500 കുടുംബങ്ങളായിരുന്നു എന്ന് ഉള്ളത്. സർക്കാര് ജോലിയുള്ളവര് വളരെ കുറവായിരുന്നു. പരമ്പരാഗത തൊഴിലാളികളും കർഷക തൊഴിലാളികളും ആയിരുന്നു ഭൂരിഭാഗവും. വിദ്യാഭ്യാസ കാര്യത്തിലും വളരെ പിന്നോക്കാവസ്ഥയായിരുന്നു. സർക്കാര് സഹായത്തോടെ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ഒന്നും തന്നെയുണ്ടായിരുന്നില്ല.

കുടുംബശ്രീ, തൊഴിലുറപ്പ് മറ്റ് സ്വയം സഹായ സംഘങ്ങളുടെ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെട്ടു. 28 CEF ലോണ് അനുവദിച്ച സംരംഭങ്ങൾ, പ്രവാസി ഭദ്രതയിൽ ഉൾപ്പെടുത്തി 9 സംരംഭങ്ങളും നിലവിലുണ്ട്. പ്രത്യാശ, PMFME പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്ന് സംരംഭങ്ങൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ വ്യത്യസ്ത വർഷങ്ങളിൽ ലിങ്കേജ് ലോണും നൽകിയിട്ടുണ്ട്. 2020-21 വർഷത്തിൽ ഒരു കോടി 28 ലക്ഷം രൂപ കോവിഡ് ലോണായിട്ട് അനുവദിച്ചു.

ജനകീയ ഹോട്ടൽ ജില്ലക്ക് മാതൃകയായി എട്ടോളം വനിതകൾക്ക് ജീവിതോപാധിയായി പ്രവർത്തിക്കുന്നു. ഹരിതകർമ്മസേന, കാർഷിക കർമ്മസേന തുടങ്ങിയവയും 60 ഓളം തൊഴിലാളികൾ ജോലി ചെയ്യുന്നു. 7 സ്കൂളുകളിലായി 10 ഓളം പാചകത്തൊഴിലാളികളും പ്രവർത്തിക്കുന്നു.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ധാരാളം തൊഴിൽ സാധ്യതകൾ ഈ കാലയളവിൽ കീഴരിയൂർ പഞ്ചായത്തിൽ നടന്നിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ ദരിദ്രരുടെ സാമ്പത്തിക നില ശക്തിപ്പെടുത്തി ദീർഘകാല ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. 3400 ഓളം കുടുംബങ്ങൾ ഇപ്പോൾ തൊഴിലുറപ്പിൽ അംഗങ്ങളാണ്. 2020-21 സാമ്പത്തിക വർഷത്തിൽ അതിദരിദ്രരെ കണ്ടെത്തുന്നതിന്റെ ഭാഗമായി നടത്തിയ സർവ്വേയിൽ 12 കുടുംബങ്ങളെയാണ് കണ്ടെത്തിയത്.

പാർപ്പിട മേഖലയിൽ ഒട്ടേറെ മുന്നേറാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇം.എം.എസ് ഭവനപദ്ധതി, ഇന്ദിരാ ആവാസ് യോജന, ലൈഫ് ഭവനപദ്ധതി തുടങ്ങി ജില്ലാ, ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളിലൂടെ ഒട്ടേറെ ഭവനരഹിതർക്ക് വീട് എന്ന സ്വപ്നം

പൂവണിഞ്ഞിട്ടുണ്ട് എന്നത് ഏറെ ചാർതാർത്ഥ്യജനകമാണ. അർഹരായ മുഴുവൻ പേർക്കും വീടു ലഭ്യമാക്കുന്നതിനായി സർക്കാറിന്റെ ലൈഫ് മിഷന് പദ്ധതിയിലൂടെ അർഹരായ എല്ലാവർക്കും വീട് എന്നതാണ് നാം ലക്ഷ്യമിട്ടിരുന്നത്. 2025-26 ല് ഉൾപ്പെടുത്തി 5 അഗ്രിമെന്റുകളും PMAY ല് 4 അഗ്രിമെന്റുകളും വെച്ചിട്ടുണ്ട്. കൂടാതെ 2024-25 വർഷങ്ങളില് അഗ്രിമെന്റ് വെച്ചിട്ടുള്ള 26 വീടുകള് നിർമ്മാണത്തിന്റെ അന്തിമ ഘട്ടത്തിലാണ്. വീട് റിപ്പയർ പട്ടികജാതി വിഭാഗത്തിൽ 7 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു.ലൈഫ് 2020 ഗുണഭോക്താക്കൾക്കൾക്ക് ആനുകൂല്യം അനുവദിച്ചു വരുന്നു..

പൊതുവിതരണ രംഗം - 13 വാർഡുകളിലായി 6 റേഷൻ ഷോപ്പുകളാണ് പ്രവർത്തിക്കുന്നത്. ഒരു മാവേലി സ്റ്റോർ നടുവത്തൂരിലും കീഴരിയൂര് സർവ്വീസ് ബാങ്കിന്റെ നീതി സ്റ്റോര് നമ്പ്രത്ത് കരയിലും പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ

- ജനസംഖ്യക്ക് ആനുപാതികമായി സംരംഭങ്ങളുടെ കുറവ്.
- സംരംഭങ്ങൾ തുടങ്ങുമ്പോള്‍ സാങ്കേതിക അനുമതി ലഭിക്കാനുള്ള കാലതാമസം.
- സംരംഭങ്ങളെകുറിച്ചുള്ള ബോധമില്ലായ്മ
- കുടുംബശ്രീ വഴി വിതരണം ചെയ്യുന്ന വായ്പകൾ
- ഉദ്ദേശ ലക്ഷ്യങ്ങൾ പൂര്‍ത്തീകരിക്കാത്തത്
- ഫണ്ടിന്റെ അപര്യാപ്തത

സാധ്യതകള്‍

- കൂടുതൽസംരംഭങ്ങള്‍ ആരംഭിക്കുക
- ആവശ്യമായ അവബോധം നൽകുക
- കാലതാമസമില്ലാതെ സംരംഭങ്ങൾക്ക് അനുമതി നൽകുക
- സഞ്ചരിക്കുന്ന സിവിൽ സപ്ലൈക്കോ ഔട്ട്ലറ്റ് ആരംഭിക്കുക
- വനിതകൾക്കായി ഹോംഷോപ്പ് വിപുലീകരിക്കുക
- കുറുമയിൽതാഴെ, മഠത്തിൽതാഴെ, വടക്കുംമുറി പ്രദേശങ്ങളിൽ റേഷൻ ഷോപ്പും നമ്പ്രത്ത്കര ഭാഗത്ത് മാവേലി സ്റ്റോറും സ്ഥാപിക്കുക
- സർവ്വീസ് ബാങ്കിന്റെയും വനിതാ സഹകരണ സംഘത്തിന്റെയും നേതൃത്വത്തിൽ അണ്ടിച്ചേരിതാഴ, മുറിച്ചാണ്ടി മുക്ക് ഭാഗങ്ങളിൽ നീതി സ്റ്റോർ തുടങ്ങുക
- തൊഴിലുറപ്പ് പദ്ധതിയില് ഉള്പ്പെടുത്തി കൃഷി മേഖല ശക്തിപ്പെടുത്തുക

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര്് കീഴരിയൂർ | | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര്:ദാരിദ്യ ലഘൂകരണം | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപ മേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെതീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ളകാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ത്ദേശഭരണ സ്ഥാപനത്തിൽ | ഇതരതദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർതലത്തിൽ | സർക്കാരിതരതലത്തിൽ |
| 1 | ദാരിദ്യ ലഘൂകരണം | യോഗ്യരായ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾ കൂടുതൽവസിക്കുന്ന | കീഴരിയൂർ പഞ്ചായത്ത് | □ | ✓ | | ആവശ്യമായ ജോലി സാധ്യതകൾ ഇല്ല സംരഭകത്വം ഇല്ല പിന്നോക്കസാമ്പത്തികാവസ്ഥ പരിഗണിച്ചുള്ള പദ്ധതികളുടെ അഭാവം | ✓ | | ✓ | |
| 2 | ഭവന പുനരുദ്ധാരം | വീടുകുടെ ശോച്യാവസ്ഥ | കീഴരിയൂർ പഞ്ചായത്ത് | ✓ | | | വാസയോഗ്യമല്ലാത്ത വീടുകൾ | ✓ | ✓ | □ | |
| 3 | കക്കൂസ് നിർമ്മാണം | ചിലവീടുകളിൽ കക്കൂസിന്റെ അപര്യാപ്തത | കീഴരിയൂർ പഞ്ചായത്ത് | ✓ | | | കക്കൂസിന്റെ അപര്യാപ്തത | ✓ | | □ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 4 | ഭവനം | വീടില്ലാത്ത അവസ്ഥ | കീഴരിയൂർ പഞ്ചായത്ത് | | ✓ | | വാസയോഗ്യമല്ലാത്ത വീട് സാമ്പത്തികാവസ്ഥ | ✓ | ✓ | ✓ | |
| 5 | ആശ്രയഭവനം | വാസയോഗ്യമായ വീടിലാത്ത അവസ്ഥ | കീഴരിയൂർ പഞ്ചായത്ത് | ✓ | | | സ്ഥലവും വീടും ഇല്ലാത്ത സ്ഥിതിയിൽ ആളുകൾ നിലനിൽക്കുന്നു.സാമ്പത്തികം | ✓ | ✓ | ✓ | |

## അധ്യായം 3

## 2024-25 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| വികസന പരിപ്രേക്ഷ്യം | | | | | | | | |
|---|---|---|---|---|---|---|---|---|
| തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര്:ദാരിദ്യ ലഘൂകരണം | | | |
| ക്രമ നം. | മേഖല/ ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്നതന്ത്രവും പ്രവർത്തനങ്ങളും |
| 1 | ദാരിദ്യ ലഘൂകരണം | തൊഴിലും തൊഴിലവസരണങ്ങളും സൃഷ്ടിക്കുക | | പദ്ധതി നിലവിലില്ല | പദ്ധതി നിലവിലില്ല | ദാരിദ്യം ഇല്ലായ്മ ചെയ്യുക | ദാരിദ്യം ഇല്ലായ്മ ചെയ്യുക | |
| 2 | ഭവന പുനരുദ്ധാരണം | വീടുകൾ വാസയോഗ്യമാക്കൽ | | വാസയോഗ്യമല്ലാത്ത വീടുകൾഉണ്ട് | വാസയോഗ്യമല്ലാത്ത വീടുകൾഉണ്ട് | എല്ലാവർക്കും വാസയോഗ്യമായ വീട് | എല്ലാവർക്കും വാസയോഗ്യമായ വീട് | |
| 3 | ശുചിത്വ കക്കൂസ് നിർമ്മാണം | എല്ലാവർക്കും ആരോഗ്യ സംരക്ഷണം | | നിലവിൽ എല്ലാവർക്കും കക്കൂസ് ലഭ്യമല്ല | എല്ലാവർക്കും കക്കൂസ് ലഭ്യമല്ല | എല്ലാവർക്കും കക്കൂസ് നിർമിക്കുക | എല്ലാവർക്കും കക്കൂസ് നിർമിക്കുക | |
| 4 | LIFE ഭവനനിർമ്മാണം | അർഹരായ എല്ലാവർക്കും സുരക്ഷിത ഭവനം | | നിലവിൽ സുരക്ഷിത ഭവനം ലഭ്യമല്ല | സുരക്ഷിത ഭവനം എല്ലാവർക്കും ലഭ്യമല്ല | അർഹരായവർക്ക് സുരക്ഷിത ഭവനം | അർഹരായവർക്ക് സുരക്ഷിത ഭവനം | |
| 5 | ആശ്രയ ഭവനം | ആശ്രയ പദ്ധതിയിൽപ്പെട്ടവർക്ക് സുരക്ഷിത ഭവനം | | നിലവിൽ ലഭ്യമല്ല | നിലവിൽ ലഭ്യമല്ല | പദ്ധതിയിലെ മുഴുവൻ പേർക്കും സുരക്ഷിത ഭവനം | പദ്ധതിയിലെ മുഴുവൻ പേർക്കും സുരക്ഷിത ഭവനം | |

## അധ്യായം 4

## സംയോജന സാധ്യതകൾ

ത്രിതല പഞ്ചായത്ത് ഫണ്ടുപയോഗിച്ച് ഡ്രൈവിംഗ്, തയ്യൽ യൂണിറ്റുകൾ ആരംഭിക്കുക. ജനറൽ വിഭാഗത്തിലുള്ള യുവതീയുവാക്കൾക്ക് സ്വയംതൊഴിലിന് ജില്ലാ പഞ്ചായത്ത് പദ്ധതി ആവിഷ്കരിക്കുക. സർകകാർ സഹായത്തോടെ നമ്പ്രത്ത്കര ഭാഗത്ത് ജനകീയ ഹോട്ടൽ ആരംഭിക്കുക, വ്യവസായ വകുപ്പുമായി സഹകരിച്ച് സംരംഭക ശിൽപശാല നടത്തുക. മത്സ്യവകുപ്പുമായി ബന്ധപ്പെട്ട് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി ആവിഷ്കരിക്കുക.

ക്ഷീരമേഖലകളിൽ സർക്കാർ സഹായത്തോടെ അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വിതരണം ചെയ്യുക.

# 8

# സാമൂഹ്യനീതി

# അധ്യായം-1

## നിലവിലെ അവസ്ഥ

2011ലെ സെൻസസ് പ്രകാരം പഞ്ചായത്തില് 13 വാർഡുകളിലായി 7061 പുരുഷൻമാരും 8055 സ്ത്രീകളുമാണ് ഉണ്ടായിരുന്നത്.ലിംഗ വിവേചനമില്ലാത്ത സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസന കാഴ്ചപ്പാടാണ് നാംമുന്നോട്ടു വെക്കുന്നത്.60 വയസ്സു പൂർത്തിയായ അർഹരായ പുരുഷൻമാർക്കും സ്ത്രീകൾക്കും സാമൂഹ്യ സുരക്ഷ പെൻഷന് നൽകിവരുന്നു.ആയുർവേദ-ഹോമിയോ-അലോപ്പതി ഡിസ്പെൻസറികളുടെ നേതൃതത്വത്തില് വ്യത്യസ്ത പദ്ധതികളിലൂടെ വയോജനങ്ങൾക്കും മറ്റുള്ളവർക്കും പരിശോധനയും തുടര് ചികിത്സയും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.പഞ്ചായത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് അന്നും ഇന്നും കൂടുതലുള്ളത്.പഞ്ചായത്തിൽ ഭിന്നശേഷിക്കാരായ ആളുകളുടെ ഉന്നമനത്തിന് വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കി വരുന്നു.17അംഗനവാടികൾക്കും സ്വന്തമായി കെട്ടിടവും ഭൌതികസൌകര്യങ്ങളും ഉണ്ടായതു നേട്ടമാണ്. 1അംഗൻവാടി വളരെ പഴകിയതിനാൽ കെട്ടിടം പുതുക്കി പണിയേണ്ടതുണ്ട്. വീടുകളിൽ കൂട്ടിരിപ്പുകാരില്ലാത്ത വയോജനങ്ങൾക്ക് സംരക്ഷണത്തിനാവശ്യമായ പദ്ധതികള് ഉണ്ടാവേണ്ടത് അനിവാര്യതയാണ്.

അംഗൻവാടികളുടെ ഭൌതിക സൌകര്യങ്ങള് ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. വയോജനങ്ങൾക്ക് പകൽവീട് ഇല്ലാത്തതിനാല് അവരുടെ സംരക്ഷണം ഒരു സാമൂഹ്യ ഉത്തരവാദിത്തമായി നാം ഏറ്റെടുക്കേണ്ടതുണ്ട്.വയോമിത്രം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്.അശരണർ,അഗതികൾ,സ്ത്രീകൾ,കുട്ടികൾ എന്നിവർക്ക് നിയമ സഹായം ലഭ്യമാക്കുന്നകിനുള്ള ജാഗ്രതാസമിതി ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. സാമൂഹ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക് നിലവില് ആരോഗ്യ ഇൻഷൂറൻസ് പദ്ധതികള് ഇല്ല എന്നുള്ളത് ഒരു പോരായ്മയാണ്.ഇത് പരിഹരിക്കാൻ വേണ്ട ഇടപ്പെടലുകള് ഉണ്ടാവണം.life ഭവന പദ്ധതികൾ പൂർത്തീകരിക്കുന്നതിലൂടെ അർഹരായ മുഴുവന് ഗുണഭോക്താക്കൾക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.

പന്ത്രണ്ടിന പരിപാടിയുടെ ഭാഗമായി ജനകീയ ഹോട്ടൽ, ടേക്ക് എ ബ്രേക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്, വയോജന ക്ലബ്ബ് ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗിക്കാന് കഴിയുന്ന തരത്തിൽ പൊതു ടോയ് ലെറ്റ് ,വിശ്രമകേന്ദ്രം എന്നിവ കീഴരിയൂർ അങ്ങാടിയില് ആരംഭിച്ചിട്ടുണ്ട്

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര് | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര്:സാമൂഹ്യക്ഷേമം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെതീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ളകാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | | ലഘു തരം | ഗുരു തരം | അതീവ ഗുരുത രം | | ത്ദേശഭ രണ സ്ഥാപ നത്തിൽ | ഇതരത ദ്ദേശ സ്വയം ഭരണ സ്ഥാപന ത്തിൽ | സ ർക്കാ ർതല ത്തിൽ | സർക്കാറിതര തലത്തിൽ |
| 1 | സമ്പൂർണ പെൻഷന് ഗ്രാമം | 60 വയസ്സ് പൂർത്തിയായ എല്ലാവർക്കും പെൻഷന് ഇല്ലാത്ത അവസ്ഥ | പഞ്ചായത്ത് പ്രദേശം | ✓ | | | അർഹരായ എല്ലാവരെയും പെൻഷന് സ്കീമില് ഉൾപ്പെടുത്താൻകഴിഞ്ഞില്ല | ✓ | | ✓ | |
| 2 | പകൽ വീട് | പഞ്ചായത്തിനു കീഴിൽ പകല് വീടുകൾ ഇല്ല | പഞ്ചായത്ത് പ്രദേശം | ✓ | | | വയോജനങ്ങൾക്ക് നിലവിൽ പകല് സുരക്ഷിതത്വത്തിനുള്ള ഇടങ്ങളുടെദൌർലഭ്യം | ✓ | | ✓ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | മെഡിക്കൽ ക്യാമ്പ് | അർഹരായ എല്ലാ രോഗികൾക്കും പരിശോധനയും തുടർ ചികിത്സയുംലഭ്യമാക്കാൻ കഴിഞ്ഞില്ല | പഞ്ചായത്ത് പ്രദേശം | ✓ | | | ആശുപത്രികളിൽ മെഡിക്കൽ ക്യാമ്പുകളിൽ നടത്താറില്ല | ✓ | | ✓ | |
| 4 | പുരുഷൻമാരുടെ SHG | കൂട്ടുസംരംഭങ്ങളിലൂടെ തൊഴിൽ കണ്ടെത്താൻ നിലവിൽ പദ്ധതികളില്ല | പഞ്ചായത്ത് പ്രദേശം | ✓ | | | SHG കൾരൂപീകരിച്ചിട്ടില്ല അടിസ്ഥാന സൌകര്യങ്ങളുടെ ലഭ്യത കുറവ് | ✓ | | | |
| 5 | നിയമസഹായ സമിതി | അശരമ സ്ത്രീകൾ/അഗതികൾ /കുട്ടികൾ എന്നിവർക്ക് നിലവിൽനിയമസഹായം ലഭിക്കുന്നില്ല | പഞ്ചായത്ത് പ്രദേശം | ✓ | | | അർഹരായവർക്ക് പരിരക്ഷ കിട്ടാനുള്ള സംവിധാനങ്ങളുടെ ലഭ്യത കുറവ് | ✓ | | | |
| 6 | ആരോഗ്യ പരിരക്ഷ ഇൻഷൂറൻസിലൂടെ | സാമൂഹ്യ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക് ഇപ്പോള് ആരോഗ്യപരിരക്ഷ സംവിധാനം ഇല്ല | പഞ്ചായത്ത് പ്രദേശം | ✓ | | | അർഹരായ മുഴുവൻപേരെയും പദ്ധതിയിൽ ഉൾപ്പെടുത്തന് കഴിയാത്തത് | ✓ | | ✓ | |
| 7 | വീട് പുനരുദ്ധാരണം(ജനറൽ) | അർഹരായ ഗുണഭോക്താക്കൾക്ക് മുഴുവന് പാർപ്പിട സംവിധാനംഇല്ലായ്മ | പഞ്ചായത്ത് പ്രദേശം | ✓ | | | അർഹരായ എല്ലാവരെയും കണ്ടെത്താൻ കഴിഞ്ഞില്ല | | | ✓ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 8 | ലൈഫ്(PM AY) | | പഞ്ചായത്ത് പ്രദേശം | ✓ | | | അർഹരായവര് മുഴുവൻ പദ്ധതിയില് ഉൾപ്പെടുത്താൻകഴിഞ്ഞിട്ടില്ല | | | ✓ | |
| 9 | വയോമിത്രം പദ്ധതി | | പഞ്ചായത്ത് പ്രദേശം | ✓ | | | sign board ഇരിപ്പിടങ്ങൾ എന്നിവയുടെ ദൌർലഭ്യം | ✓ | | | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് കീഴരിയൂര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര്:സാമൂഹ്യക്ഷേമം | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്നതന്ത്രവും പ്രവർത്തനങ്ങളും |
| 1 | സമ്പൂർണ പെൻഷന് ഗ്രാമം | 60 വയസ്സ് പൂർത്തിയായ അർഹരായ ഗുണഭോക്താക്കൾക്ക് സാമൂഹ്യക്ഷേമപെൻഷൻ ലഭ്യമാക്കുക | | പെൻഷന് പൂർമായിട്ടില്ല | അർഹരായ എല്ലാവർക്കും ലഭ്യമായിട്ടില്ല | അർഹരായ എല്ലാവർക്കും പെൻഷന് | | വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ സർവ്വെ നടത്തിഅർഹരായവരെ കണ്ടെത്തുന്നു |
| 2 | പകൽ വീട് | വയോജനങ്ങൾക്ക് പകൽ സമയങ്ങളുല് സംരക്ഷണവും സ്വയംതൊഴിലുംലഭ്യമാക്കുക | | നിലവിൽ സൌകര്യമില്ല | നിലവിൽ ഇത്തരം സൌകര്യം ഇല്ല | വയോജനങ്ങൾക്ക് പകൽസുരക്ഷിതത്വവും സ്വയം തൊഴിലും ആരോഗ്യവുംപ്രദാനം ചെയ്യുക | | പകൽവീട് നിർമ്മിക്കുക ഫർണഇച്ചര് ഉൾപ്പെടെ ആഴശ്യമായസൌകര്യങ്ങൾ ഒരുക്കുക |
| 3 | മെഡിക്കൽ ക്യാമ്പ് | അർഹരായ രോഗികൾക്ക് പരിശോധനയും തുടർചികിത്സയും | | മെഡിക്കൽ ക്യാമ്പായി നടത്താറില്ല | നിലവിൽ ക്യാമ്പ് നടത്താറില്ല | രോഗികൾക്ക് പരിശോധനയും തുടർചികിത്സയും | | ആശുപത്രികളിൽ മെഡിക്കൽ ക്യാമ്പ് സൌകര്യം മരുന്ന് ലഭ്യമാക്കുക |
| 4 | പുരുഷന്മാരുടെ shg | കൂട്ടുസംരഭങ്ങളിലൂടെ തൊഴിൽ കണ്ടെത്തി.സാമ്പത്തിക സുരക്ഷിതത്വംഉറപ്പാക്കുന്നു | | നിലവിൽ shgഇല്ല | shg help group നിലവിലില്ല | shgയിലൂടെ താൽപര്യമുള്ള സംരംഭകർക്ക് അടിസ്ഥാന സൌകര്യം ഒരുക്കുക | | shgഗ്രൂപ്പുകൾ രൂപീകരിക്കുക പരിശീലനം നൽകുക അടിസ്ഥാന സൌകര്യംഒരുക്കുക |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | നിയമ സഹായ സമിതി | അശരണരായ സ്ത്രീകൾ കുട്ടികൾ അഗതികള് തുടങ്ങിയർക്ക് നിയമസഹായംലഭ്യമാക്കുക | | നിയമസഹായസമിതി നിലവിലില്ല | നിലവിലില്ല | പാർശ്വവൽക്കരിക്കപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കുംഅശരണർക്കും നിയമസംരക്ഷണം | | അർഹരായവർക്ക് നിയമ പരിരക്ഷയ്ക്ക് സഹായകമായ സൌകര്യങ്ങൾഒരുക്കുക |
| 6 | ആരോഗ്യ പരിരക്ഷ ഇൻഷൂറൻസിലൂടെ | സാമൂഹ്യസുരക്ഷ പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക് ആരോഗ്യ പരിരക്ഷ | | നിലവിലില്ല | നിലവിലില്ല | സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്ത അർഹരായവർക്ക്സംരക്ഷണം | | സർവ്വേയിലൂടെ അർഹരായവരുടെ list തയാറാക്കുക |
| 7 | ജനറൽ വീട് പുനരുദ്ധാരണം | ജനറൽ വിഭാഗത്തിലെഅർഹരായ ഗുണഭോക്താക്കൾക്ക് സുരക്ഷിതമായ വീട് | | നിലവിലില്ല | നിലവിലില്ല | തെരെഞ്ഞെടുക്കുന്ന അർഹരായ ഗുണഭോക്താക്കൾക്ക് സുരക്ഷിത വീട് | | സർവ്വയിലൂടെ അർഹരായവരെ കണ്ടെത്തുന്നു |
| 8 | Life PMAY | അർരായ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കാന് സാമ്പത്തികസഹായം ലഭ്യമാക്കുക | | പദ്ധതി നിലവിലുണ്ട് | നിലവിലില്ല | അർഹരായ ഗുണഭോക്താക്കൾക്ക് മുഴുവന് സ്വന്തം മുഴുവൻ സ്വന്തംവീട് | | സർവ്വയിലൂടെ അർഹരായവരെ കണ്ടെത്തി വീടിനുള്ള സാമ്പത്തികസഹായംലഭ്യമാക്കുന്നു |
| 9 | വയോമിത്രം പദ്ധതി | വിവിധ ഗവൺമെന്റ് സ്ഥാപനങ്ങളിൽ വയോജനങ്ങൾക്ക് പ്രത്യേകസൌകര്യങ്ങൾ sign board ഉൾപ്പെടെ | | നിലവിൽ മുഴുവൻ സ്ഥാപനങ്ങളിലും സൌകര്യമില്ല | നിലവിൽ സൌകര്യമില്ല | മുഴുവൻ സ്ഥാപനങ്ങളും വയോജനസൌഹൃദമാക്കുക | | എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും sign board ഇരിപ്പിടങ്ങൾഎന്നിവ ലഭ്യമാക്കൽ |

# അധ്യായം 4

## സംയോജന സാധ്യതകൾ

ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ സംയോജനത്തിലൂടെ പദ്ധതികള് കാര്യക്ഷമമാക്കാൻ കഴിയില്ല.വയോമിത്രം, സാമൂഹ്യ സുരക്ഷ പെൻഷന് എന്നീ പദ്ധതികൾ സംസ്ഥാന ഗവൺമെന്റിന്റെ സഹായത്താൽ നടപ്പിലാക്കാന് സാധിക്കും.പകൽവീട് ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകളുടെ സഹായത്തോടെ നടപ്പിലാക്കാം

# 9

# പൊതുമരാമത്ത്

# വൈദ്യുതി ഊർജ്ജം

## അധ്യായം-1

## നിലവിലെ അവസ്ഥ

പഞ്ചായത്ത് ബ്ലോക്ക്-ജില്ലാ MLA,MP ആസ്തിവികസന ഫണ്ടുകൾ ഉപയോഗിച്ച് കീഴരിയൂർ ഗ്രാമപഞ്ചായത്തിലെ 125 കിലോ മീറ്ററിലധികം റോഡുകൾ നിർമ്മിച്ചു,മുഴുവൻ ഘടക സ്ഥാപനങ്ങളും സ്വന്തം കെട്ടിടത്തില് പ്രവർത്തിച്ചു തുടങ്ങി.സംസ്ഥാനത്തെ സ്മാർട്ട് വില്ലേജുകളില് ഒന്ന് കീഴരിയൂരിലാണ്.സ്ക്കൂൾ അംഗൻവാടി കെട്ടിടങ്ങള് ഓട് മേഞ്ഞതും കോൺക്രീറ്റ് കെട്ടിടമായി മാറി.മരപ്പാലങ്ങൾ പൂർണമായും മാറ്റി പകരം എല്ലാ പാലങ്ങളും കോൺക്രീറ്റ് പാലങ്ങളായി മാറി.സമ്പൂർണ്ണ വൈദ്യുതി എത്തില്ലായെന്ന് കരുതിയ പ്രദേശങ്ങളില് പോലും വൈദ്യുതി എത്തുകയും ചെയ്തു.മുഴുവൻ വാർഡുകളിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ തെരുവ് വിളക്ക് സ്ഥാപിച്ചു.80% കോൺക്രീറ്റ് വീടുകളും 20% ഓടു അനുബന്ധസാമഗ്രികളും ഉപയോഗിച്ചുമായി ഓലമേഞ്ഞ വീടുകള് ഒന്നും തന്നെയില്ല.ഇതെ മാറ്റം മറ്റു കെട്ടിടങ്ങളിലും ദൃശ്യമാണ്.സ്ക്കൂൾകെട്ടിടങ്ങള് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ശിശു സൌഹൃദ TOILET കളും കുടിവെള്ള ടാപ്പുകളും നിർമ്മിച്ചു.പഞ്ചായത്തിന് സ്വന്തമായി വാഹനം നിലവിലുണ്ട്.ആർദ്രം പദ്ധതിയില് ഉൾപ്പെടുത്തി നിലവിലെ PHC കുടുംബാരോഗ്യകേന്ദ്രമാക്കിയതിന്റെ ഫലമായി സർക്കാര് സഹായത്തോടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിലാണ്.ആയുഷ് പദ്ധതിയിൽ ഉൾപ്പെടുത്തി ഹോമിയോ ആശുപത്രിയില് യോഗ ക്ലാസ് ആരംഭിച്ചു.പഞ്ചായത്ത് ഉൾപ്പെടെ മുഴുവൻ ഘടക സ്ഥാപനങ്ങളിലും ജീവനക്കാരുടെ എണ്ണം വർധിച്ചിട്ടുണ്ട്.എല്ലാ വീടുകളിലും നിലവിൽ മൊബൈല് ഫോണ്,TV എന്നിവ ഉണ്ട്.

## അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

### പ്രശ്നങ്ങള്

ആധുനിക സേവനങ്ങൾ നൽകാന് പറ്റുന്ന വിധത്തിലുള്ള പഞ്ചായത്ത് കെട്ടിടത്തിന്റെ അഭാവം.റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാത്തത് ഘടക സ്ഥാപനങ്ങൾ സമഗ്ര കമ്പ്യൂട്ടർ വൽകരണം നടപ്പിക്കാത്തത് സ്ഥിരം ജീവനക്കാരുടെ അഭാവം ഫ്രണ്ട് ഓഫീസ് സൌകര്യമില്ലായ്മ.ആരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം ഇല്ലാത്തത്.റോഡുകളുടെ വീതിയില്ലായ്മ.കനാൽ റോഡുകളിലെ കൈവരി സ്ഥാപിക്കാത്തത്.ഡ്രൈനേജ് നിർമ്മാണം.ആസ്തിയിൽ ഉൾപ്പട്ട റോഡുകള് ടാറോ കോൺക്രീറ്റോ ചെയ്യാത്തത്.

| തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര് കീഴരിയൂര് | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര് പൊതുമരാമത്ത്, വൈദ്യുതി ഊർജ്ജം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | പ്രശ്നത്തിന്റെതീവ്രത | | | | പ്രശ്നത്തിനുള്ളകാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | ലഘു തരം | ഗുരുതരം | അതീവഗുരുതരം | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | ത്ദേശഭരണ സ്ഥാപനത്തിൽ | ഇതരതദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർതലത്തിൽ | സർക്കാറിതരതലത്തിൽ |
| 1 | ബസ് ബേ കീഴരിയൂർ സെന്റർ | ബസ് പാർക്കിംഗിന് സൗകര്യമില്ല | കീഴരിയൂർ സെന്റർ | □ | ✓ | | റോഡിനിരുവശത്തും സൌകര്യക്കുറവ്, വാഹനവർദ്ധനവ് | ✓ | | ✓ | |
| 2 | സുരക്ഷാ കണ്ണാടി | അപകട സാധ്യത | പ്രധാന വളവുകൾ | ✓ | □ | | അപകടസാധ്യത | ✓ | | | |
| 3 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | നാൽക്കവലകളിലെ വെളിച്ചക്കുറവ് | പ്രധാന ടൌണുകൾ | ✓ | | | നാൽക്കവലകളിലെ വെളിച്ചക്കുറവ്, സ്ഥലലഭ്യതക്കുറവ് | ✓ | | | |
| 4 | സോളാർ അധിഷ്ഠിത വഴിവിളക്ക് | ഊർജ്ജ സംരക്ഷണം പരിസ്ഥിതി സൌഹൃദം | കീഴരിയൂർ പഞ്ചായത്ത് | ✓ | | | വ്യാപകമായ വൈദ്യുത ഉപയോഗം | ✓ | ✓ | | |
| 5 | റോഡ് അറ്റകുറ്റപണി | ഗതാഗത സൌകര്യക്കുറവ് | പ്രധാന റോഡുകൾ | ✓ | | | ഗതാഗത സൌകര്യത്തിന് അനുയോജ്യമല്ലാത്ത റോഡുകൾ | ✓ | ✓ | | |

## അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് കീഴരിയൂര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര്:പൊതുമരാമത്ത് വൈദ്യുതി ഊർജം | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്നതന്ത്രവും പ്രവർത്തനങ്ങളും |
| 1 | ബസ് ബേ കീഴരിയൂർ സെന്റര് | വികസിച്ചുവരുന്ന കീഴരിയുർ അങ്ങാടിയില് സുരക്ഷിതമായ യാത്ര | | നിലവിലില്ല | ബസ് ബേ ഇല്ല | സുരക്ഷിത യാത്ര ഉറപ്പാക്കുക | പദ്ധതി പൂർത്തീകരണം | |
| 2 | take a break | യാത്രികർക്ക് വിശ്രമവും മറ്റാവശ്യങ്ങളും നിർവ്വഹിക്കാന് | | നിലവിൽ സൌകര്യമില്ല | സൌകര്യങ്ങളില്ല | യാത്രികർക്ക് വിശ്രമവും ലഘുഭക്ഷണ ലഭ്യതയും | പദ്ധതി പൂർത്തീകരണം | |
| 3 | സുരക്ഷ കണ്ണാടി സ്ഥാപിക്കൽ | വാഹനങ്ങൾക്ക് അപകടരഹിതമായി കടന്നുവെക്കാൻ | | നിലവിൽ സൌകര്യമില്ല | ഇല്ല | സുരക്ഷിതവും അപകടരഹിതവുമായ യാത്ര ഉറപ്പാക്കുക | പദ്ധതി പൂർത്തീകരണം | |
| 4 | സോളാർ അധിഷ്ഠിത വഴിവിളക്കുകൾ | അപകടരഹിതയാത്ര | | നിലവിൽ വൈദ്യുതി വിളക്കുകൾ മാത്രം | വൈദ്യുതി വിളക്കുകൾ | പഞ്ചായത്തിൽ എല്ലാവാർഡുകളിലും ഊടുവഴികളിലും വെളിച്ചമെത്തിക്കുക | പദ്ധതി പൂർത്തീകരണം | |
| 5 | ഹൈമാസ്റ്റ് ലൈറ്റ് | നാൽക്കവലകളില് പ്രകാശമെത്തിക്കുക | | | 2 സ്ഥലങ്ങളിൽ മാത്രം | നാൽകവലകളില് വെളിച്ചമെത്തിക്കുക | പദ്ധതി പൂർത്തീകരണം | |
| 6 | പ്രധാനറോഡുകളുടെ അറ്റകുറ്റപ്പണികൾ | സുഗമമായ റോഡുയാത്ര ഉറപ്പാക്കുക | | ചിലറോഡുകളിൽ റിപ്പയറിംഗ് നടന്നിട്ടുണ്ട് | പലറോഡുകളിലും റിപ്പയറിംഗ് നടത്താനുണ്ട് | സുഗമമവും സുരക്ഷിതവുമായ യാത്ര ഉറപ്പാക്കുക | പദ്ധതി ഘട്ടംഘട്ടമായി പൂർത്തീകരിക്കല് | |

# അധ്യായം 4

## സംയോജന സാധ്യതകൾ

| | | |
|---|---|---|
| 1 | ഗതാഗതറോഡ്പ്രവൃത്തികള് | തൃതലപഞായത്ത്തൊഴിലുറപ്പ്പദ്ധതി |
| 2 | അംഗനവാടികെട്ടിടം | തൃതലപഞ്ചായത്തുംസര്ക്കാര് |
| 3 | മത്സ്യമാര്ക്കറ്റ് | സര്ക്കാര് |
| 4 | മഴക്കാലവെള്ളക്കെട്ട്,ഡ്രൈനേജ് | തൊഴിലുറപ്പ് |
| 5 | ഫുട്പാത്ത്നിര്മ്മാണം | തൊഴിലുറപ്പ് |
| 6 | ഊര്ജ്ജസംരക്ഷണം | അനര്ട്ട്,KSEB |
| 7 | ഉറവിടമാലിന്യസംസ്ക്കരണം | തൊഴിലുറപ്പ് |
| 8 | തോടുകള് കുളങ്ങള് വീണ്ടെടുപ്പ് | തൊഴിലുറപ്പ് |

# 10

# കുടിവെള്ളം ശുചിത്വം

# അധ്യായം-1

## നിലവിലെ അവസ്ഥ

ജനകീയാസൂത്രണ പ്രസ്ഥാനത്തിന് മുൻപെ കീഴരിയൂര് കുടിവെള്ള ക്ഷാമം നേരിടുന്ന പ്രദേശമാണ്. കീഴരിയൂരിന്റെ മൂന്ന് ഭാഗങ്ങളിലും പുഴയും തോടുകളും കിഴക്കു ഭാഗം വലിയ കുന്നും പ്രദേശവുമാണ്. വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന കോരപ്ര, തെക്കുംമുറി, വടക്കുംമുറി, വല്ലിപ്പടി, കീരംകുന്ന്, ഒറോക്കുന്ന്, നടുവത്തൂർ, തത്തംവള്ളിപൊയിൽ കുന്നോത്ത്മുക്ക്, നമ്പ്രത്ത്കര, നടേരിഎന്നിവിടങ്ങളിലാണ്. 1996 ന് ശേഷം വ്യത്യസ്ത പദ്ധതികൾ നിലവിൽ വന്നു, അതിൽ 2013 ൽ ആരംഭിച്ച് 2016 ൽ ജലനിധിപദ്ധതിയിലൂടെ പൂർത്തീകരിച്ച 17 കുടിവെള്ള പദ്ധതികളാണ് പ്രധാനം.

| ക്രമ നം. | പേര് | വാർഡ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കുഴുമ്പില് | 2 | 32 |
| 2 | തിരുവണ്ടാംകുന്ന് | 6 | |
| 3 | കുന്നമ്പത്ത് | 9 | 60 |
| 4 | കീരൻകുന്ന് | 12 | 46 |
| 5 | മാപ്രകുന്ന് | 12 | 47 |
| 6 | മണ്ണാടികുന്ന് | 11 | 39 |
| 7 | ഈന്തൻകണ്ടി | 11 | |
| 8 | നെല്ലിയുള്ളതിൽ | 9 | 62 |
| 9 | വടക്കുംമുറി | 1 | 84 |
| 10 | നായാടൻപുഴ | 6,7,8 | 118 |
| 11 | തത്തംവള്ളിപൊയിൽ | 10 | 513 |
| 12 | മാവിൻചുവട് | 3 | |
| 13 | അരയനാട്ടുപാറ | 4 | 49 |
| 14 | രാരോത്ത് മീത്തൽ | 5 | |

65 വീടുകളിലുംസ്വന്തമായികിണറുള്ളകുംടുംബങ്ങളാണ്കീഴരിയൂര് പഞ്ചായത്തിലുള്ളത്. എന്നിരുന്നാലുംവേനല്ക്കാലത്ത്കിണറുകള് വറ്റികുടിവെള്ളക്ഷാമംരൂക്ഷമാവുന്നു. ഈസാഹചര്യത്തില് പഞ്ചായത്ത്ടെണ്ടര് നടപടികള് സ്വീകരിച്ച്അത്തരംസ്ഥലങ്ങളില് കുടിവെള്ളംഎത്തിക്കാറുണ്ട്. ജലജീവന് മിഷന് പദ്ധതിയിലൂടെമുഴുവന് വീടുകളുംകുടിവെള്ളമെത്തിക്കാനുള്ളപ്രാരംഭപ്രവര്ത്തനത്തിലാണ്.

## രൂക്ഷമായികുടിവെള്ളക്ഷാമംനേരിടുന്നപ്രദേശങ്ങള്

## വാർഡ് 10

പറയരു കണ്ടി ഭാഗം

ചാമ വളപ്പിൽഭാഗം

ചെറുവത്ത്ഭാഗം

താനിയുള്ളതിൽ ഭാഗം

നാരങ്ങോളി മീത്തൽ ഭാഗം

കൊയരി ഭാഗം

## വാർഡ് 12

എടോത്ത് മീത്തൽ

ഉണിക്യാംകണ്ടി

തടത്തിൽമീത്തല്

11, 12 വാർഡ് ഉൾപ്പെട്ട മണ്ണാടി ഭാഗം

## വാർഡ് 1

കുന്നുംപുറം ഭാഗം

കാരക്കുന്നത്ത് ഭാഗം

## വാർഡ് 11

കുനിപ്രമല.

തിരുമംഗലത്ത് താഴെ

മണ്ണാടികോളനി

## വാർഡ് 13

തറോൽമുക്ക് കേളോത്ത് കുന്ന് ഭാഗം

കോരപ്ര പൊടിയാടി ഭാഗം

അരയാട്ട് ലക്ഷം വീട് ഭാഗം

## വാർഡ് 7

കുഴിപ്പടന്നയിൽ ഭാഗം

ഞേറക്കൊടി ഭാഗം

കോഴി പ്പുറത്ത് മീത്തൽ

പരവന്റെ വളപ്പിൽ

## വാർഡ് 4

പുതുശ്ശേരി കുഴി.

കളരിക്കണ്ടി ഭാഗം

## വാർഡ് 2

അണ്ടിച്ചേരിതാഴ,

ചാലിൽ ഭാഗം പുള്ളിയോത് ഭാഗം,

അച്ചറമ്പത് മുക്ക്,

## വാർഡ് 9

രാജീവ് കോളനി

ആശ്രമ ഹൈസ്കൂൾ ഭാഗം

നെല്ലി ഉള്ളതിൽ ഭാഗം

## വാർഡ് 8

പെരുവാകുറ്റി ഭാഗം,

മൂടക്കുനി ഭാഗം -

വലിയെടുത്ത് മീത്തൽ ഭാഗം-

പാറക്കണ്ടി ഭാഗം

## വാർഡ് 6

ഒറോകുന്നുമ്മൽ

പാറക്കി മീത്തൽ

കരള്ളേരിമീത്തൽ

## ശുചിത്വം

25 വർഷം മുമ്പ് കീഴരിയൂര് ഗ്രാമപഞ്ചായത്തിന്റെ പരിധിയില് വിപുലമായ അങ്ങാടികളും ആളുകൾ കൂടുന്ന സ്ഥലങ്ങളും കുറവായിരുന്നു.പൊതു സ്ഥലങ്ങളിൽ വെച്ച് മത്സ്യവും മാംസ്യവും വിൽക്കുന്ന രീതിയും ഇല്ലായിരുന്നു. ഭൂരിഭാഗം വീടിനോടനുബന്ധിച്ച് കക്കൂസും ഇല്ലായിരുന്നു അതുപോലെ തന്നെ സ്വന്തമായ കിണറുകളും ഇല്ലായിരുന്നു.

### ഇന്നത്തെ അവസ്ഥ

1996 ന് ശേഷം കീഴരിയൂർ ഗ്രാമപഞ്ചായത്തില് വളർച്ചയും കാണാന് കഴിയുന്നു.ത്യതല പഞ്ചായത്തുകളുടെയും സർക്കാരിന്റെയും വിവിധ പദ്ധതികളിലൂടെ പ്രകടമായ മാറ്റങ്ങളാണ് പഞ്ചായത്തിൽ ഉണ്ടായത്.കീഴരിയൂർ സെന്റര്,നടുവത്തൂർ,നടുവത്തൂർ പോസ്റ്റ് ഓഫീസ്,നമ്പ്രത്ത്കര,കുന്നോത്ത് മുക്ക്,അണ്ടിച്ചേരിതാഴ,തുടങ്ങിയ പ്രദേശങ്ങൾ അങ്ങാടികളായി മാറുകയും അതുകൊണ്ട് തന്നെ ആളുകൾ വിവിധ ആവശ്യങ്ങൾക്കായി ഈ പ്രദേശങ്ങളില് ഒത്തുചേരുകയും ചെയ്യുന്നു.കോഴിപ്പീടികളും ഇറച്ചികടകളും,മത്സ്യ വിതരണ കേന്ദ്രങ്ങളും ഉയർന്നു വന്നു.98 % വീടുകളിലും സ്വന്തമായി കക്കൂസ് നിലവിലുണ്ട്.ഭൂരിഭാഗം വീടുകളിലും കിണർ നിലവിലുണ്ട്.

ശുചിത്വകേരളം പദ്ധതിയുടെ ഭാഗമായി നമ്മുടെ ഗ്രാമപഞ്ചായത്തിന് ശുചിത്വ പദവി നേടിയെടുക്കുന്നതിനായി താൽക്കാലിക എംസിഎഫ്, എല്ലാ വാർഡുകളിലും മിനി എം.സി.എഫ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എം സി എഫ് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ/സാധ്യത

ശുദ്ധജലത്തിന്റെ ലഭ്യത ചില സമയങ്ങളില് കുടിവെള്ള സ്രോതസ്സുകളില് ഉപ്പ് വെള്ളം കയറി മലിനമാകും.കുടിവെള്ള പദ്ധതികളുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമായി മോട്ടോറുകളും പൈപ്പുകളും തകരാറിലായി പ്രവർത്തനം നിശ്ചലമാക്കുന്ന അവസ്ഥയും നിലവിലുണ്ട്. അമിതമായ പ്ലാസ്റ്റിക്ക് ഉപയോഗവും പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ സംസ്കരണത്തിനുള്ള സംവിധാനത്തിൻറെ അപര്യാപ്തത.നിയമങ്ങൾ കർശനമായി പ്രയോഗിക്കാതിരിക്കൽ,പൊതുവിഭവങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ ,സൈൻ ബോർഡുകളുടെ അപര്യാപ്തത ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സംവിധാന കുറവ്.MCF ,MINI MCF കളുടെയും നീക്കം ചെയ്യാനുള്ള വാഹനത്തന്റെയും അഭാവം,ഹരിതകർമ്മസേന അംഗങ്ങൾക്കുള്ള പരിശീനത്തിന്റെയും അനുബന്ധ ഉപകരകണങ്ങളുടെയും അപര്യാപ്തത,കിണർ റീചാർജ് ചെയ്യാത്തതിന്റെ പോരായ്മ.

## സാധ്യത

ഉപ്പുവെള്ളം കയറാതിരിക്കാൻ VCB യുടെ നിർമ്മാണം.നിലവിലുള്ള ഗുണഭോക്തൃ ഗ്രൂപ്പ് കാര്യക്ഷമമാക്കുക.ജലജീവൻ മിഷന് സമയബന്ധിതമായി നടപ്പാക്കുക.രണ്ടാം ഘട്ടത്തില് വ്യാപാര സ്ഥാപനങ്ങൾക്കും പൊതുയിടങ്ങളിലും കണക്ഷൻ നൽകുക.അമിതമായ പ്ലാസ്റ്റിക്ക് ഉപയോഗത്തിനെതിരെ സ്ക്കൂൾ തലത്തില് ക്യാമ്പെൻ സംഘടിപ്പിക്കുക.ഉറപ്പിടമാലിന്യങ്ങൾ സംസ്ക്കരിക്കാന് സാധ്യതകൾക്കനുസരിച്ച് വിവിധ പദ്ധതികള് ആവിഷ്കരിക്കുക(റിംഗ്,പൈപ്പ് തുടങ്ങിയവ).ആവശ്യമായ സ്ഥലത്ത് MINI MCF ,MCF സ്ഥാപിക്കുക.പൊതുസ്ഥലങ്ങളിൽ ശുചീകരണത്തിന് വേണ്ടി പഞ്ചായത്ത് ജീവനക്കാരെ നിയമിക്കുക.

2025-26 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെവിശദാംശങ്ങള്
തദ്ദേശഭരണസ്ഥാപനത്തിന്റെ പേര്:കീഴരിയൂർവർക്കിംഗ് ഗ്രൂപ്പിന്റെ പേര്: ശുചിത്വം കുടിവെള്ളം

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം | ഭൌതികം | സാമ്പത്തികം | ഭൌതികം | |
| 1 | 4 | വരൾച്ച ബാധിത പ്രദേശങ്ങളില് കുടിവെള്ളം വിതരണം | NEW | GEN | 650000 | വരൾച്ച പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കൽ | 607530 | വരൾച്ച പ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കൽ | നടപ്പിലാക്കി |
| 2 | | ഗാർഹിക കക്കൂസ് നിർമ്മാണം | NEW | GEN | 600000 | ശുചിത്വം | 0 | ശുചിത്വം | നടപ്പിലാക്കി വരുന്നു |
| 3 | 114 | മിനി എംസിഎഫ് സ്ഥാപിക്കല് | NEW | GEN | 200000 | പൊതുയിടങ്ങളിലെ പ്ലാസ്റ്റിക്ക് മാലിന്യം സംസ്ക്കരണം | 0 | പൊതുയിടങ്ങളിലെ പ്ലാസ്റ്റിക്ക് മാലിന്യം സംസ്ക്കരണം | നടപ്പിലാക്കി വരുന്നു |
| 4 | 17 | തേവർകണ്ടി കുടിവെള്ളപദ്ധതി മോട്ടോർ പമ്പ് സെറ്റ്സ്ഥാപിക്കൽ | SO | GEN | 200000 | കുടിവെള്ളം ലഭ്യമാക്കല് | 0 | കുടിവെള്ളം ലഭ്യമാക്കൽ | നടപ്പിലാക്കി വരുന്നു |

## അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണസ്ഥാപനത്തിന്റെ പേര് | | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര്:കുടിവെള്ളം ശുചിത്വം | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെതീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ളകാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽഏറ്റെടുക്കാന് കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | | ലഘുതരം | ഗുരുതരം | അതീവഗുരുതരം | | ത്ദേശഭരണ സ്ഥാപനത്തിൽ | ഇതരതദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർതലത്തിൽ | സർക്കാറിതര തലത്തിൽ |
| 1 | ജലജീവൻ മിഷൻ | | പഞ്ചായത്ത് പ്രദേശം | □ | ✓ | | പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പേർക്കും ശുദ്ധജലത്തിന്റെ ദൌർലഭ്യം | | | ✓ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2 | അഴകുള്ള അങ്ങാടി | | പഞ്ചായത്ത് പ്രദേശം | ✓ | | | പഞ്ചായത്തിലെ മുഴുവൻ അങ്ങാടികളും ഇപ്പോൾ ഭാഗികമായി മാത്രംശുചിത്വ പൂർണമാണ് | | | | |
| 3 | ഗാർഹികമാലിന്യ സംസ്കരണം | ഇപ്പോൾ ഭാഗികമായി മാത്രം മാലിന്യ സംസ്കരണം | പഞ്ചായത്ത് പ്രദേശം | ✓ | | | പദ്ധതി പഞ്ചായത്ത് മുഴുവൻ വ്യാപിപിച്ച് സംസ്ക്കരണംപൂർത്തിയാക്കുക | ✓ | | | |
| 4 | MCFവാഹനം | | പഞ്ചായത്ത് പ്രദേശം | ✓ | | | MCR ലെത്തുന്ന മാലിന്യം ട്രാൻസ്പോർട്ട് ചെയ്യുന്നതിനുള്ള വാഹനംഇല്ല | ✓ | | | |
| 5 | ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഉപകരണങ്ങൾ | | പഞ്ചായത്ത് പ്രദേശം | ✓ | | | ഉപകരണങ്ങളുടെ അപര്യാപ്തത മൂലം വേഗത്തിലും സുരക്ഷിതവുമായി മാലിന്യങ്ങൾ നീക്കം ചെയ്യപ്പെടുന്നില്ല | ✓ | ✓ | ✓ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 6 | MCF | | പഞ്ചായത്ത് പ്രദേശം | ✓ | | | MCF ന്റെ അഭാവം മൂലം ഖരമാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാൻകഴിയുന്നില്ല | ✓ | | | |
| 7 | റിംഗ് കമ്പോസ്റ്റ് | | പഞ്ചായത്ത് പ്രദേശം | ✓ | | | റിംഗ് കമ്പോസ്റ്റ് മുതലായ സംസ്ക്കരണ രീതികളുടെ അഭാവം മൂലം ശരിയായരീതിയിൽ സംസ്ക്കരണം നടക്കുന്നില്ല | ✓ | | | |

## അധ്യായം 3

## 2023-24 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെപേര്:കുടിവെള്ളം, ശുചിത്വം | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്നതന്ത്രവും പ്രവർത്തനങ്ങളും |
| 1 | ജലജീവൻ മിഷൻ | പഞ്ചായത്തിലെ മുഴുവൻപേർക്കും ശുദ്ധജലം ലഭ്യമാക്കുക | | മുഴുവൻപേർക്കും വേനൽക്കാലം ശുദ്ധജലം ലഭ്യമല്ല | വേനൽകാലത്ത് ശുദ്ധജല ദൌർലഭ്യം | എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക | എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുക | ആവശ്യമായ തുക പഞ്ചായത്ത് നീക്കിവെക്കുക |
| 2 | അഴകുള്ള അങ്ങാടി | മുഴുവൻ അങ്ങാടികളും ശുചിത്വ പൂർണ്ണവും ഭംഗിയുള്ളതും ആക്കുക | | നിലവിൽ പദ്ധതി ഇല്ല | നിലവിൽ പദ്ധതി ഇല്ല | മുഴുവൻ അങ്ങാടികളും ശുചിത്വമുള്ളതാക്കുക | മുഴുവൻ അങ്ങാടികളും ശുചിത്വമുള്ളതാക്കുക | |
| 3 | ഗാർഹിക മാലിന്യ സംസ്കരണം | മാലിന്യ മുക്ത ഗാർഹിക പരിസരവും പഞ്ചായത്തും സൃഷ്ടിക്കുക | | ഭാഗികമായ മാലിന്യ സംസ്ക്കരണം | ഭാഗികമായ മാലിന്യ സംസ്ക്കരണം | മാലിന്യമുക്തപഞ്ചായത്ത് | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | MCFന് വാഹനം | MCR ലെത്തുന്ന മാലിന്യം TRANSPORT ചെയ്യുന്നതിന് | | നിലവിൽ ഇല്ല | നിലവിൽ ഇല്ല | MCR ലേക്ക് മാലില്യം കൊണ്ടുപോകാൻ സൌകര്യം | MCR സൌകര്യം ഒരുക്കൽ | |
| 5 | ഹരിതകർമ്മസേന അംഗങ്ങൾക്ക് ഉപകരണങ്ങൾ | ആത്മവിശ്വാസത്തോടെയും സുരക്ഷിതമായും തൊഴിലിൽ ഏർപ്പെടുക | | നിലവിൽ ഉപകരണങ്ങൾ ലഭ്യമല്ല | നിലവിൽ ഉപകരണങ്ങൾ ലഭ്യമല്ല | ആത്മവിശ്വാസത്തോടെയും സുരക്ഷിതമായും തൊഴിലിൽ ഏർപ്പെടുക | ആത്മവിശ്വാസത്തോടെയും സുരക്ഷിതമായും തൊഴിലിൽ ഏർപ്പെടുക | |
| 6 | MCF | ഖരമാലിന്യ സംസ്ക്കരണം പ്രാദേശിക തലത്തിൽ | | നിലവിലില്ല | നിലവിലില്ല | MCR സ്ഥാപിക്കുന്നതിലൂടെ പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാണം | പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാണം | |
| 7 | റിംഗ് കമ്പോസ്റ്റ് | | | | | | | |

## അധ്യായം 4

## സംയോജനസാധ്യതകൾ

ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുടെ ഫണ്ടുകൾ ഉപയോഗിച്ച് കിണര് റീചാർജ്ജ് നടപ്പിലാക്കുക.പഞ്ചായത്തിൽ ചുരുങ്ങിയത് 2 MCF എങ്കിലും ജില്ലാ പഞ്ചായത്തിന്റെ സഹായത്താൽ സ്ഥാപിക്കുക.ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തി സ്ക്കൂളുകളിലും പൊതു സ്ഥാപനങ്ങളിലും മാലിന്യ ബോക്സുകള് സ്ഥാപിക്കുക.സർക്കാര് സർക്കാര് സഹായത്താല് ജലജീവന് മിഷന് ത്വരിതപ്പെടുത്തുക.മഴക്കാലങ്ങളിൽ ജനകീയ ഇടപ്പെടലുകളിലൂടെ പൊതുസ്ഥലങ്ങള് ശുചീകരിക്കുക.

# 11

# പട്ടികജാതി വികസനം

# അധ്യായം-1

## നിലവിലെ അവസ്ഥ

2021-22 ല് 971 പുരുഷൻമാരും 920 സ്ത്രീകളുമടക്കം 1790 ആണ് ഇന്നത്തെ ജനസംഖ്യ.ജനകീയാസൂത്രണത്തിന്റെ തുടക്കത്തില് ഇവര് മിക്കവരും ഓലമേഞ്ഞതും ചുരുക്കം ചിലർ ഓടിട്ട വീട്ടിലുമായിരുന്നു അധിവസിച്ചിരുന്നത്.വാസയോഗ്യമായ വീടില്ലാത്ത അവസ്ഥ വളരെ കൂടുതലായിരുന്നു.ഒരു വീട്ടിൽ തന്നെ നിരവധി കുടുംബങ്ങൾ ഒന്നിച്ചുതാമസിച്ചിരുന്നു.എന്നാൽ ഇന്ന് ഏതാണ്ട് എല്ലാവർക്കും സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിച്ചിട്ടുണ്ട്.ഭൂരിഭാഗം കുടുംബവും കാർഷിക വൃത്തിയിലൂടെയും കൈതൊഴിലിലൂടെയും ജീവൻസാരണം നടത്തി വന്നിരുന്നുള്ള ഗവൺമെന്റ് ജോലിയില് ഏർപ്പെട്ടിരുന്നവര് വിരലിലെണ്ണാവുന്നവരാണ്.എന്നാൽ ഇന്ന് 10 കോളനികളിലായി 18 ഗവൺമെന്റ് ഉദ്യോഗസ്ഥരാണ് ജോലി ചെയ്യുന്നത്.എല്ലാ കോളനികളിലും ശുദ്ധജല ലഭ്യതയും വൈദ്യുതിയും ഉറപ്പാക്കിയിട്ടുണ്ട്.കോയിത്തുമൽ കോളനി ഒഴഌകെ മറ്റല്ലാ കോളനികളും ഇന്ന് ഗതാഗത യോഗ്യമാണ്.കോളനികളിലെ മുഴുവൻ കുട്ടികളും പ്രാഥമിക വിദ്യാഭ്യാസം നേടിയിട്ടുണ്ട്.ജനകീയാസൂത്രണം നടപ്പിലാക്കിതിലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഇടപ്പെടലുകൾ ഉണ്ടായിട്ടുണ്ട്.2021 ആവുമ്പോഴേക്ക് 21 പഠന മുറികള് നൽകാന് വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിലൂടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

## പരിമിതികൾ വിലയിരുത്തലുകള്

ഗവൺമെൻറിൻറേയും ത്രിതല പഞ്ചായത്തുകളുടെയും ഇടപ്പെടലുകളിലൂടെ അടിസ്ഥാന സൗകര്യങ്ങളിൽ കാലികമായ മാറ്റങ്ങള് ഉണ്ടാക്കാന് കഴിഞ്ഞിട്ടുണ്ട്.കുട്ടികളഉടെ പഠനസൗകര്യങ്ങൾ ഉയർത്തുന്നതില് ഇടപ്പെലുകള് ആവശ്യമാണ്.കോയിത്തുമ്മൽ കോളനിയിലെ യാത്രാ സൗകര്യത്തില് അപര്യാപ്തത പരിഹരിക്കണം.കോളനികളിലെ പഠന നിലവാരം മെച്ചപ്പെടുത്താൻ പൊതുപഠനകേന്ദ്രങ്ങളുടെ നിർമ്മാണം ആവശ്യമാണ്.പുതലമുറയിലെ യുവതീ യുവാക്കൾക്ക് സ്വയം തൊഴില് കണ്ടെത്തുന്നതിന് സംരംഭകത്വ പരിശീലനത്തിന്റെ അപര്യാപ്തതയുടെ പായനെയ്ത്ത് തുടങ്ങി പരമ്പരാഗത തൊഴിലുകളുടെ പുനരുദ്ധാരണത്തിന് പദ്ധതികള് ആവശ്യമാണ്. ഭവനരഹിതർക്ക് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ശ്രദ്ധ വേണം.

| 2025-26 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ<br>തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: കീഴരിയൂർ വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: പട്ടികജാതി വികസനം | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | പ്രോ ജക്ട് നമ്പർ | പ്രോജക്ട് പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ | |
| | | | | | സാമ്പത്തികം | ഭൌതികം | സാമ്പത്തികം | ഭൌതികം | | |
| 1 | 158 | LIFE MISSION വായ്പ തിരിച്ചടവ് | NEW | SC | 188680 | ഭവനം | 188680 | ഭവനം | നടപ്പിലാക്കി | |
| 2 | 37 | LIFE ഭവനം(പട്ടികജാതി വിഭാഗം) | NEW | SC | 2210358 | ഭവനം | 1540000 | ഭവനം | നടപ്പിലാക്കി വരുന്നു | |
| 3 | 38 | വീട് വാസയോഗ്യമാക്കൽ പട്ടികജാതി | SO | SC | 383642 | SC വിഭാഗത്തിന്റെ താമസസൌകര്യം | 158642 | SC വിഭാഗത്തിന്റെ താമസസൌകര്യം | നടപ്പിലാക്കി വരുന്നു | |
| 4 | 137 | മെറിറ്റോറിയസ് സ്കോളർഷിപ്പ് | NEW | SC | 206000 | എസ് സി വിദ്യാർത്ഥികൾക്ക് പഠനസഹായം | 206000 | എസ് സി വിദ്യാർത്ഥികൾക്ക് പഠനസഹായം | നടപ്പിലാക്കി വരുന്നു | |

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് | | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:പട്ടികജാതി വികസനം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപമേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | | ത്ദേശ ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാർ തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | വീട് റിപ്പയറിംഗ് | സുരക്ഷിതമായ താമസ സൌകര്യങ്ങളുടെ അപര്യാപ്തത | പഞ്ചായത്ത് പ്രദേശം | ✓ | | | നിലവിലുള്ള സൌകര്യങ്ങൾ കൂടിതൽ അർഹരായവരിലേക്ക് വ്യാപിപ്പിക്കുക | ✓ | | ✓ | |
| 2 | പഠനോപകരണങ്ങൾ വിതരണം ചെയ്യുക | എല്ലാ പഠിതാക്കൾക്കും പഠനോപകരണങ്ങളുടെ ലഭ്യത കുറവ് | പഞ്ചായത്ത് പ്രദേശം | ✓ | | | അർഹരായവർക്ക് പഠനോപകരണങ്ങൾ പൂർമായും ലഭ്യമാക്കിയിട്ടില്ല | | | ✓ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | മെറിറ്റ് കം സ്കോളർഷിപ്പ് പദ്ധതി | | പഞ്ചായത്ത് പ്രദേശം | ✓ | | | യോഗ്യരായ എല്ലാവർക്കും സ്കോളർഷിപ്പിന്റെ അപര്യാപ്തത | | | ✓ | |
| 4 | പായ നെയ്ത്ത് പ്രോത്സാഹനം | | പഞ്ചായത്ത് പ്രദേശം | ✓ | | | പാരമ്പര്യ തൊഴിലുകൾ വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ല | ✓ | | | |
| 5 | ഭവന സമുച്ചയ നിർമ്മാണം | | പഞ്ചായത്ത് പ്രദേശം | ✓ | | | ആധുനിക സൌകര്യങ്ങളുള്ള വീടുകളുടെ അഭാവം | | | ✓ | |
| 6 | കോളനികളിൽ പൊതു പഠന കേന്ദ്രം | | പഞ്ചായത്ത് പ്രദേശം | ✓ | | | കോളനികളിലെ വിദ്യാർത്ഥികൾക്ക് ആധുനിക പഠന സൌകര്യങ്ങളുടെ അപര്യാപ്തത | ✓ | | ✓ | |
| 7 | ഗ്രൂപ്പ് ഫാമിംഗ്(ആട്, കോഴി,പോത്ത്) | | പഞ്ചായത്ത് പ്രദേശം | ✓ | | | സംഘകൃഷിയുടെ അപര്യാപ്തത | | | | |
| 8 | വയോജന പരിപാലനം | | പഞ്ചായത്ത് പ്രദേശം | ✓ | | | നിലവിൽ എല്ലാ വയോജനങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തിയിട്ടില്ല | | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 9 | ഉൾനാടന് മത്സ്യകൃഷി പ്രോത്സാഹനം | | പഞ്ചായത്ത് പ്രദേശം | ✓ | | | പുഴയോരങ്ങൾ കുളങ്ങൾ വയലുകള് എന്നിവ മത്സ്യകൃഷിക്ക് ഉപയുക്തമായ രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല | ✓ | | ✓ | |
| 10 | സംരഭകത്വം പഠിപ്പിക്കുക | | പഞ്ചായത്ത് പ്രദേശം | ✓ | | | യോഗ്യരായ സംരഭകർക്ക് പരിശീലനത്തിന്റെ അപര്യാപ്തത | ✓ | | ✓ | |
| 11 | വിവാഹ ധനസഹായം | | പഞ്ചായത്ത് പ്രദേശം | ✓ | | | സാമ്പത്തിക വിഷമത അനുഭവിക്കുന്നവരുടെ പെൺമക്കളുടെ വിവാഹധനസഹായത്തിലൂടെ ദാര്യദ്യ ലഘൂകരണം | | | | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:പട്ടികജാതി വികസനം | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപമേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | വീട് റിപ്പയറിംഗ് | സുരക്ഷിതമായ താമസ സൌകര്യം ഒരുക്കൽ | സുരക്ഷിതമായി താമസ സൌകര്യം ഒരുക്കൽ | നിലവിൽ ഭാഗികമായ സഹായം നൽകുന്നതിന് | | എല്ലാവർക്കും സുരക്ഷിതമായ താമസസൌകര്യം ഉറപ്പാക്കുക | പദ്ധതി പൂർത്തീകരണം | |
| 2 | പഠനോപകരണങ്ങൾ വിതരണം ചെയ്യൽ | പഠിതാക്കൾക്ക് പഠനത്തിനാവശ്യമായ ഉപകരണം എത്തിക്കുക | പഠിതാക്കളെ പഠന മികവിലെത്തിക്കുക | ഭാഗികമായി പദ്ധതി നിലവിലുണ്ട് | | എല്ലാവർക്കും മികച്ച പഠനത്തിനുള്ള ഭൌതിക സാഹചര്യം സൃഷ്ടിക്കുക | പദ്ധതി പൂർത്തീകരണം | |
| 3 | മെറിറ്റ് കം സ്കോളർഷിപ്പ് പദ്ധതി | പഠനമികവ് ഉള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുക | മികച്ച നിലയിൽ വിദ്യാഭ്യാസം പൂർത്തികരിക്കുക | നിലവിൽ പദ്ധതി ഇല്ല | | യോഗ്യരായ മുഴുവൻ പേർക്കും സ്കോളർഷിപ്പ് എത്തിക്കുക | പദ്ധതി പൂർത്തീകരണം | |
| 4 | പായ നെയ്ത്ത് പ്രോത്സാഹനം | പരമ്പരാഗത തൊഴിൽ സംരക്ഷണവും പ്രോത്സാഹനവും | നിലവിൽ പദ്ധതി ഇല്ല | നിലവിൽ പദ്ധതി ഇല്ല | | പാരമ്പര്യ തൊഴിൽ സംരക്ഷിച്ചു മെച്ചപ്പെട്ട സാമ്പത്തിക സുരക്ഷിതമാക്കുക | പദ്ധതി പൂർത്തീകരണം | |
| 5 | ഭവന സമുച്ചയ നിർമ്മാണം | കോളനിവാസികൾക്ക് ആധുനിക സൌകര്യങ്ങളോടെ വീടുകൾ | നിലവിൽ പദ്ധതി ഇല്ല | നിലവിൽ പദ്ധതി ഇല്ല | | യോഗ്യരായ കോളനി നിവാസികൾക്ക് മെച്ചപ്പെട്ട വീടുകൾ | പദ്ധതി പൂർത്തീകരണം | സർക്കാര് സഹായത്തോടെ പദ്ധതി പൂർത്തീകരണം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | കോളനികളിൽ പൊതു പഠന കേന്ദ്രം | കോളനികളിലെ വിദ്യാർത്ഥികൾക്ക് ഓൺലൈന് പഠനമുൾപ്പെടെയുള്ള സൌകര്യം | നിലവില് പദ്ധതി ഇല്ല | നിലവിൽ പദ്ധതി ഇല്ല | | എല്ലാ കോളനികളിലെയും വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠനകേന്ദ്രം | പദ്ധതി പൂർത്തീകരണം | |
| 7 | ഗ്രൂപ്പ് ഫാമിംഗ്(ആട്,കോഴി,പോത്ത്) | സംഘകൃഷിയിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം ഉയർത്തുക | | നിലവിൽ പദ്ധതി ഇല്ല | പദ്ധതി നിലവിലില്ല | സംഘകൃഷിലൂടെ മെച്ചപ്പെട്ട ജീവിത നിലവാരം സാമ്പത്തിക സുരക്ഷിതത്വവും | | |
| 8 | വയോജന പരിപാലനം | വയെജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക | | നിലവിൽ പദ്ധതി ഇല്ല | ഭാഗികമായി പദ്ധതി നിലവിൽ | എല്ലാവയോജനങ്ങൾക്കും സംരക്ഷണം ഉറപ്പുവരുത്തുക | | |
| 9 | ഉൾനാടന് മത്സ്യ കൃഷി പ്രോത്സാഹനം | പുഴയോരങ്ങൾ കുളങ്ങൾ വയലുകൾ എന്നിവടങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക | | നിലവിൽ പദ്ധതി ഇല്ല | ഇല്ല | ഉൾനാടന് കൃഷിയിലൂടെ മെച്ചപ്പെട്ട മത്സ്യസമ്പത്തും സാമ്പത്തിക ലാഭവും കൈവരിക്കുക | | |
| 10 | സംരംഭകത്വം പഠിപ്പിക്കുക | യോഗ്യരായ അഭ്യസ്ത വിദ്യാരായവർക്ക്സംരഭകത്വപരിശീലനം | | നിലവിൽ പദ്ധതി ഇല്ല | ഇല്ല | വിവിധങ്ങളായ സംരംഭകത്വത്തിലൂടെ വരുമാനം കണ്ടെത്തുക | | |
| 11 | വിവാഹ ധനസഹായം | സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | നിലവിൽ പദ്ധതി ഇല്ല | ഇല്ല | സാമപ്ത്തികമില്ലാത്തവരുടെ പെൺമക്കളെ കെട്ടിക്കൽ | | |

# അധ്യായം-4

## സംയോജന സാധ്യതകൾ

| | |
|---|---|
| ഭവന സമുച്ചയ നിർമ്മാണം | ജില്ലാ പഞ്ചയത്ത്,സംസ്ഥാന ഗവൺമെന്റ് ഫണ്ട് ലഭ്യമാക്കേണ്ടത് |
| തൊഴിൽ പരിചയം | ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് ധനസഹായം- സാങ്കേതി സഹായം |
| വിവിധ കോളനികളുടെ ആധുനിക വൽകരണം പഠനമുറി-കമ്പ്യൂട്ടര് ലാബ് പൊതു ലൈബ്രറി | ത്രിതല പഞ്ചായത്ത് സംസ്ഥാന ഗവൺമെന്റ് സഹായം |

# 12

# വിദ്യാഭ്യാസം, കല,

# സംസ്കാരം, കായിക വികസനം

## അധ്യായം-1

## നിലവിലെ അവസ്ഥ

ജനകീയാസൂത്രണത്തിന് തുടക്കം കുറിച്ച 1996 നു ശേഷമുള്ള രണ്ടര ദശകക്കാലം നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസം, കല, സാംസ്കാരിക, യുവജനക്ഷേമം, കായികരംഗത്ത് സമഗ്രവും ഗുണപരവുമായ നിരവധി മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. 2022-27 വർഷത്തില് നടപ്പാക്കുന്ന പതിനാലാം പഞ്ചവത്സര പദ്ധതി രേഖയിലൂടെ പഞ്ചായത്തിലെ വിദ്യാഭ്യാസ-കല സാംസ്കാരിക-യുവജനക്ഷേമ-കായിക രംഗത്തെ അവസ്ഥ കൂടുതൽ മെച്ചപ്പെടുത്താന് ഇടപ്പെടലുകള് ഉണ്ടാവേണ്ടതുണ്ട്. 1996 ൽ പഞ്ചായത്തില് ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കൊയിലാണ്ടി പ്രാദേശിക കേന്ദ്രമടക്കം ഒരു ഹൈസ്ക്കൂള് 3 യു പി സ്ക്കൂൾ 4 എൽ പി സ്ക്കൂളുകളും യുവത നവീന എന്നീ സമാന്തര വിദ്യഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. 2022 ൽ 8 വിദ്യാലയങ്ങളിലായാണ് കുട്ടികൾ പഠിച്ചു കൊണ്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഗവൺമെന്റ് സ്ക്കൂൾ നിലവില് ഇല്ലാത്തപക്ഷം പൊതു ഫണ്ട് ഉപയോഗിക്കുന്നതില് വലിയ പരിമിതികൾ ഉണ്ടായിട്ടുണ്ട്. നിലവിൽ 17 അംഗൻവാടികളിലായി 379 കുട്ടികൾ പഠിക്കുന്നുണ്ട്. നിലവിൽ ഹയർസെക്കണ്ടറി അടക്കം വിവിധ സ്ക്കൂളുകളിലായി നിരവധി അധ്യാപകര് ജോലി ചെയ്യുന്നു. 1996 ൽ നിന്നും 2022 ൽ എത്തുമ്പോൾ അധ്യാപകരുടെ എണ്ണം കുറയുകയും അധ്യാപികമാരുടെ എണ്ണം കൂടുയും ചെയ്തിട്ടുണ്ട്. അക്കാദമിക സൌകര്യങ്ങളുടെ കാര്യത്തില് 1996 ൽ നിന്ന് 2022 ൽ എത്തുമ്പോഴേക്ക് ഒരു കുതിച്ചുചാട്ടം ഉണ്ടായിട്ടുണ്ട്.1996 ൽ ലൈബ്രറികള് 5 സ്ക്കൂളുകളിലും ലബോറട്ടറി 4 സ്ക്കൂളുകളിലും ഉണ്ടായിരുന്നെങ്കിൽ 2022 ൽ 8 ലൈബ്രറികളും 8 ലബോറട്ടറികളും ഉണ്ട്.കൂടാതെ എല്ലാ സ്ക്കൂളുകളിലും കുട്ടികൾക്ക് പഠനോപകരണങ്ങളും 5 സ്ക്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്സ്റൂമുകളും മുഴുവൻ സ്ക്കൂളുകളിലും ലാപ്ടോപ്പുകളും വിതരണം ചെയ്തിട്ടുണ്ട്. സ്ക്കൂളുകളുടെ ഭൌതിക സാഹചര്യങ്ങൾ കഴിഞ്ഞ 25 വർഷത്തിനകം വളരെയധികം മെച്ചപ്പെട്ടിട്ടുണ്ട്.എല്ലാ സ്ക്കൂളുകളും സ്ഥിരം കെട്ടിടം ഒരുക്കിയിട്ടുണ്ട്.താൽകാലിക കെട്ടിടത്തില് പ്രവർത്തിക്കുന്ന ഒരു വിദ്യാലയം പോലും പഞ്ചായത്തിൽ ഇല്ല.ടോയ് ലെറ്റുകളും യൂറിനുകളുടെയും എണ്ണം വർധിച്ചിട്ടുണ്ട്.എന്നാൽ 1:50 എന്ന അനുപാതത്തിൽ ഇനിയും എത്തേണ്ടതുണ്ട്.ജലനിധി പദ്ധതി നടപ്പിലാക്കിയതിലൂടെ 8 സ്ക്കൂളുകളിലും girls friendly toilet കൾ നിർമ്മിക്കാന് കഴിഞ്ഞത് ഒരു നേട്ടമാണ്.ശുചിത്വത്തിലും ടോയ് ലെറ്റുകളുടെ പരിപാലനത്തിലും പലസ്ഥാപനങ്ങളും ഇനിയും ഏറെ മുന്നേറേണ്ടതുണ്ട്.പഞ്ചാത്തിലെ മുഴുവൻ സ്ക്കൂളുകളിലും ശുദ്ധജലം ലഭ്യമാണ്.പാചകപുര എല്ലാ സ്ക്കൂളുകളിലും ഉണ്ടെങ്കിലും ഡൈനിംഗ് ഹാള് ഒറ്റ സ്ക്കൂളുകളിലും നിലവിലില്ല.ഹൈസ്ക്കൂൾ ഒഴികെ മറ്റു സ്ക്കൂളുകളിലൊന്നും ആവശ്യമായ കളിസ്ഥലങ്ങളില്ല.3 സ്ക്കൂളുകളിൽ മാത്രമെ കായിക അധ്യാപകര് ഉള്ളു.മറ്റു സ്ക്കൂളുകളിൽ കായിക അധ്യാപകരുടെ സേവനം അനിവാര്യമാണ്.ഫർണിച്ചറുകളുടെ കാര്യത്തില് ഏതാണ്ട് തൃപ്തികരമായി സാഹചര്യം നിലവിലുണ്ട്. പഞ്ചായത്തിൽ ഇപ്പോള് ലൈബ്രററി കൌൺസിലിന്റെ അംഗീകാരമുള്ള 4 ലൈബ്ററികൾ നിലവിലുണ്ട്.അംഗീകാരം ലഭ്യമല്ലാത്ത 3 ലൈബ്രറികളും പ്രവർത്തിച്ചു വരുന്നുണ്ട്.1996 ൽ 5 ലൈബ്രററികളാണ് ഉണ്ടായിരുന്നത്.പുസ്തകങ്ങളുടെ എണ്ണം അംഗങ്ങളുടെ എണ്ണം പ്രതിദിന വിതരണത്തിന്റെ എണ്ണം എന്നിവയില് എല്ലാം മുമ്പത്തെ അപേക്ഷിച്ച് വർധനവുണ്ടായിട്ടുണ്ട്.ധാരാളം കലാ കായിക സമിതികൾ ഉണ്ടായിരുന്നെങ്കില് ഇന്നിവ ഏറെ കുറെ നിശ്ചലാവസ്ഥയിലാണ്.യഥാർത്ഥത്തില് മുമ്പ് കലാകായിക സമിതികൾ ചെയ്തിരുന്ന കാര്യങ്ങള് റെസിഡൻസ് അസോസിയേഷനുകളും

ലൈബ്രററികളും ചിലയിടങ്ങളിൽ സ്വയം സഹായ സംഘങ്ങളും നിർവഹിക്കുന്നുണ്ട്.കായിക രംഗത്ത് നേരത്തെ ഉണ്ടായിരുന്ന അവസ്ഥകൾ ഇന്നും തുടരുന്നത് പരിഹരിക്കപ്പെടേണ്ടതാണ്.നിലവിലുള്ള കീഴരിയൂർ ബോംബ് കേസ് സ്മാരക മന്ദിരം വളർന്നുവരുന്ന തലമുറക്ക് ചരിത്ര പഠന സഹായിയായിമാറാവുന്ന രീതിയിൽ ആധുനിക സൌകര്യങ്ങളോടുകൂടിയ ചരിത്ര മ്യൂസിയമായി മാറ്റേണ്ടതുണ്ട്.

പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമൂഹത്തില് സ്വീകാര്യത വർധിച്ചു.1996 നെ അപേക്ഷിച്ച് അൺഎയ്ഡഡ് സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ തള്ളികയറ്റം ഏതാണ്ട് അവസാനിക്കുകയും പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ആകർഷത വർധിച്ചു.കുട്ടികളുടെ ഭൌതിക സാഹചര്യങ്ങൾ- സ്ഥിരം കെട്ടിടങ്ങൾ girls friendly toilet കൾ പാചകപുര ലബോറട്ടറികൾ ലൈബ്രററികള് കമ്പ്യൂട്ടറുകള് ചില സ്ഥാപനങ്ങളില് സ്മാർട്ട് ക്ലാസുകളും നിലവിലുണ്ട്.വിഷപ്പുരഹിത വിദ്യാലയങ്ങൾ രക്ഷിതാക്കൾക്ക് സ്ക്കൂൾ നടത്തിപ്പിനുള്ള താല്പര്യവും ഇടപ്പെലുകളും വർധിച്ചു. SSG,CPTA,SRGഎന്നിവ ഫലപ്രദമായി.പട്ടികജാതി വിഭാഗക്കാർക്ക് പഠനമുറി ഫർണിച്ചറുകള് പഠനോപകരണങ്ങള് നൽകുകയുണ്ടായി.സാക്ഷരത തുടർ വിദ്യാകേന്ദ്രങ്ങള് നിലവില് വന്നു.

സംസ്ഥാനം നേടിയിരിക്കുന്ന സാർവ്വത്രികവും സമഗ്രവുമായ വിദ്യാഭ്യാസമാണ് നമ്മുടെ എല്ലാ നേട്ടത്തിനും അടിസ്ഥാനം. പൊതുവിദ്യാഭ്യാസ രംഗത്തെ നമ്മുടെ വളർച്ചയാണ് ഇതിന് കാരണം. ഈ മേഖലയിലും സുസ്ഥിരമായ കാഴ്ചപ്പാടോടുകൂടി നമ്മൾ പരിപാടികള് ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ നാം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് സമഗ്ര വിദ്യാഭ്യാസ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ-സാധ്യതകൾ

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ സ്മരിക്കപ്പെടേണ്ട ഒരു ഏടായ കീഴരിയൂർ ബോംബ് കേസിന്റെ ചരിത്രം പുതുതലമുറക്ക് വേണ്ടത്ര ഉൾക്കൊള്ളാനുള്ള സൌകര്യമില്ല.

ശാസ്ത്രീയ കളിസ്ഥലത്തിന്റെ അപര്യാപ്തത പുതുതലമുറയുടെ കായിക കളികളിൽ നിന്ന് അകറ്റി നിർത്തപ്പെടുന്നു.നീന്തൽ പരിശീലനത്തിന്റെ അപര്യാപ്തത,നീന്തൽ കുളങ്ങളുടെ അഭാവവും കുട്ടികളെ നീന്തപരിശീലനത്തില് നിന്ന് മാറ്റി നിർത്തപ്പെടുന്നു.ആധുനിക കളികൾ കുട്ടികൾക്ക് അന്യമാവുന്നു.സ്ക്കൂളുകളുടെയും ലൈബ്രറികളുടെയും ഭൌതിക സൌകര്യങ്ങളുടെ അപര്യാപ്തത പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.കുട്ടികളുടെ കലാപരിശീലനത്തിന് അനുയോജ്യമായ ഇടത്തിന്റെ അഭാവം.

സ്ക്കൂളുകളുടെ ലൈബ്രറികളും ലബോററ്ററികളും കാലികമാക്കാത്തതിന്റെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണം.പരിസ്ഥിതി സൌഹൃദ സ്ക്കൂൾ അന്തരീക്ഷവും രൂപീകരിക്കപ്പെടണം.പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശാസ്ത്രീയ പിൻതുണയുടെ അഭാവം.സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ അഭാവം.

**2025-26 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ** തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: കീഴരിയൂർ വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: വിദ്യാഭ്യാസം

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | SO/NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം | ഭൌതികം | സാമ്പത്തികം | ഭൌതികം | |
| 1 | 4 | SSK വിഹിതം | NEW | GEN | 300000 | സ്കൂളുകളുടെ ഭൌതികസാഹചര്യം മെച്ചപ്പെടുത്തല് | 300000 | സ്കൂളുകളുടെ ഭൌതികസാഹചര്യം മെച്ചപ്പെടുത്തല് | നടപ്പിലാക്കി |
| 2 | 95 | കേരളോത്സവം | NEW | GEN | 50000 | കലാകായിക ക്ഷമത | 0 | | നടപ്പിലാക്കി വരുന്നു |
| 3 | 146 | തുടർസാക്ഷരത ഹയർസെക്കണ്ടറി പരീക്ഷാഫീസ് നൽകൽ | NEW | GEN | 43300 | തുടർസാക്ഷരത പരീക്ഷാഫീസ് നൽകൽ | 0 | തുടർസാക്ഷരത പരീക്ഷാഫീസ് നൽകൽ | നടപ്പിലാക്കി വരുന്നു |
| 4 | 101 | നീന്തൽപരിശീലനം | NEW | GEN | 150000 | | 0 | | നടപ്പിലാക്കി വരുന്നു |

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് കീഴരിയൂർ | | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് വിദ്യാഭ്യാസം, യുവജനക്ഷേമം, കല, സംസ്കാരം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപ മേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/വിഭാഗം | പ്രശ്നത്തിന്റെ തീവ്രത | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| | | | | ലഘു തരം | ഗുരു തരം | അതീവ ഗുരുത രം | | ത്ദേശ ഭരണ സ്ഥാപന ത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനത്തി ൽ | സർക്കാ ർ തലത്തി ൽ | സർക്കാ രിതര തലത്തി ൽ |
| 1 | സ്റ്റേഡിയം നവീകരണം | ശാസ്ത്രീയ കളിസ്ഥലത്തിന്റെ അപര്യാപ്തത | ഫ്രീഡം ഫൈറ്റേഴ്സ് ഗ്രൌണ്ട് | | ✓ | | ആധുനികസൌകര്യങ്ങളോട് കൂടിയ കളിസ്ഥലത്തിന്റെ അഭാവം | | | ✓ | |
| 2 | നീന്തൽകുളം നിർമ്മാണം | നീന്തൽപരിശീലനത്തിന് സൌകര്യമില്ല | നായാടൻപുഴ, ചെറുപുഴഇവിടങ്ങളിൽ നീന്തൽകുളസൌകര്യം | ✓ | | | പരിശീലനത്തിന് നീന്തൽകുളം ഇല്ല | ✓ | | | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 3 | നീന്തൽ പരിശീലനം | നീന്തൽപരിശീലനത്തിന് സൌകര്യമില്ലായ്മ | പഞ്ചായത്തിലെ കുട്ടികൾ അടക്കമുള്ളവർ | ✓ | □ | | നീന്തൽ പഠിക്കാത്തതിനാൽ അപകടം സംഭവിക്കുന്നു | ✓ | | | |
| 4 | സൈൻ ബോർഡ് | ഏത് സ്ഥാപനമാണെന്ന് തിരിച്ചറിയുക | പഞ്ചായത്തിലെ സ്കൂളുകൾ | ✓ | | | | ✓ | | | |
| 5 | സാംസ്കാരിക കേന്ദ്രം | യുവജനങ്ങൾക്ക് കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദി ഇല്ലായ്മ | പഞ്ചായത്തിലുള്ള പ്രദേശം | ✓ | | | സാംസ്കാരിക കേന്ദ്രം ഇല്ലാത്തത് | ✓ | | | |
| 6 | കലാ പരിശീലനം | കലാപരിശീലനത്തിന് സൌകര്യമില്ല ചെണ്ട, നാടൻപാട്ട്, ഉപകരണ സംഗീതം | പഞ്ചായ്ത്തിലെ കുട്ടികൾ | ✓ | | | | □ | | | |
| 7 | തുടർവിദ്യാ കേന്ദ്രം | പഠിതാക്കൾക്ക് തുടർവിദ്യാപഠനത്തിന് സൌകര്യമില്ല | പഞ്ചായത്തിലെ പഠിതാക്കള് | ✓ | | | പരിശീലനത്തിന് സൌകര്യമില്ല | ✓ | | | |
| 8 | മെറിറ്റ് സ്കോളർഷിപ് | | പഞ്ചായത്തിലെ കുട്ടികൾ | ✓ | □ | | കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുക | ✓ | | | |
| 9 | സമഗ്ര വിദ്യാഭ്യാസ പരിശീലനം | കുട്ടികളുടെ സമഗ്ര വികസനം | പഞ്ചായത്ത് പ്രദേശം | ✓ | | | കുട്ടികൾക്ക് അതാത് മേഖലയിലെ പ്രഗൽഭരുടെ പരിശീലത്തിന്റെ അഭാവം | ✓ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 10 | പഠനോപകരണങ്ങൾ ലഭ്യമാക്കൽ | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഉപകരണങ്ങളുടെ ലഭ്യതക്കുറവ് | പഞ്ചായത്ത് പ്രദേശം | ✓ | | | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉന്നമനം | ✓ | | | | |
| 11 | ലബോറട്ടറികൾ കാര്യക്ഷമമാക്കൽ | കാര്യക്ഷമമായ ലബോറട്ടറികളുടെ അപര്യാപ്തതക്കുറവ് | വിദ്യാഭ്യാസ സ്ഥാപനങ്ങൾ എൽപി, യുപി, എച്ച് എസ് | ✓ | | | ലബോറട്ടറി ഉപകരണങ്ങളുടെ ലഭ്യതക്കുറവ് | ✓ | | | | |
| 12 | സ്മാർട്ട് പാരന്റിംഗ് | കുട്ടികളുടെ പഠനത്തിനായി രക്ഷിതാക്കളുടെ ക്രിയാത്മക പങ്ക് ഉറപ്പാക്കൽ | പഞ്ചായത്തിലെ യു പി 7 സ്റ്റാൻഡേർഡിലെ കുട്ടികളുടെ രക്ഷിതാക്കൾ | ✓ | | | കാര്യക്ഷമമായ പാരന്റിംഗിന്റെ അപര്യാപ്തത | ✓ | | | | |
| 13 | സ്കൂൾ ലൈബ്രറി | സ്കൂൾ ലൈബ്രറികൾ ഫലപ്രദമല്ല | എൽപി, യുപി, എച്ച് എസ്, എച്ച്എസ്എസ് | ✓ | | | പുസ്തകലഭ്യക്കുറവ് | ✓ | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 14 | ഗ്രന്ഥശാലകളുടെ ഭൌതിക സൈഹചര്യം മെച്ചപ്പെടുത്തൽ | ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത(E വായന) | പഞ്ചായത്തിലെ ഗ്രന്ഥ ശാല | ✓ | | | ഗ്രന്ഥശാലകളുടെ പുസ്തകങ്ങളടക്കമുള്ള സൌകര്യക്കുറവ് | ✓ | | | | |
| 15 | ടർഫ് ഗ്രൌണ്ട് | ആധുനിക സൌകര്യങ്ങളുടെ അപര്യാപ്തത | വടക്കുമുറി, നമ്പ്രത്ത്കര | ✓ | | | ആധുനിക സൌകര്യങ്ങളുടെ അപര്യാപ്തതമൂലം കുട്ടികള്ക്ക് സൌകര്യമില്ല | ✓ | | | | |
| 16 | പഞ്ചായത്ത് ലൈബ്രറി | വടക്കുമുറി, തത്തംവള്ളി ലൈബ്രറി | വടക്കുമുറി | ✓ | | | വടക്കുമുറി ലൈബ്രറി ഇല്ല, തത്തംവള്ളിപൊയില് | ✓ | | | | |
| 17 | വോളി ബോൾ, ഫുട്ബോൾ അക്കാദമി | ആധുനിക സൌകര്യമുള്ള അക്കാദമിയുടെ കുറവ് | ഫുട്ബോൾ- നടുവത്തൂർ വോളിബോൾ- കീഴരിയൂർ | ✓ | | | ആധുനിക സൌകര്യങ്ങളുടെ അപര്യാപ്തത | ✓ | | | | |

# അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്: കീഴരിയൂർ | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:വിദ്യാഭ്യാസം,യുവജനക്ഷേമം,കല,സംസ്കാരം | | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപ മേഖല | പരിപ്രേക്ഷ്യം(വിക സന ലക്ഷ്യം) | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാ ലാം പഞ്ചവ ത്സര പദ്ധതി യിലെ ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്ന തിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങ ളും | |
| 1 | സ്റ്റേഡിയം നവീകരണം | യുവജനങ്ങളുടെ കായിക ക്ഷമത വർധിപ്പിക്കല് | ആധുനിക സൌകര്യങ്ങളു ടെ അപര്യാപ്തത | സൌകര്യങ്ങളു ടെ അപര്യാപ്തത | ആധുനിക സൌകര്യങ്ങളോടു കൂടിയ കളിസ്ഥലം | | | |
| 2 | നീന്തൽകു ളം നിർമ്മാണം | കുട്ടികൾ ഉൾപ്പെടെ ഉള്ളവർക്ക് നീന്തല് പരിശീലനം | സൌകര്യമുള്ള നീന്തൽക്കുളത്തി ന്റെ അഭാവം | സൌകര്യങ്ങളു ടെ അപര്യാപ്തത | സൌകര്യമുള്ള നീന്തൽകുളം നിർമ്മാണം | | | |
| 3 | നീന്തൽ പരിശീലനം | കുട്ടികൾ ഉൾപ്പെടെ നീന്തൽ പരിശീലിപ്പിക്കുക | പരിശീലന സൌകര്യമില്ലാ യ്മ | പരിശീലന സൌകര്യമില്ലാ യ്മ | പരിശീലന സൌകര്യം ലഭ്യമാക്കുക നീന്തൽ അറിയുന്ന തലമുറയെ വാർത്തെടുക്കുക | | | |
| 4 | sign board school | സ്ക്കൂൾ പരിസരം തിരിച്ചറിയുക | sign board കൾ ഇല്ല | sign board കൾ ഇല്ല | sign board സ്ഥാപിച്ചു അപകടം ഒഴിവാക്കല് | | | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 5 | സാംസ്കാരിക കേന്ദ്രം | സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദി ഒരുക്കുക | സൌകര്യങ്ങൾ ഇല്ല | സൌകര്യങ്ങൾ ഇല്ല | സാംസ്കാരിക പ്രവർത്തനത്തിലൂടെ ഉയർന്ന മൂല്യബോധം ഉണ്ടാക്കുക | | | |
| 6 | കലാപരിശീലനം | ചെണ്ട,നാടൻപാട്ട്,ഉപകരണ സംഗീതം എന്നിവ പുതുതലമുറക്ക് പ്രാപ്തമാക്കുക | നിലവിൽ സൌകര്യങ്ങൾ ഇല്ല | നിലവിൽ സൌകര്യങ്ങൾ ഇല്ല | കലാപരിശീലനത്തിലൂടെ തൊഴിൽ കണ്ടെത്തുക | | | |
| 7 | തുടർവിദ്യാകേന്ദ്രം | പഠിതാക്കൾക്ക് പഠനസൌകര്യം ഒരുക്കുക | സൌകര്യങ്ങൾ കുറവ് | സൌകര്യങ്ങൾ കുറവ് | സാക്ഷര സമൂഹം സൃഷ്ടിക്കുക | | | |
| 8 | മെറിറ്റ് സ്കോളർഷിപ്പ് | കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുക | ലഭ്യമാണ് | ലഭ്യമാണ് | കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കുക | | | |
| 9 | സമഗ്ര വിദ്യാഭ്യാസ പരിശീലന പരിപാടി | കുട്ടികളുടെ സമഗ്രവികസനം | പരിശീലനം ലഭ്യമല്ല | പരിശീലനം ലഭ്യമല്ല | സമഗ്രവ്യക്തിത്വ വികസനം സാധ്യമാക്കുക | | നാലാം ക്ലാസ്സിലെ മിടുക്കരായ 50 കുട്ടികൾക്ക് വ്യത്യസ്ത മേഖലകളിലെ പ്രഗൽഭരെ ഉപയോഗിച്ച് പരിശീലനം നൽകണം തുടർച്ചയായി ഒമ്പതാം ക്ലാസ് വരെ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | പഠനോപകരണ ങ്ങൾ ലഭ്യമാക്കൽ | പിന്നോക്കംനിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണം ലഭ്യമാക്കുക | പഠനോപകരണങ്ങളുടെ അപര്യാപ്തത | പഠനോപകരണങ്ങളുടെ അപര്യാപ്തത | പിന്നോക്കക്കാർക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കി മുൻനിരയിലെത്തിക്കുക | | | |
| 11 | ലബോറട്ടറികൾ കാര്യക്ഷമമാക്കൽ | കുട്ടികൾക്ക് ദൃശ്യശ്രാവ്യമായ മാർഗത്തിലൂടെ പഠനംഫലപ്രദമാക്കുക | ഉപകരണങ്ങളുടെ അപര്യാപ്തത | ഉപകരണങ്ങളുടെ അപര്യാപ്തത | ആധുനിക സൌകര്യങ്ങളോടുകൂടിയ ലബോറട്ടറികൾ | | ശാസ്ത്രം ഗണിതം സാമൂഹ്യശാസ്ത്രം ലാബുകൾ ആധുനികവൽക്കരിക്കുക | |
| 12 | Smart Parent | കുട്ടികളുടെ തുടർപഠനത്തില് രക്ഷിതാവിന്റെ പങ്ക് തിരിച്ചറിയുക | പരിശീലനം ലഭ്യമല്ല | പരിശീലനം ലഭ്യമല്ല | vision ഓടെ പുതിയതലമുറയെ വളർത്തുക | | | |
| 13 | സ്ക്കൂൾ ലൈബ്രറി നവീകരണം | കുട്ടികളെ വായനയുടെ ലോകത്തെത്തിക്കുക | ആവശ്യത്തിന് പുസ്തക ലഭ്യത ഇല്ല | പുസ്തക ലഭ്യത കുറവ് | effective reading | | | |
| 14 | ഗ്രന്ഥശാലകളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ | ലൈബ്രറികളുടെ സൌകര്യം മെച്ചെപ്പെടുത്തുക | ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത | ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത | ആധുനിക വായനാസങ്കേതങ്ങൾ പരിചയപ്പെടുത്തുക | | | |
| 15 | turf grround | ആധുനിക പരിശീലന സൌകര്യം ലഭ്യമാക്കുക | നിലവിൽ സൌകര്യങ്ങൾ ഇല്ല | സൌകര്യങ്ങൾ ഇല്ല | സൌകര്യങ്ങൾ ഒരുക്കുക | | ജീജ അംഗൻവാടിക്ക് സമീപം E K ശ്രീധരൻ സ്മാരക library ക്ക് സമീപം | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16 | പഞ്ചായത്ത് ലൈബ്രറി കെട്ടിടം | വടക്കുംമുറി ഭാഗത്ത് ലൈബ്രറി സൗകര്യം ഒരുക്കുക | നിലവിൽ സൗകര്യങ്ങൾ ഇല്ല | സൗകര്യങ്ങൾ ഇല്ല | സൗകര്യങ്ങൾ ഒരുക്കുക | | വടക്കുംമുറി സ്ഥല ലഭ്യതക്കനുസരിച്ച് വായനക്ക് സൗകര്യമുള്ള library കെട്ടിടം ഉപയോഗിക്കുക | |
| 17 | Vollyball Football Academy | ആധുനിക സൗകര്യത്തോടെ അക്കാദമി സ്ഥാപിക്കുക | നിലവിൽ സൗകര്യങ്ങൾ ഇല്ല | സൗകര്യങ്ങൾ ഇല്ല | ആധുനിക സൗകര്യങ്ങൾ ഒരുക്കുക | | കീഴരിയൂർ volleyball ground നടുവത്തൂർ football ground | |

# അധ്യായം 4

## സംയോജന സാധ്യതകൾ

ചരിത്ര മ്യൂസിയം ആധുനിക 3D ആക്കുന്നതിന് ഗവൺമെന്റിന്റെ സാംസ്ക്കാരിക വകുപ്പിന്റെ സഹായം ഉറപ്പാക്കണം.പഞ്ചായത്ത് സ്റ്റേഡിയം ആധുനിക വൽകരിക്കാന് ബ്ലോക്ക് ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന sports കൌൺസിലിന്റെയും സഹായങ്ങള് ഉറപ്പുവരുത്തണം. Turff ground നിർമ്മാണത്തിന് എല്ലാ പഞ്ചായത്തിന്റെയും സംസ്ഥാന sports കൗൺസിലിന്റെയും സഹായം ആവശ്യമാണ്.

# 13

# ആരോഗ്യം

# അധ്യായം-1

## നിലവിലെ അവസ്ഥ

ജനകീയാസൂത്രണം നടപ്പിലാക്കുന്ന ഘട്ടത്തില് നമ്മുടെ പഞ്ചായത്തില് അലോപ്പൊതി,ഹോമിയോ,ആയുർവ്വേദ ആശുപത്രി വാടകക്കെട്ടിടത്തില് പ്രവർത്തിച്ചുവരികയായിരുന്നു. ആശുപത്രിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങള് ഒരുക്കുന്നതില് ഭരണസമിതിയുടെ ഇടപ്പെടല് നടന്നിട്ടുണ്ട്. കീഴരിയൂരിലെ ജനങ്ങളില് ഭൂരിഭാഗവും കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലിൽ എർപ്പെടുന്നവരാണ്. ഇവരുടെ ആരോഗ്യ പ്രശ്നങ്ങൾ സംരക്ഷിക്കുന്നതില് പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. മാറി വന്ന ഭക്ഷണ രീതി ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളിൽ കാര്യമായി ബാധിച്ചിട്ടുണ്ട്. ജീവിതശൈലി രോഗികളുടെ എണ്ണം നമ്മുടെ പഞ്ചായത്തിലും ക്രമാതീതമായി വർധിച്ചുവരുന്നുണ്ട്. കാൻസർ,കിഡ്നി ഉൾപ്പെടെയുള്ള രോഗങ്ങള് പിടിപ്പെടുന്നവരുടെ എണ്ണവും വർധിച്ചുവരുന്നു. 98% ശതമാനം കുടുംബങ്ങളും പ്രതിരോധ കുത്തിവെപ്പുകൾ സ്വീകരിച്ചവരാണ്. ആയുർവേദം, അലോപ്പതി, ഹോമിയോ ആശുപത്രികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞു. PHC യെ CHC യായി ഉയർത്തുകയും 3 ഡോക്ടർമാർ ഉൾപ്പെടെ 19 ജീവനക്കാർ ഇന്ന് പ്രവർത്തിച്ചുവരുന്നു. 1996 ത് ഒരു ഡോക്ടറും 8 ജീവനക്കാരുമാണ് ഉണ്ടായിരുന്നത്. 2011 മുതല് നമ്മുടെ പഞ്ചായത്തില് പാലിയേറ്റീവ് പ്രവർത്തനം നടത്തിവരുന്നുണ്ട് ഇതുവരെയായി 598 രോഗികള് റെജിസ്റ്റര് ചെയ്തിട്ടുണ്ട്. നിലവിൽ പഞ്ചായത്തില് 32 കാൻസര് രോഗികളും 9 കിഡ്നി രോഗികളും 48 തളർവാതം ബാധിച്ചവരും 5 മാനസിക രോഗികളും 149 പ്രായമായ കിടപ്പുരോഗികളുമാണ് പഞ്ചായത്തില് ഉള്ളത്. നിലവിൽ PHC യിൽ പ്രതിദിനം 210 രോഗികളും ആയുർവേദ ആശുപത്രിയില് 65 രോഗികളും ഹോമിയോ ആശുപത്രികളിൽ 30 രോഗികളും ശരാശരി എത്തുന്നുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കാൻ ആശുപത്രിക്ക് സാധിച്ചിട്ടുണ്ട്. PHC, ആയുർവേദ ആശുപത്രികളിൽ കുടിവെള്ള സൗകര്യം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തിലെ മുഴുവൻ കുട്ടികൾക്കും പ്രതിരോധ കുത്തിവെപ്പുകള് ലഭ്യമാക്കിയിട്ടുണ്ട്.

ആരോഗ്യമേഖലയിൽ പ്രഥമികാരോഗ്യകേന്ദ്രത്തിന് പുറമെ ആയുർവേദ,ഹോമിയോ ഡിസ്പെൻസറികളും നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. മെച്ചപ്പെട്ട രീതിയിൽ മരുന്നു വിതരണം നടത്തുന്നതിനും, ഗൃഹസന്ദർശനം നടത്തി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും പാലിയേറ്റീവ് പ്രവർത്തനങ്ങൾ അലോപ്പതി, ആയുർവേദ, ഹോമിയോ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടും ആരോഗ്യ സംരക്ഷണ യജ്ഞം ജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ശാരീരികവും മാനസികവുമായി ആളുകളിൽ ആരോഗ്യ അവബോധം സൃഷ്ടിക്കാന് യോഗപരിശീലനം നടത്തി വരുന്നു. കീഴരിയൂർ പ്രാഥമികാരോഗ്യകേന്ദ്രം ആർദ്രം പദ്ധതിയിലുൾപ്പടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. സർക്കാറിന്റെ നൂതന പദ്ധതിയായ ജീവതാളം ആരോഗ്യ മേഖലയില് പുത്തനുണർവ് സൃഷ്ടിക്കാന് സാധിച്ചിട്ടുണ്ട്. ജനകീയാരോഗ്യ രംഗത്ത് പഞ്ചായത്തിന് അഭിമാനാർഹമായ നേട്ടം കൈവരിക്കാന് ഇതു വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രശ്നങ്ങള് വിലയിരുത്തല്

- PHC,ആയുർവേദം,ഹോമിയോ ആശുപത്രികളുടെ ഭൗതിക സൗകര്യങ്ങൾ ഇനിയും മെച്ച്പ്പെടുത്തേണ്ടതുണ്ട്.
- ആരോഗ്യ ഉപകേന്ദ്രം 2 എണ്ണം സ്വന്തം കെട്ടിടം ഉണ്ടാവേണ്ടതുണ്ട്.
- PHC ആയുർവേദ ആശുപത്രിക്ക് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്
- ആയുർവേദം ഹോമിയോ ആശുപത്രികളില് യോഗാ സെന്ററിന് സൗകര്യമില്ല
- PHC ആയുർവേദ ആശുപത്രികളില് കിടത്തി ചികിത്സയ്ക്കുള്ള സൗകര്യം ഒരുക്കുക
- കീഴരിയൂർ നിലവില് 3 പാലിയേറ്റീവ് കെയര് പ്രവർത്തിച്ചു വരുന്നു, ഇവയുടെ ഏകോപനമില്ലായ്മ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു
- പാലിയേറ്റാവ് അനുബന്ധ സൗകര്യം ഒരുക്കുക
- PHC യിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ഇല്ല
- നീതി മെഡിക്കൽ സ്റ്റോര് സൗകര്യത്തിന്റെ അഭാവം
- ഹോമിയോ ആശുപത്രി ഭിന്നശേഷി സൗഹൃദമാക്കുക
- ജനസംഖ്യയിൽ കുട്ടികളുടെ എണ്ണം കുറയുകയും വയോജനങ്ങളുടെ എണ്ണം കൂടുകയും ചെയ്യുന്നു.
- വയോജനത്തിന് ആരോഗ്യ മാനസികാരോഗ്യ മേഖലയിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്
- നിപ പ്രളയം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങള് 2018 ല് കോഴിക്കോട് ചങ്ങരോത്ത് പഞ്ചായത്തിൽ പൊട്ടിപുറപ്പെട്ട നിപയുടെ പ്രതിരോധ പ്രവർത്തനങ്ങള് PHC യുടെ സഹായത്തോടെ നടത്താൻ സാധിച്ചു
- 2018 -2019 ലും 2019-2020 ലും കേരളത്തില് പ്രളയങ്ങള് നിരവധി ആരോഗ്യ പ്രശ്നങ്ങളും പ്രളയബാധിതരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റാനും അവരുടെ ആരോഗ്യ കാര്യങ്ങളിലും പ്രത്യേക ശ്രദ്ധ പതിപ്പിക്കാനും കഴിഞ്ഞു.
- മാലിന്യ നിർമ്മാർജ്ജനം,അണുനശീകരണം,കിണറുകൾ ക്ലോറിനേഷൻഎന്നിവ നടപ്പിലാക്കി
- കോവിഡ് പ്രതിരോധ പ്രവർത്തനങ്ങള് തുടര് സഹായ രീതിയില് നടപ്പിലാക്കാന് കഴിഞ്ഞു
- രോഗ ഭീതി ഒഴിവാക്കി ജാഗ്രത പുലർത്താനുള്ള വ്യാപക ബോധവൽക്കരണം നടത്തി
- ഡൊമിസിലറി കെയർ സെന്റര്
- കമ്മ്യൂനിറ്റി കിച്ചൻ
- RRT മാരുടെ സേവനം ഉറപ്പാക്കി
- 80 കഴിഞ്ഞവർക്കും രോഗികൾക്കും പ്രത്യേക ശ്രദ്ധ
- വാക്സിനേഷൻ ഏതാണ്ട് 100% എത്തിക്കാന് കഴിഞ്ഞു
- അലോപ്പതി മരുന്ന് വഴിയുള്ള പ്രതിരോധ പ്രവർത്തനത്തോടൊപ്പം ആയുർവേദം ഹോമിയോ മരുന്നുകളും ലഭ്യമാക്കി

**2025-26 വാർഷിക പദ്ധതിയില് നടപ്പാക്കി വരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ**

തദ്ദേശഭരണ സ്ഥാപനത്തിൻറെ പേര്: കീഴരിയൂർ　　　　വർക്കിംഗ് ഗ്രൂപ്പിന്റെ പേര്: ആരോഗ്യം

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് പേര് | SO/ NEW | GEN/SCSP/TSP | ലക്ഷ്യം | | നേട്ടം | | പ്രോജക്ടിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|---|---|---|
| | | | | | സാമ്പത്തികം | ഭൌതികം | സാമ്പത്തികം | ഭൌതികം | |
| 1 | 32 | ആയുർവേദ മരുന്ന് വാങ്ങൽ | NEW | GEN | 400000 | ആയുർവേദ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക | 400000 | ആയുർവേദ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുക | നടപ്പിലാക്കി |
| 2 | 14 | പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ | NEW | GEN | 250000 | പിഎച്ച്സിയിലേക്ക് മരുന്ന് ലഭ്യമാക്കൽ | 250000 | പിഎച്ച്സിയിലേക്ക് മരുന്ന് ലഭ്യമാക്കല് | നടപ്പിലാക്കി വരുന്നു |
| 3 | 4 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | NEW | GEN | 100000 | ഹോമിയോ മരുന്ന് ലഭ്യമാക്കൽ | 100000 | ഹോമിയോ മരുന്ന് ലഭ്യമാക്കൽ | നടപ്പിലാക്കി വരുന്നു |
| 4 | 5 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | NEW | GEN | 300000 | മൃഗാശുപത്രിക്ക് മരുന്ന് ലഭ്യമാക്കൽ | 300000 | മൃഗാശുപത്രിക്ക് മരുന്ന് ലഭ്യമാക്കൽ | നടപ്പിലാക്കി |
| 5 | 54 | ജീവതാളം | NEW | GEN | 200000 | ജീവിതശൈലീരോഗനിർണ്ണയം | 100000 | ജീവിതശൈലീരോഗനിർണ്ണയം | നടപ്പിലാക്കി വരുന്നു |

# അധ്യായം 2

## വികസനത്തിലെ നിലവിലുള്ള വിടവുകൾ,പ്രധാന വെല്ലുവിളികൾ,പ്രശ്നങ്ങളും കാരണങ്ങളും പരിഹാരമാർഗങ്ങളും കണ്ടെത്തുന്നതിനുള്ള പ്രശ്ന വിശകലനം

| പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും ഫോറം 6 | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് കീഴരിയൂര് | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് ആരോഗ്യം | | | | | |
| | | | | പ്രശ്നത്തിന്റെ തീവ്രത | | | | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ പരിഹരിക്കുന്നതിന് നിലവിലെ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന / ഏറ്റെടുക്കേണ്ടതായ പ്രവർത്തനങ്ങള് എന്തെല്ലാം | | | |
| ക്രമ നം. | മേഖല/ഉപ മേഖല | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം/ വിഭാഗം | ലഘുതരം | ഗുരുതരം | അതീവ ഗുരുതരം | പ്രശ്നത്തിനുള്ള കാരണങ്ങൾ / വെല്ലുവിളികൾ | ത്ദേശ ഭരണ സ്ഥാപനത്തിൽ | ഇതര തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ | സർക്കാര് തലത്തിൽ | സർക്കാറിതര തലത്തിൽ |
| 1 | വികസനം-ഭൌതിക സൌഹചര്യം | ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത | പഞ്ചായത്ത് പ്രദേശം | ✓ | □ | | ആംബുലൻസ് തുടങ്ങിയ വാഹനങ്ങളുടെയും ഉപകരണങ്ങളുടെയും അപര്യാപ്തത | □ | | ✓ | |
| 2 | ആശുപത്രികളിൽ ആധനിക സൌകര്യങ്ങൾ | ആധനിക സൌകര്യങ്ങളുടെ അപര്യാപ്തത | പഞ്ചായത്ത് പ്രദേശം | ✓ | □ | | ആശുപത്രികളുടെ സൌകര്യങ്ങളുടെ അപര്യാപ്തത | ✓ | ✓ | ✓ | |
| 3 | വയോജന പരിപാലന പരിപാടി | വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ഭാഗികമായി മാത്രം ലഭ്യം | പഞ്ചായത്ത് പ്രദേശം | ✓ | □ | | വയോജനങ്ങൾക്ക് സംരക്ഷണവും സേവനവും ലഭ്യമാക്കൽ | ✓ | | ✓ | |

## അധ്യായം 3

## 2025-26 ലെ വികസന ലക്ഷ്യങ്ങളും അവ കൈവരിക്കുന്നതിനുള്ള തന്ത്രങ്ങളും

| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്കീഴരിയൂര് | | | | | | വർക്കിംഗ് ഗ്രൂപ്പിന്റെ പേര്:ആരോഗ്യം | | |
|---|---|---|---|---|---|---|---|---|
| ക്രമ നം. | മേഖല/ഉപ മേഖല | പരിപ്രേക്ഷ്യം | വികസന ലക്ഷ്യം | സൂചിക | ഇപ്പോഴത്തെ അവസ്ഥ | ദീർഘകാല ലക്ഷ്യം | പതിനാലാം പഞ്ചവത്സര പദ്ധതിയിലെ ലക്ഷ്യം | പതിനാലാം പദ്ധതിയിലെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉദ്ദേശിക്കുന്ന തന്ത്രവും പ്രവർത്തനങ്ങളും |
| 1 | ഭൌതിക സാഹചര്യ വികസനം | ആംബുലൻസ് ഉൾപ്പെടെയുള്ള ആശുപത്രി അനുബന്ധ ഉപകരണം ലഭ്യമാക്കൽ | രോഗികൾക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പ് വരുത്തുക | | ഇപ്പോഴത്തെ അവസ്ഥയിൽ ഇല്ല | ആംബുലൻസ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഉറപ്പുവരുത്തുക | ഗവ:സഹായത്തോടെ ഭൌതിക സാഹചര്യം ഉറപ്പു വരുത്തുക | |
| 2 | ആശുപത്രികളിൽ ആധുനിക സൌകര്യങ്ങൾ | രോഗികൾക്കും പ്രദമായ ചികിത്സ സൌകര്യം ഉറപ്പാക്കുക | | സൌകര്യങ്ങൾ ഭാഗികമാണ് | ഭാഗിക സൌകര്യങ്ങൾ | രോഗികൾക്ക് ഫലപ്രദമായ ചികിത്സ ലഭ്യത ഉറപ്പാക്കൽ | ഗവ:സഹായത്തോടെ ഫലപ്രദ ചികിത്സ സൌകര്യം ലഭ്യമാക്കൽസ്ഥാപിക്കൽ | |
| 3 | വയോജന പരിപാലന പരിപാടി | വയോജനങ്ങൾക്ക് ആവശ്യമായ തരത്തിലുള്ള സേവന പരിപാലനങ്ങൾ ലഭ്യമാക്കുക | വയോജനസംരക്ഷണവും സഹായവും ലഭ്യമാക്കൽ | വയോജന പരിപാലന പരിപാടി ഇല്ല | ഇല്ല | വയോജന സൌഹൃദ പഞ്ചായത്താക്കി മാറ്റുക | ഗവ:സഹായത്തോടെ വയോജനസഹായ കേന്ദ്രങ്ങൾ സ്ഥാപിക്കൽ | |
| 4 | ഗാർഹിക മാലിന്യ സംസ്ക്കരണം | മാലിന്യമുക്ത ഗാർഹിക പരിസരവും പഞ്ചായത്തും സൃഷ്ടിക്കുക | | ഭാഗികമായ മാലിന്യ സംസ്കരണം | ഭാഗികം | മാലിന്യ മുക്ത പഞ്ചായത്ത് | മാലിന്യ മുക്ത പഞ്ചായത്ത് | |

## അധ്യായം-4

## സംയോജന സാധ്യതകൾ

- കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും ത്രിതലപഞ്ചായത്തുകളുടെയും ഏകോപനത്തോടെയുള്ള പദ്ധതികൾ
- കുടുംബാരോഗ്യ കേന്ദ്രം കിടത്തി ചികിത്സക്ക് കഴിയുന്ന രീതിയില് ഉയർത്തുക
- ആയുർവേദ അലോപ്പതി ആശുപത്രികളില് ജലലഭ്യത ഉറപ്പുവരുത്തുക
- മാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുക